

# UNION CHRISTIAN COLLEGE MAGAZINE 1978/79

UNION CHRISTIAN COLLEGE
ALWAYE-2 KERALA

UNION CHRISTIAN COLLEGE LIBRARY
ALWAYE-2 KERALA

യൂണിയൻ ക്രിസ്ത്യൻ കോളേജ് വാർഷികോപഹാരം എഴുപത്തിഎട്ട്-എഴുപത്തിഒമ്പത്

പത്രാധിപസമിതി

ഡോ: ഒ എം മാത്തൻ (പ്രിൻസിപ്പാൾ)
പി എ ഡേവീസ് (ചെയർമാൻ)
ജോസഫ് അഗസ്റ്റിൻ (ജന: സെക്രട്ടറി)
എ ഗോപിനാഥൻ
എ എം ഗീവർഗീസ്
പി സി കോശി
എം എം പൗലോസ്
അബ്ദുൽ കരീം
പ്രതിഭ കെ വർമ്മ
അബ്ദുൽ റസ്സാക്ക് (ചീഫ് എഡിറ്റർ)
മുഖചിത്രം: അലോഷ്യസ്
ചിത്രീകരണം: രാജീവ്, മോനായി, അലോഷ്യസ്

UNION CHRISTIAN COLLEGE LIBRARY
ALWAYE-2 KERALA



തുടക്കം......

കാളവണ്ടി നിയന്ത്രിച്ചിരുന്ന കൈകറംകൊണ്ട് ഇന്ന് ആകാശഗോളങ്ങളെടുത്ത് അമ്മാനമാടുന്നു.

ഇടവപ്പാതിയും തുലാവർഷവും നോക്കിയിരിക്കുന്നവന്റെ കൈക്കോട്ട് കീറിയചാലിൽ വെള്ളം നിറയുന്നു.

പുരോഗമനം ഉണ്ടായിട്ടില്ലേ?

നാം മുന്നോട്ട് പോയിട്ടില്ലേ?

നമ്മുടെ മുന്നിൽ ഭിലായിയും ബൊക്കാറൊയുമുണ്ട്. കൂററൻ ഇടുക്കി അണക്കെട്ടുണ്ട്. കാശ്മീർ തടാകത്തിൽ പുതിയ നൗകകളുണ്ട്. എയർകണ്ടീഷൻറ് തീയേററുകളുണ്ട്. പത്രം വായിക്കുന്ന അച്ഛൻ കുട്ടിക്ക് കൈചൂണ്ടി കാണിച്ചുകൊടുക്കും. അതാ......മോനേ..... ആര്യഭട്ട......

സമാധാനത്തിന് വേണ്ടിയാണെങ്കിലും നമ്മുടെ നാട്ടിലും അണുബോംബ് വിസ്ഫോടനമുണ്ടായില്ലേ.....

ഈ ജനാധിപത്യ മതേതരത്വ രാഷ്ട്രത്തെ ഒന്നുകൂടി സൂക്ഷിച്ചുനോക്കൂ......

വിലകുറഞ്ഞ പൗഡറുംപൂശി സന്ധ്യക്കശേഷം ചിരിക്കുന്ന സുന്ദരികൾ. തമ്പുപിടിച്ച വയററത്തടിച്ച് പാട്ടുപാടി ചൊററി പിടിച്ച കൈനീട്ടുന്ന പിള്ളേർ. (ഇവരിൽനിന്നും നാം ബില്ലമാരേയും രംഗമാരേയും കണ്ടെത്തുന്നു.) വഴിയരികിൽ തൂങ്ങിനിന്നും, കൈ തലയുടെ പിന്നിൽ ചൊറിഞ്ഞും മേലാളിനോട്

ബഹുമാനം കാണിക്കേണ്ടവർ, കീറിയ ചാക്കിൽ ഉറങ്ങാൻ കിടക്കുമ്പോഴും വിധിയെ പഴിക്കുന്നു. ഇവർക്കുവേണ്ടി തലയുള്ളവർ ആസൂത്രണംചെയ്യുന്ന പദ്ധതികളും, പരിപാടികളും ഉറങ്ങുന്ന കറുത്ത ഫയലുകൾക്കപ്പുറത്ത് അഭ്യസ്തവിദ്യർ തെരുവു ശുചിയാക്കുന്നു. (അത് രാഷ്ട്രപുനർനിർമ്മാണാത്മകമാണല്ലോ...... ഇല്ലെങ്കിൽ പകർച്ചവ്യാധി......)

തേയിലത്തോട്ടങ്ങളിൽ തേയിലനുള്ളുന്ന സുന്ദരികളായ പണിക്കാരത്തികളെ നോക്കി ഉടമസ്ഥരും കുടുംബവും ചൂളമടിക്കുന്നു......

പിറ്റേന്ന്...... അടുത്തുള്ള പുഴയിൽ നിന്നോ, കരിഞ്ഞ വിറകിൻ കൊള്ളികൾക്കിടയിൽ നിന്നോ ഇരുപത് വയസ്സെത്തിയ അവളുടെ ശവം കിട്ടുന്നു. കറുത്തഫ്രെയിമുള്ള കണ്ണടവെച്ച കറുത്തകോട്ടിട്ട നിയമം ആയിരം കുറ്റവാളികളെ പുറത്തുവിടുന്നു, ഒരു നിരപരാധിയെത്തേടി.

സദാചാരത്തിന്റെ തറവാട്ടുമുറ്റത്ത് നിൽക്കുന്നവർ പറയും. ''നിങ്ങൾ പിള്ളേരല്ലെ..... നിങ്ങളെന്തിനാ ഇതൊക്കെ പറഞ്ഞുനടക്കുന്നത്......നിങ്ങൾക്ക് പഠിച്ചാൽപോരെ......?

ഐൻസ്റ്റീന്റെ തിയറി പറഞ്ഞാൽ റേഷൻകടക്കാരൻ അരി തരില്ല...... വേഡ്സ്വർത്തിന്റെ കവിത ചൊല്ലിയാൽ അമ്മയ്ക്കുള്ള മരുന്ന് കിട്ടില്ല.....

പ്രേതങ്ങളെപ്പോലെ ജീവിക്കാൻ വിധിക്കപ്പെടുന്നവർ ഒരല്പസമയം തലചായ്ക്കാൻ കൊതിക്കുന്നു. ശാന്തിയും, സൗഖ്യവും വാഗ്ദാനം ചെയ്യുന്ന പുണ്യസങ്കേതങ്ങൾ യക്ഷിപ്പറമ്പുകളെ ഓർമ്മിപ്പിക്കുന്നു. മതങ്ങളെഴുതിയ സംഹിതകളിൽ തെരുവിലെ ചോരപ്പാടുകൾ നീളുകയും, ദൈവങ്ങളെ കോടതി നിശ്ചയിക്കുകയും ചെയ്യുന്നു. വിശ്വാസികളുടെ നൊമ്പരം തീർക്കാൻ എരിഞ്ഞുതീരുന്ന മെഴുകുതിരിക്കാലുകൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ലെന്നും ഞങ്ങൾ, പാവം വിദ്യാർത്ഥികൾ, അറിയുന്നു...... ഒന്നുകൂടി വണ്ടി വലിക്കുന്നവരേയും, വഞ്ചി ഊന്നുന്നവരേയും നികുതിപ്പണംകൊണ്ട് ഞങ്ങൾ പഠനം പൂർത്തിയാക്കുന്നു. പുസ്തകങ്ങൾ തുറക്കുമ്പോൾ മതിലുകൾക്കപ്പുറത്തുനിന്ന് അവരുടെ തളർന്ന ശബ്ദം ഞങ്ങൾ കേൾക്കുന്നു. അപ്പോഴും വരികളിൽ തെളിഞ്ഞു കണ്ടു.....

'ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന, ജനങ്ങളാൽ ഭരിക്കപ്പെടുന്ന.....' അപ്പോഴും അവരുടേതു കൂടിയാണ് ഇന്ത്യ...... അല്ലേ...... എങ്കിൽ!!.....

മോർച്ചറിയിലെ ഇന്ത്യയെ ഞങ്ങൾ കാണുന്നു. നമ്മുടെ ഇളംപച്ച സർട്ടിഫിക്കറ്റുകൾ നമുക്ക് കണ്ണ് പൊത്താനുള്ളതല്ല. കണ്ണുതുറന്ന് എല്ലാം കാണണം. നമ്മുടെ കടലുകൾക്കും, പർവ്വതങ്ങൾക്കും അപ്പുറത്ത് സുഗന്ധ പരിമളത്തിന്റെ മന്ദമാരുതൻ വീശുന്നു. 'അപ്പം എന്നാൽ എന്ത്?' എന്നറിയാത്തവർ കൈകളുയർത്തിയപ്പോൾ സിംഹാസനങ്ങൾ തകർന്നു. അവർ അവരുടേതായ ഭരണം സ്ഥാപിച്ചു. അവിടെ സർക്കാരാശുപത്രിയിലെ കട്ടിലിനടിയിൽ കിടന്നു പ്രസവിക്കുന്ന സ്ത്രീകളില്ല. അകത്തിരുന്ന് നരയ്ക്കുന്ന കന്യകമാരില്ല......

ഇനി നമ്മുടെ വഴിയേത് എന്ന് തെളിഞ്ഞുവല്ലോ. നമുക്ക് വിശക്കുന്ന മനുഷ്യരോടൊപ്പം യാത്ര ചെയ്യാം. നമ്മുടെ വഴിയിൽ ചത്തുപോയ രാജാക്കന്മാരാരും തണൽ വൃക്ഷങ്ങൾ നട്ടില്ല. അവിടെ കരിമ്പൂച്ചകളുറങ്ങുന്ന ജയിലറകളും, വിലങ്ങുകളുമെയുള്ളു. ആശയത്തിന് മുന്നിൽ ആവേശത്തിന് മുന്നിൽ അവ ഞെരിഞ്ഞ് തകരും...... ഇവിടെയും വസന്തത്തിന്റെ കുയിൽക്കിളികൾ പാട്ടുപാടും.

സംതൃപ്തിയോടെ ഈ മാഗസിൻ നിങ്ങളുടെ കൈകളിൽ ഏൽപ്പിക്കുന്നു. അവസാന താളും മറിച്ചുകഴിയുമ്പോൾ നിങ്ങളുടെ മുഖത്ത് വെളിച്ചം തെളിഞ്ഞുവോ......

എങ്കിൽ ഇതിനുപിന്നിൽ പ്രവർത്തിച്ചവർ കൃതാർത്ഥരായി.

സ്നേഹത്തോടെ,
അബ്ദുൾ റസാക്ക്
ചീഫ് എഡിറ്റർ

# principal's message



Change is an inescapable part of life. It accompanies us from the time we were born to the moment we die. Sometimes we long for it; sometimes we resist it. But through it all, the challenge is to live for eternal values in the midst of a world that is rapidly passing away. In the last 30 years of my career as a teacher I have experienced tremendous changes. There have been great changes in the attitude and outlook of students, teachers and parents. There have been great changes in the concept of moral values, discipline and sense of commitment.

Abraham Lincoln in one of his addresses referred to the profound and tempering effect that change can have upon people. He told the story of a Monarch who gave his counsellors an assignment to come up with a truth that would apply to all times and situations. After careful consideration they returned with this sentence. "And this too shall pass away". Lincoln then said "How much it expresses! How chastening in the hour of pride! How consoling in the hour of affliction!"

When we understand that change can be a stimulus to our growth, it can do good in us. Only when it overwhelms us to the point of bitterness or pride, are we in danger. Let us therefore remember the words of the counsellors of the Monarch "this too shall pass away" and take all changes as a challenge.

I congratulate the Chief Editor for presenting this magazine that contains several readable articles. I also convey my gratitude to the staff members who helped the editor in his efforts.

Dr. O. M. MATHEW



## എം. ജി. ചന്ദ്രചൂഡൻ

യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ

കേരള യൂണിവേഴ്സിറ്റി യൂണിയന്റെ ഈ വർഷത്തെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട, നമ്മുടെ കോളേജിലെ വിദ്യാർത്ഥിയായ ശ്രീ. എം. ജി. ചന്ദ്രചൂഡന് ഞങ്ങൾ അഭിവാദനങ്ങൾ നേരുന്നു. അദ്ദേഹം യൂണി: യൂണിയനെ പൊരുതുന്ന സമരവേദിയാക്കിത്തീർക്കുമെന്ന് നമുക്കാശിക്കാം; ഒപ്പം കലാസാംസ്കാരിക രംഗത്ത് ഗണ്യമായ നേട്ടങ്ങൾ കൈവരിക്കുമെന്നും! പത്രാധിപസമിതി

കവിത മരണഗാനംവേണുവിമൂന്നാംവർഷധനതത്വശാസ്ത്രം ഊഷ്മിളസുധീഷ് മൂന്നാംവർഷസസ്യശാസ്ത്രം കറുത്തസൂര്യൻമുഹമ്മദ്ഒന്നാംവർഷധനതത്വശാസ്ത്രം നിമിഷംതോമസ്വിഎംമൂന്നാംവർഷസസ്യശാസ്ത്രം നിന്നിൽമറക്കാൻമാത്രം കരുണാകരപിഷാരടിഒന്നാംവർഷചരിത്രം കഥ ഉദാഹരണങ്ങൾസുന്ദർ രാജൻ കീഴടക്കിയവൻരാജീവ്ടിഎസ്ഒന്നാംവർഷഊർജ്ജതന്ത്രം സിംഹാസനംതേടുന്നവർദിലീപ്എംകെമൂന്നാംവർഷസസ്യശാസ്ത്രം ഋതുഭേദങ്ങൾക്കപ്പുറംബാലഗോപാൽഎസ്ഒന്നാംവർഷഇംഗ്ലീഷ് വൃക്ഷഗാഥ കൃഷ്ണകുമാർഎഎസ്രണ്ടാംവർഷമനശ്ശാസ്ത്രം പാതയുടെഅന്ത്യംജോസ് ഫിലിപ്പ്എംമൂന്നാംവർഷമലയാളം വിധിദിനംകാത്ത്മോഹനൻടിവി രണ്ടാംവർഷധനതത്വശാസ്ത്രം ലേഖനം അരാഷ്ട്രീയവാദംഒരുസാമൂഹ്യ വിപത്ത്പിആർരഘുമൂന്നാംവർഷധനതത്വശാസ്ത്രം ബോധനമാധ്യമംസാജിരണ്ടാംവർഷപ്രീ-ഡിഗ്രിഒന്നാംഗ്രൂപ്പ് സൗരോർജ്ജ വേലായുധൻ നായർടിമൂന്നാംവർഷഊർജ്ജതന്ത്രം നളിനിഒരുപരാജയപ്പെട്ടകാവ്യംശരത് ചന്ദ്രൻഒന്നാംവർഷമലയാളം കലയുംയൂട്ടിലിറ്റിയുംപൗലോസ്അരീക്കൽ ഒന്നാംവർഷമലയാളം ബസ്സുയാത്രജയശ്രീടിആർരണ്ടാംവർഷമനശ്ശാസ്ത്രം കലയുംകലാകാരനുംഅലോഷ്യസ്രണ്ടാംവർഷമലയാളം പി ജെആൻറണി അഭിമുഖസംഭാഷണം ഞങ്ങൾ അസംതൃപ്തരാണ് സർവ്വേറിപ്പോർട്ട് ഹാസ്യം ഉദ്ഘാടകൻെറഉപോദ്ഘാതംകെഎൻഷാജി മൂന്നാം വർഷചരിത്രം english tommorrow there will be more of them praveen j philip class II psychology rain jeemon joseph jr. pre-degree when the spring comes javalakshmi s II msc life is a fraud beware of it muraleedharan-nair j II m sc journey chacko eapen III d c scientist before christ babu a c I d c hindi adhunik siksha pranali thomas a t mera jeevan ka eak ghadana ranjith n s I I d c swathamthra bharat mem siksha □

# അന്താരാഷ്ട്ര ശിശുവർഷം

അന്താരാഷ്ട്ര വനിതാവർഷത്തിനുശേഷം ലോകം ശിശുവർഷം ആഘോഷിക്കുന്നു. ശിശുക്കളോട് നമ്മളും ആഘോഷങ്ങൾ നടത്തി നീതി പുലർത്താൻ ശ്രമിക്കുന്നു. മണ്ഡലം പൂജയും പെരുന്നാളുകളും കൊണ്ടാടുന്ന അതേ വികാരത്തോടെ നാം ശിശുവർഷത്തിന്റെ കൊടിയേററം നടത്തുന്നു. കണ്ണീർപോലും വററിയുണങ്ങിയ അസ്ഥികൂടങ്ങളുടെ കുഴിഞ്ഞ കണ്ണുകളിൽ നോക്കി സമീകൃതാഹാരത്തെക്കുറിച്ചും വിശ്രമസമയങ്ങളിലെ വിനോദങ്ങളെക്കുറിച്ചും നെടുനെടുങ്കൻ പ്രസംഗങ്ങൾ കേൾക്കുന്നു, നമ്മുടെ കുട്ടികൾ തെരുവുതിണ്ണയിലേക്കും ബസ്സ്റ്റാൻറിലേക്കും തിരികെ നടക്കുന്നു.

സംക്രമപ്പുലരിയിലെ കണിക്കൊന്നപ്പൂവിനെപോലെ ചിരിക്കുന്ന കുട്ടികളെകണ്ടോമനിക്കാൻ നമ്മുടെനാട് ഇനിയും എത്രവർഷം കാത്തിരിക്കണം?

നന്ദി

ലേഖകർക്കും പരസ്യക്കാർക്കും
എസ്സ്. എൻ. ട്രസ്റ്റിലെ [illegible]
മററു സഹപ്രവർത്തകർക്കും

# ക്ഷീണശമനം



അകലെയാകാശപ്പടവുകൾ താണ്ടി –
യവരതാ, പന്തം കൊളുത്തി നീങ്ങുന്നു.
ചുണ്ടിൽപ്പുഞ്ചിരിത്തിരിയും നെഞ്ചിലൊ–
രെരിതീപ്പാട്ടുമായ് പോകുന്നു.
മുന്നിലായച്ഛൻ കൂർത്ത കൈകളാ–
ലത്തിവെട്ടികൾ താങ്ങുന്നു.
ഇവിടെ ജീവന്റെ പതറും വേദന
നിറയുമാത്മാക്കൾ പൊരിയുന്നു.
വരണ്ടതൊണ്ടയിലൊരുരാമായണ–
ക്കദനംവന്നെത്തി നീറുന്നു.
ഇടനെഞ്ചിൽ കട്ടം കദനദീപ്തികൾ
പടയണിത്താളം തുവുന്നു.
ബധിരസന്ധ്യതൻ കിണററിലായേതോ,
മഹാദുഃഖം കയിൽമീട്ടുന്നു.
ചെറുതീണ്ടാനാഴികരുന്നുകൾ വെയിൽ–
ക്കരുണകളേററു മങ്ങുന്നു.
ഹൃദയം നീറുന്ന കൊട്ടം കിനാവുക–
ളിടിവെട്ടായ് ചാടിയണയുന്നു.
അരഞ്ഞാണം, പെട്ടെന്നൊരു കരിംപാമ്പിൻ
ചുവന്ന നാവുമായ് നീളുന്നു.
നിബിഡമാമേതോ, കരിയിലക്കാടിൻ
കരിളുടായ്ത്തീർന്നൂ, നെഞ്ചകം. |
പിടക്കും നെഞ്ചുമായൊരു സിദ്ധാർത്ഥൻ ത–
ന്നരുമയോടവസാനമായ്,
വിടചോദിക്കുന്ന ശോകരംഗത്തിൻ
കടംടയുന്നു, നീളെയായ്.
അകലെയാകാശപ്പടവുകൾ താണ്ടി–
യവരതാ, പന്തംകൊളുത്തി നീങ്ങുന്നു.

**വേണു വി.**

# അരാഷ്ട്രീയവാദം - ഒരു സാമൂഹ്യ വിപത്ത്

പി ആർ രഘു

എല്ലാം അർത്ഥത്തിലും സംഭവബഹുലമായ ഈ ശതകത്തിന്റെ മുഖ്യമായ സവിശേഷത സോഷ്യലിസ്റ്റാശയങ്ങളുടെയും സോഷ്യലിസ്റ്റ് സമൂഹ്യവ്യവസ്ഥയുടെയും വിശ്വവ്യാപകമായ മുന്നേററമാണ്. 1917-ൽ റഷ്യയിൽ നടന്ന ഒന്നാമത്തെ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷമുള്ള 62 വർഷങ്ങൾക്കുള്ളിൽ ലോകത്തിന്റെ മൂന്നിലൊന്നുഭാഗത്ത് (ലോകജനതയുടെ മൂന്നിലൊന്നധിവസിക്കുന്നതും അവിടെ തന്നെയാണ്) ചൂഷണരഹിതമായൊരു ജീവിതക്രമം നിലവിൽ വന്നുകഴിഞ്ഞു. സോവിയററ് യൂണിയൻ, ജനകീയ ചൈന, വിയററ്നാം, ക്യൂബ, മംഗോളിയ, കൊറിയൻ ജനാധിപത്യ റിപ്പബ്ലിക് എന്നിവിടങ്ങളിലും കിഴക്കൻ യൂറോപ്പിലെ ചെക്കോസ്ലാവാക്യ, യുഗോസ്ലാവ്യ, ഹംഗറി, പോളണ്ട്, ബൾഗേറിയ, റുമേനിയ, ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്, അൽബേനിയ എന്നിവിടങ്ങളിലും സോഷ്യലിസ്റ്റ് വ്യവസ്ഥ ഉറച്ചുകഴിഞ്ഞെങ്കിൽ 1970-കളിൽ വിമോചിതമായ ഗിനിബിസാവു, അംഗോള, മൊസാംബിക്, ലാവോസ്, കമ്പൂച്ചിയ, ദക്ഷിണയമൻ എന്നിവ അതിവേഗം സോഷ്യലിസത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയുൾപ്പെടെ ലോകത്തിന്റെ മററു ഭാഗങ്ങളിൽ ഏറിയും കുറഞ്ഞും അതിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങൾ അഗ്നിപരീക്ഷണങ്ങളതിജീവിച്ച് വളർന്നുകൊണ്ടിരിക്കുന്നു. സോഷ്യലിസത്തിന്റെ ആശയങ്ങൾക്കും ശക്തികൾക്കാണ് ഇനിയുള്ള കാലത്ത് ഭാവിയുള്ളതെന്നതിനാൽ, തീർച്ചയായും ഇന്നല്ലെങ്കിൽ നാളെ ലോകം മുഴുവൻ സോഷ്യലിസത്തിൻ കീഴിൽവരും. കാരണം, അതിനു മാത്രമേ സമൂഹത്തിന്റെ അടിസ്ഥാന ജീവിതാവശ്യങ്ങൾ—കഴിക്കാൻ ആഹാരം, ഉടുക്കാൻ വസ്ത്രം, അധിവസിക്കാൻ വീട്, തൊഴിലെടുക്കുന്നതിനും ഉത്തമപൗരനായി വളരുന്നതിനുമുള്ള വിദ്യാഭ്യാസം, സുഖക്കേട് വരുമ്പോൾ വൈദ്യസഹായം എന്നിവ—നിറവേററാനാവൂ.

അതുകൊണ്ടുതന്നെ ചൂഷണവ്യവസ്ഥകളുടെ—ഇന്ത്യയിലാണെങ്കിൽ മുതലാളിത്തത്തോടൊപ്പം ജന്മിത്വത്തിന്റെയും—അനിവാര്യമായ നാശത്തെക്കുറിച്ച് സോഷ്യലിസ്റ്റുകാരെപ്പോലെതന്നെ ബോധവാന്മാരാണ് ചൂഷകവർഗ്ഗവും. അതിനെ കഴിയാവുന്നിടത്തോളം വച്ചു താമസിപ്പിക്കുവാനും വിപ്ലവശക്തികളെ പിന്നോട്ടടിപ്പിക്കുവാനും മുതലാളിത്തത്തിന്റെ സാമ്പത്തിക ശാസ്ത്രജ്ഞന്മാരും, ദാർശനികരും, രാഷ്ട്രമീമാംസകരും അനവധി സിദ്ധാന്തസംഹിതകളും വാദമുഖങ്ങളും മെനഞ്ഞെടുത്തിട്ടുണ്ട്. അവ മുഖ്യമായും സാമൂഹ്യപരിവർത്തനത്തിനായുള്ള സമരത്തിന്റെ മുഖ്യധാരയിൽവരേണ്ട ജനവിഭാഗങ്ങളെ അതിൽ നിന്നകററാനുള്ള അടവുകളാണ്. അവയിൽ അരാഷ്ട്രീയവാദത്തെക്കുറിച്ചുള്ള ഒരു പരിശോധന തികച്ചും പ്രാധാന്യമർഹിക്കുന്നു.

വിദ്യാർത്ഥികൾ വർഗ്ഗത്തിൽ ഒരെ ന്നംഭിനമുള്ള പുരോഗമന രാഷ്ട്രീയ പ്രവർത്തനങ്ങളിലും നിത്യജീവിതത്തെ ദുരിതമയമാക്കുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള സമരങ്ങളിലും പങ്കെടുത്തുകൊണ്ടിരിക്കുന്ന ഇക്കാലത്തുപോലും അവ ഇന്നത്തെ വ്യവസ്ഥിതിയുടെ നേർക്കുള്ള വെല്ലുവിളികളായതിനാൽ അരാഷ്ട്രീയവാദികൾ തങ്ങളുടെ വളച്ചുറ്റുള്ള ലക്ഷ്യമായി തിരഞ്ഞെടുത്തിട്ടുള്ളത് വിദ്യാഭ്യാസ രംഗത്തെയാണ്. വളർന്നുവരുന്ന യുവതലമുറയെ നിലനിൽക്കുന്ന ചൂഷണവ്യവസ്ഥയുടെ സംരക്ഷകരായി വളർത്തിയെടുക്കുകയെന്ന ബോധപൂർവ്വമായ കരുപ്പാടാണ് ഇതിനു പിന്നിലുള്ളത്. ഇവിടെ സ്ഥാപിത താല്പര്യക്കാരും അവരുടെ വാടകക്കെടുത്ത പിണിയാളുകളും അരാഷ്ട്രീയവാദത്തിന്റെ മുഖംമൂടിയണിഞ്ഞുകൊണ്ടാണ് പിന്തിരിപ്പൻ തത്വശാസ്ത്രങ്ങൾ പ്രചരിപ്പിക്കുന്നതും അതിനായി പലപേരുകളിലുമുള്ള 'സാംസ്കാരിക' വേദികളുണ്ടാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. വിദ്യാർത്ഥികൾ രാഷ്ട്രീയ, സംഘടനാ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതും അത് സംഘടിപ്പിക്കുന്നതും അവരുടെ വിദ്യാഭ്യാസഭാവിയെ 'അപകട'പ്പെടുത്തുമെന്നാണ് ഇക്കൂട്ടരുടെ പ്രധാന പ്രചരണം. ശാസ്ത്രീയമായ സാമൂഹ്യശാസ്ത്രപഠനം നടത്തുന്നതിനെയും, രാഷ്ട്രീയമായി ചിന്തിക്കുന്നതിനെയും, തങ്ങൾക്ക് ശരിയെന്നു തോന്നുന്ന പാതയവലംബിച്ച് വിദ്യാർത്ഥികൾ പ്രവർത്തനരംഗത്തിറങ്ങുന്നതിനെയും മുതലാളിത്തമേധാവികളും ഭരണാധികാരികളും ഭയപ്പെടുന്നുവെന്നുള്ളത് സ്വാഭാവികമാണ്. കാരണം, ആത്യന്തികമായി അവയൊക്കെ ഇന്നത്തെ വ്യവസ്ഥിതിയുടെ നാശത്തിന് വേഗത കൂട്ടുകയേ ഉള്ളൂ. വിദ്യാർത്ഥികൾ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നൊഴിഞ്ഞു നില്ക്കണമെന്നാവശ്യപ്പെടുന്ന ഇവർ ജന്മി-മുതലാളിത്ത വ്യവസ്ഥക്കും അതു് ഭൂരിപക്ഷത്തിനു വരുത്തിവെച്ച ദുരന്തങ്ങൾക്കുമെതിരായി വിദ്യാർത്ഥികൾ പ്രവർത്തിക്കരുതെന്നേ യഥാർത്ഥത്തിൽ അർത്ഥമാക്കുന്നുള്ളൂ.

പരീക്ഷകളുടെ വിജയശതമാനമിടിയുവാൻ കാരണം വിദ്യാർത്ഥി സംഘടനാ

പ്രവർത്തനവും വിദ്യാർത്ഥി സമരങ്ങളുമാണെന്ന അരാഷ്ട്രീയവാദികളുടെയും സമരവൈരികളുടെയും സത്യവിരുദ്ധമായ പ്രചരണം ശുദ്ധഗതിക്കാരെ വഴിപിഴപ്പിക്കുന്നതാണ്. വിദ്യാർത്ഥികളിൽ വളരെ ചെറിയൊരംശം മാത്രമേ സംഘടനാ പ്രവർത്തകരായുള്ളുവെന്നതും അവരിൽ തന്നെ മുഴുവൻ സമയപ്രവർത്തകർ അപൂർവ്വമാണെന്നതും ഏററവും ശ്രദ്ധാർഹമാണ്. അതുപോലെതന്നെ വിദ്യാർത്ഥിസമരങ്ങൾമൂലം അദ്ധ്യയനം നഷ്ടപ്പെടുന്ന ദിവസങ്ങളുടെ എണ്ണവും അംഗുലീപരിമിതമാണ്. അവയുടെ അനേകമടങ്ങുവരും സമരേതരകാരണങ്ങളാൽ — പരീക്ഷകൾ, ഉത്സവങ്ങൾ, പ്രത്യേകാവധികൾ, വിദ്യാലയങ്ങൾ വളരെ വൈകി തുറക്കൽ എന്നിവ—നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾ. 'സമരരഹിതമായ' അന്തരീക്ഷത്തിൽ കാര്യങ്ങളെല്ലാം ശരിപ്പെടുമെന്ന പ്രചരണത്തിന്റെ കള്ളി പൊളിച്ചതായിരുന്നു അടിയന്തിരാവസ്ഥയിലെ രണ്ട് അദ്ധ്യയനവർഷങ്ങൾ. വിജയശതമാനത്തിൽ പ്രകടമായ മാററമൊന്നും ഉണ്ടാക്കാൻ കഴിഞ്ഞില്ല. തന്മൂലം വിജയശതമാനം കൃത്രിമമായി വർദ്ധിപ്പിക്കേണ്ടിവരികയും ചെയ്തു. വിദ്യാർത്ഥി സമരങ്ങളാണ് വിജയശതമാനമിടിക്കുന്നതെന്നു പറയുന്നവർ, വിദ്യാഭ്യാസ പ്രശ്നങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങൾ കരുതിക്കൂട്ടി നമ്മിൽ നിന്ന് മറച്ചുപിടിക്കുകയാണ്. ഇനി ഇടതുപക്ഷ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പ്രവർത്തകരെക്കുറിച്ചു കൂടി രണ്ടു വാക്ക്. അവർ പൊതുവിൽ വിദ്യാഭ്യാസത്തിലും മററുള്ളവരിൽനിന്ന് വ്യത്യസ്തമായി പാഠ്യേതര പ്രവർത്തനങ്ങളിലും സ്വഭാവശുദ്ധിയിലും ഉന്നതനിലവാരം പുലർത്തുന്നവരാണ്. ഇന്ത്യയിലെയും എവിടത്തെയും ഇടതുപക്ഷ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ചരിത്രം അതിനു സാക്ഷ്യം വഹിക്കുന്നു.

മുതലാളിത്തത്തിന്റെയും ജന്മിത്വത്തിന്റെയും ദുരന്തഫലമനുഭവിക്കുന്ന ജനവിഭാഗങ്ങൾ വർദ്ധമാനമായ തോതിൽ അതിനെതിരെ വിവിധ രൂപങ്ങളിൽ സമരഭൂമിയിലിറങ്ങുന്ന ഇക്കാലത്ത് വിദ്യാർത്ഥികളും അതിൽ വലിയൊരു

പങ്കുവഹിക്കുന്നുണ്ടു്. തങ്ങളുൾക്കൊള്ളുന്ന സമൂഹത്തിന്റെപ്രശ്നങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ വിദ്യാർത്ഥികളെയും ബാധിക്കും. ഉദാഹരണത്തിനു്, പാടത്തോ പണിശാലയിലോ, ഓഫീസുകളിലോ, വിദ്യാലയങ്ങളിലോ പണിയെടുക്കുന്ന നമ്മുടെ രക്ഷകർത്താക്കളുടെ കൂലികുറക്കുന്നതിനെതിരായോ കൂലി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ളതോ ആയ സമരങ്ങൾക്കു് ധാർമ്മികമായും അല്ലാതെയും പിന്തുണ കൊടുക്കേണ്ടതു് നമ്മുടെതന്നെ ആവശ്യമാണു്. കാരണം; ആ സമരങ്ങളുടെ ജയാപജയങ്ങൾ നമ്മുടെ കുടുംബവരുമാനത്തിലുണ്ടാക്കുന്ന മാററങ്ങൾ നമ്മുടെ വിദ്യാഭ്യാസജീവിതത്തേയും അനുകൂലമായോ പ്രതികൂലമായോ ബാധിക്കും. അതുകൊണ്ടു്, സാമ്പത്തികപ്രശ്നങ്ങളുടെപരിഹാരത്തിനും ഒരു നല്ല ജീവിതം കെട്ടിപ്പടുക്കുന്നതിനുമുള്ള സമരത്തിൽ തൊഴിലെടുക്കുന്നവരുടെ സന്തതികളായ നാം അവരുമായി യോജിച്ചേ കഴിയൂ. വിദ്യാഭ്യാസരംഗത്തെ കുഴപ്പങ്ങളുടെ പരിഹാരംതന്നെ സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരവുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്ന വസ്തുത ഈ കടമയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. എന്നാൽ ഇതിനെതിരെ, സാമൂഹ്യപ്രശ്നങ്ങളുടെ നേരെ പുറംതിരിഞ്ഞുനില്ക്കുന്ന ഒരു മനോഭാവമാണു് ഇന്നത്തെ വിദ്യാഭ്യാസം നമ്മിൽ വളർത്തുന്നതു്.

ഉള്ളവരെന്നും ഇല്ലാത്തവരെന്നും ഇന്നത്തെ സമൂഹം വർഗ്ഗം തിരിഞ്ഞിരിക്കുന്ന കാലത്തോളം ആർക്കും അറിഞ്ഞോ അറിയാതെയോ വർഗ്ഗതാല്പര്യങ്ങൾക്കതീതമായി ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ സാദ്ധ്യമല്ല. സമൂഹത്തിലുള്ള ഈ ചേരിതിരിവു് സ്വാഭാവികമായും വിദ്യാർത്ഥിരംഗത്തും പ്രകടമാകും. അതുകൊണ്ടാണു് വിഭിന്ന വർഗ്ഗതാല്പര്യങ്ങളുടെ സംരക്ഷണത്തിനായി വിഭിന്ന വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നതു്. ഇവയ്ക്കോരോന്നിനും വിവിധ സാമൂഹ്യ – വിദ്യാഭ്യാസ പ്രശ്നങ്ങളുടെനേരെ വ്യത്യസ്ത സമീപനങ്ങളാണുള്ളതു്. ചുരുക്കത്തിൽ, മുതലാളിത്ത–ജന്മിത്വ സാമ്പത്തിക ഘടനയുടെ വൈരുദ്ധ്യങ്ങളിൽനിന്നു് രൂപംകൊള്ളുന്ന സാമൂഹ്യ പ്രശ്നങ്ങളുടെനേരെ നിഷ്പക്ഷത എന്നൊന്നില്ല. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സമരത്തിൽ, അല്ലെങ്കിൽ മററു് സാമൂഹ്യ രാഷ്ട്രീയപ്രശ്നങ്ങളിൽ ചേരിരഹിതരാണെന്നവകാശപ്പെടുന്നവർ മനുഷ്യരെ തമ്മിൽ ചേരിതിരിക്കുന്ന ചൂഷണവ്യവസ്ഥയെ അതേപടി നിലനിർത്താനാണു് യഥാർത്ഥത്തിൽ സഹായിക്കുന്നതു്. കാരണം അത്തരമൊരു സമീപനം, അദ്ധ്വാനിക്കുന്നവർക്കും അവരുടെ സംഘടിത പ്രസ്ഥാനങ്ങൾക്കും ഗുണകരമല്ലെന്നു മാത്രമല്ല അതു് ചൂഷകവർഗ്ഗങ്ങൾക്കും അവരുടെ സാമ്പത്തിക–രാഷ്ട്രീയ താല്പര്യങ്ങൾക്കും അനുഗുണമായിത്തീരുകയും ചെയ്യും.

വിദ്യാർത്ഥിരംഗത്തു് എക്കാലവും അരാഷ്ട്രീയവാദമുയർത്തിയിട്ടുള്ള സമൂഹത്തിലെ മേധാവിവർഗ്ഗം, അവരുടെ നിലനില്പിനു് അപകടമുണ്ടാകുമ്പോഴൊക്കെ വിദ്യാർത്ഥികളിലൊരു വിഭാഗത്തെ, തങ്ങൾക്കുവേണ്ടി രാഷ്ട്രീയമായി സംഘടിപ്പിക്കാനും തെരുവിലിറക്കാനും തയ്യാറായിട്ടുണ്ടു്. കൊച്ചു കേരളംതന്നെ അതിനു് സാക്ഷ്യം വഹിച്ചിട്ടുണ്ടു് അദ്ധ്വാനിക്കുന്ന ജനതയുടെയും, പുരോഗമനകാരികളുടെയും ആശാദീപമായി ഇൻഡ്യയിലാദ്യമായി 1957 ൽ കേരളത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയെ നിയമവിരുദ്ധമായി പുറത്താക്കുന്നതിനു്. ഇവിടത്തെ മുതലാളിത്ത–ജന്മിത്വ ശക്തികളും അവരുടെ പിണിയാളുകളായ ജാതി-മതമേധാവികളും, ലോകസമാധാനത്തിന്റെയും പുരോഗതിയുടെയും ഘാതകനായ സി. ഐ. എ യുടെ സഹായത്തോടെ കലാപമുണ്ടാക്കുമ്പോഴാണു് അതിനു് കരുത്തേകാൻ കോൺഗ്രസ്സ് പാർട്ടി കെ. എസ്. യു. വിനു് രൂപം കൊടുത്തതു്. അക്കാലത്താണു് ബസ്സുകൾ കത്തിക്കലും തല്ലിപ്പൊളിക്കലും സർക്കാരാഫീസുകൾ തല്ലിപ്പൊളിക്കലുമടക്കമുള്ള ഏർപ്പാടുകൾ കേരളത്തിൽ അവർ ഉദ്ഘാടനം ചെയ്തതു്. വിദ്യാർത്ഥി സമൂഹത്തിനു് അതു് വരുത്തിവച്ച തീരാക്കളങ്കം ചെറുതൊന്നുമായിരുന്നില്ല. ഇററലിയിൽ നാസികളും ജർമ്മനിയിൽ ഫാസിസ്റ്റുകളും, അടിയന്തിരാവസ്ഥയിലെ ഇൻഡ്യയിൽ

കോൺഗ്രസ്സും വിദ്യാർത്ഥികളിലൊരു വിഭാഗത്തെ ജനങ്ങൾക്കും ജനാധിപത്യത്തിനുമെതിരായുപയോഗിച്ച അനുഭവം മറക്കാനാവില്ല. ഇവയിലൂടെയൊക്കെ, അരാഷ്ട്രീയ മുഖംമൂടിയണിഞ്ഞവർ സ്വയം അതു് പിച്ചിച്ചീന്തിയ ചിത്രമാണ് നമുക്ക് കാണുവാൻ കഴിഞ്ഞതു്.

പഴയപോലെ അരാഷ്ട്രീയവാദത്തിന് നില്ക്കക്കള്ളിയില്ലാതായതുകൊണ്ട് അതിന്റെ പ്രചാരകന്മാർ പുതിയൊരു 'ഉപദേശം' കൂടി നല്കുന്നുണ്ട്. വിദ്യാഭ്യാസം പൂർത്തീകരിച്ച് സാമ്പത്തിക സുസ്ഥിരതയുണ്ടാക്കുന്ന ഒരു തൊഴിൽ നേടിയിട്ടാകാം രാഷ്ട്രീയ പ്രവർത്തനമെന്നാണത്. എന്നാൽ, വിദ്യാഭ്യാസം കഴിഞ്ഞാലും തൊഴിൽ കിട്ടുമെന്നുറപ്പില്ലെന്നുള്ള യാഥാർത്ഥ്യത്തിൽനിന്ന് ശ്രദ്ധതിരിക്കുവാനും മുതലാളിത്തത്തെക്കുറിച്ച് അസ്ഥാനത്തായ പ്രതീക്ഷ സൃഷ്ടിക്കുവാനുമാണവർ ശ്രമിക്കുന്നതെന്ന വസ്തുതയ്ക്കെതിരെ നാം ജാഗ്രത പാലിച്ചേ കഴിയൂ.

ഇന്ന്, വിദ്യാർത്ഥികൾക്ക് രാഷ്ട്രീയമാകാമോ എന്നതിനേക്കാൾ പ്രസക്തി അവരെന്ത് രാഷ്ട്രീയത്തിൽ നില്ക്കണമെന്നുള്ള പ്രശ്നത്തിനാണ്. സ്വന്തം സംഘടനവഴി വിദ്യാഭ്യാസ പ്രശ്നങ്ങളുടെ പരിഹാരത്തിനായി സമരം ചെയ്യുന്നതോടൊപ്പം ആ സമരങ്ങളെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സമരങ്ങളുമായി കൂട്ടിയിണക്കിയെങ്കിൽ മാത്രം ചൂഷണ വിമുക്തമായ സാമൂഹ്യക്രമമെന്ന യഥാർത്ഥ ലക്ഷ്യത്തിൽ നമുക്കെത്തിച്ചേരാൻ കഴിയൂ. സമ്പത്തിന്റെ ഉല്പാദനം നിർവ്വഹിക്കുന്നവരായതുകൊണ്ടും, എന്നാൽ അതനുഭവിക്കാൻ കഴിയാതെ മുതലാളി വർഗ്ഗത്താൽ നേരിട്ടുള്ള ചൂഷണത്തിന് വിധേയരാണെന്നതിനാലും ചൂഷണ വിമുക്തമായ സോഷ്യലിസ്റ്റ് സാമൂഹ്യക്രമത്തിന്റെ നായകത്വം വഹിക്കേണ്ടതും അതിനുള്ള വിപ്ലവത്തിന് നേതൃത്വം കൊടുക്കേണ്ടതും തൊഴിലാളികളും കൃഷിക്കാരുമാണ്. അക്കാര്യത്തിൽ അവരുടെ പിന്നണി ശക്തിയായി പ്രവർത്തിക്കേണ്ട ബാദ്ധ്യതയും കടമയുമാണ് വിദ്യാർത്ഥികൾക്കുള്ളതു്. കാലഘട്ടം നമ്മിലർപ്പിച്ചിരിക്കുന്ന ആ പാവന കർമ്മം നിർവ്വഹിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

---

വഴിത്താരയിൽവെച്ച് അവർ കണ്ടുമുട്ടി. അവർ സംപ്രതിക്കാൻ തീരുമാനിക്കപ്പെട്ടവരായിരുന്നു. അവർ വിഷയത്തിനുവേണ്ടി വീർപ്പുമുട്ടി.

അവരിൽ പുരുഷപ്രജ പറഞ്ഞു തുടങ്ങി.

ഷേക്സ്പിയർ............ വ്യാസൻ............ വിവേകാനന്ദൻ............

അവൾ പറഞ്ഞു;

''അവരിലും ഗ്ലാമർ കമലഹാസനാ''!

# ഉദാഹരണങ്ങൾ

– സുന്ദർ രാജൻ



സൂര്യൻ.

എന്റെ സൂര്യാ, നീ കേൾക്കുക.

നീയാണല്ലൊ സർവ്വ കാരണം. എന്റെ ബ്ലാക്ക്ബോഡ് വഞ്ചിയെ നീ ശ്രദ്ധിച്ചില്ലല്ലോ. അസംഖ്യം നാഴികകളിലൂടെ കൊരുത്തൊരുക്കിയ ചോക്ക്പീസ് കൊട്ടാരങ്ങൾ ഉടയുന്നതു്. ബോഡിന്റെ ലെഫ്റ്റ് സൈഡിൽ നിന്നുമാത്രം അവർക്കഭിമുഖമായി തുഴഞ്ഞതു്.

'എന്തെല്ലാമെന്തെല്ലാം--പറയൂ കേൾക്കട്ടെ'.

സൗന്ദര്യം ശബ്ദത്തിലൊതുക്കി അവരും ഇപ്പോഴും ചോദിക്കുന്നതു്. അവളൊരു അപൂർവ്വ ഉദാഹരണമല്ലൊ.

'പറയാം - പറയാം'

അക്ഷരങ്ങളെ പറക്കുന്ന പട്ടമാക്കി, എന്റെ പ്രിയപ്പെട്ട സമുദ്രത്തിനു് മുകളിൽ പറപ്പിച്ചിട്ടുള്ളതു്. അവരോടു് ഞാനോതിയ ഉദാഹരണങ്ങളിൽ കവിഞ്ഞ ധ്വനികൾ... The still sad music of humanity ഞെക്കുമ്പോൾ മുട്ടയിടുന്ന കോഴിക്കുഞ്ഞിനെക്കൊണ്ടു് ചരിത്രപരമായി കൂക്കിവിളിപ്പിച്ചതു്.

'ഓ പാർവ്വതി, എന്തിനധികം; ഉദാഹരണമായി ഒരു സമുദ്രം പോലെയാണവളെനിക്ക്. ആ തീരമാണെന്റെ കോട്ട, സാമ്രാജ്യം. അവിടെ വച്ചാണല്ലോ മറ്റെന്തിനേയും ഉപേക്ഷിക്കുന്നതു്. ഏതൊരോർമ്മകളേയും മറന്നുമൂടുന്നതു്.'

—ഒരു പെൺ താമരക്കുഞ്ഞിനെപ്പോലെ അവളുടെ മിഴികൾ നനവേന്തി മയങ്ങി വീണു. വിഷാദം ഒരു വൻമരമായവളുടെ കവിളിൽ പടർന്നു പടർന്നു വളർന്നു.

'പാർവ്വതീ, നിന്റെ കുട്ടിയേയും ഞാൻ പഠിപ്പിക്കും എന്നൊക്കെയൊരിക്കൽ പറയുകയുണ്ടായല്ലോ. അവന്റെ മുഖത്തു് എങ്ങിനെ നോക്കും ഞാൻ. അവനു മനസ്സിലാവില്ലേ ഒരു ടെമ്പററിവേക്കൻസിയിലാണു് ഞാൻ ജനിച്ചതു്, നിന്നോടുമൊരിക്കലെടുത്തതു്'... —ഒടുവിൽ പട്ടും പറിപ്പിച്ചതു് ...etc. etc ...

—ഓ സമയമായി

അവസാനത്തെ ക്ലാസാണല്ലോ.

അല്ലയോ പ്രിയപ്പെട്ട ഭൂമീ, നിന്റെ പോസ്റ്റ്ഗ്രാജുവേററ് സൂര്യനെവിടെ? അവനെ എനിക്കു് രണ്ടു് കണ്ണുകളായി നല്കി, എന്റെ ജലാംശം മുഴുവൻ വററിക്കട്ടെ. ഈ ജലാംശമാണല്ലോ സർവ്വവിധ ദുഃഖങ്ങൾക്കും കാരണം.

—നിന്നോടെനിക്കു് അല്പം വാക്കു്

ഒരിടത്തുമെത്തിപ്പെടാൻ നീയനുവദിക്കുന്നില്ലല്ലോ. നീ മാത്രം പെർമനൻറായവശേഷം. എന്നിട്ടും അല്ലയോ ഭൂമീ, നീ സ്നേഹപൂർവ്വം ആകർഷിച്ചു് നിർത്തുന്നുണ്ടല്ലോ. നന്ദി. മൂന്നടി ചുററളവിലാറടിയാഴത്തിൽ നീയൊരു പോസ്റ്റു് തരമാക്കി വച്ചു്. നിന്റെയീ അത്യാഗ്രഹത്തിനു് വഴങ്ങിയില്ലെന്നു് കരുതവേണ്ട.

ബെല്ലടിക്കാൻ സമയമായല്ലോ.

കുട്ടികളേ, എന്റെ പ്രിയപ്പെട്ടസമുദ്രമേ, നിങ്ങളോടപേക്ഷിക്കുന്നതു് ടെമ്പററിപാഠങ്ങൾ പഠിക്കരുതെന്നു മാത്രമാണു്. വലിയ വലിയ ഉദാഹരണങ്ങൾ അർഹിക്കാൻ പാകത്തിൽ വളരുക.

പിന്നെ കാണാം.

ഞാൻ നടക്കട്ടെ.

—ആരെങ്കിലും പിന്നിൽനിന്നു് ശ്രദ്ധിക്കുന്നുണ്ടോ. നടത്തം എന്തിനെങ്കിലും ഉദാഹരണമാവുന്നുണ്ടോ? പാടില്ല. പ്രൈമറിസ്കൂളിലെ പഴയ പാഠങ്ങൾക്കിടയിലൂടെ, സ്കൗട്ട് മാസ്റ്ററുടെ കല്പനകളോർക്കട്ടെ: ഉദാഹരണമായി;

'ലെഫ്റ്റ്-റൈററ്', ലെഫ്റ്റ്-റൈററ് ലെഫ്റ്റ്..............

—



— സുധീഷ്

''...പ്രിയേ പോകട്ടെഞാ-
നെൻ ജ്യേഷ്ഠൻെറ നിഴലായ്;
പതിന്നാല് ചൈത്രങ്ങളൊടുങ്ങീടവെ
തിരിച്ചുവരാം നിൻ
കരാംഗമ്പിലൊരു കുളിരായ്.............''
ഒടുവിൽ
ഋതുചക്രങ്ങളെത്ര കറങ്ങി-
യെത്ര ചൈത്രങ്ങളൊടുങ്ങി,
വന്നില്ല; പ്രിയൻെറ തേരുരുളൊലി
കേട്ടില്ല; ഞാനൊലികേട്ടില്ല.
ഇടനെഞ്ചിൽ നീറുന്ന തീരാ-
വ്യഥയുടെ നൊമ്പരം:
സിരാപടലങ്ങളിൽ പടരുന്ന
വിരഹാഗ്നിശിഖരം:
ജീവനിലാഴ്ന്ന തറച്ചൊരു
ശരമുനപോലിരുളിന്മാറു
പിളർന്നാറിവരുന്ന രാപ്പാടികളുടെ
വിരഹവിഷാദത്തിന്നുടെ
ശ്രുതിഗീതങ്ങളും.
വർഷവിഷാദം മൂടിക്കെട്ടിയ
പകലുകളിൽ,
മഴയുടെ തുടിതാളമുയരും
രാവുകളിൽ
വിരഹമൊരഗ്നിനാളമായെൻ
ചേതനയാകെ നീറിപ്പടരവെ
മിഴിക്കോണുകളിൽ നിറയുന്നതൊ-
രെഴുതാത്ത ചിത്രം:
കർണ്ണപുടങ്ങളിലുടക്കിയിട-
ഞ്ഞുണരുന്നതായാത്രാമൊഴി:
-കരാംഗുലങ്ങളൊരോർമ്മയായ്
സിരതെറിച്ചൊരു മാത്രയായ്
കുളിർചൊരിഞ്ഞ നിശീഥങ്ങളി-
ലലറിമദിച്ചൊരു പേക്കിനാവാ-
യെന്നുമുണരാറുണ്ടെന്നിലാ
ശപ്തനിമിഷസ്പന്ദനം................
നിറഞ്ഞ സന്ധ്യകളിരുളിന്മാറി-
ലഗ്നിസിരപോൽ പടരുമ്പോഴും,
ഇരുണ്ടവാനപഥങ്ങളിലൊക്കെ
മേഘമാലകളുരുമ്മുമ്പോഴും
ഇളം മഞ്ഞനിലാവിൻ ഇണക്കം
വീണു ചിതറിയ ഭുവിന്മാറിടം
തുടിച്ചുതുള്ളി പൂത്തുലഞ്ഞൊരു
വസന്തമാകുമ്പോഴും;
അകലെനിന്നാ മലമടക്കിലെ
ശിശിരസ്പന്ദം ചിറകിലൊതുക്കി
പാറിവന്നൊരു കോടക്കാററി-
രജനിഗന്ധിപ്പൂവിനുള്ളിൽ
പ്രേമഗാഥകളുതിർക്കുമ്പോഴും
ഉള്ളിലുറങ്ങും സ്വപ്നമിഴിയുടെ
വരണ്ട കൊക്കപിളർന്നാ-
ഉറഞ്ഞ ശിശിരവു-മടർന്ന വസന്തവും
പ്രിയൻെറ മാറിൽ പടർന്ന പുളകം
-നിറയും മിഴിയോടെ
-ഉരുകും കരളോടെ
പെറുക്കി പ്പെറുക്കിയെടുത്തു കൊറിക്കേ
യെന്നുമുണരാറുണ്ടെന്നിലാ
ശപ്തനിമിഷസ്പന്ദനം
''-പ്രിയേ പോകട്ടേ ഞാ-
നെൻ ജ്യേഷ്ഠൻെറ നിഴലായ്.........''

യാത്രചൊല്ലിയ മൂകമാത്രയിൽ
പ്രിയന്റെ മിഴിയിൽ പിടഞ്ഞരശ്മികളും
വിതുമ്പും ചൊടിയിൽ തളർന്നമൊഴികളും
വരണ്ടതൊണ്ടയിൽ വിറച്ചുതുള്ളുമ്പോഴും,
വ്യഥ നിറഞ്ഞുപതഞ്ഞ മനസ്സിൽ
വിരഹം ശരമുനയാഴ്ത്തിടുമ്പോഴും,
പ്രിയവിരഹം ജ്വലനനാളിയാ–
യതിലൊരു കിളുന്നുപെണ്ണിൻ
ജീവശ്വാസം നിറഞ്ഞുപതഞ്ഞൊരു
നീർക്കുമിളയായി പൊട്ടി
യൊലിച്ചിടുമ്പോഴും,
ഇരുണ്ടവാനിൽ മിഴികളൂന്നി
എറിഞ്ഞുതീർന്നൊരു നെയ്ത്തിരിയായ്
–പദംമറന്ന്
–സ്വപ്നംമറന്ന്
–പെണ്ണിൻ ദാഹമുള്ളിലൊതുക്കി
നിന്നുപോയി.
അകലെ വിജനവീഥിയിൽ
പ്രിയന്റെ നിഴലുകളിളവെയിൽ
നാമ്പുകളും കൊത്തിനുണയവെ
യാശപ്തനിമിഷവിഷാദം
നര നരത്തൊരു തേങ്ങലാ–
യെന്നിലിളകിയടങ്ങി–
യൊതുങ്ങീടുമ്പോഴും–
–കരളും നുറുങ്ങുമൊരോർമ്മയായ്
സിരതെറിച്ചൊരു മാത്രയായ്
കുളിർചൊരിഞ്ഞ നിശീഥങ്ങളി–
ലലറിമഥിച്ചൊരു 'പേക്കിനാവോ–
യെന്നു മുണരാറുണ്ടെന്നിലാ
ശപ്തനിമിഷ സ്പന്ദനം.
''–പ്രിയേ പോകട്ടെ ഞാ–
നെൻ ജ്യേഷ്ഠന്റെ നിഴലായ്.........''

—

**ഒരു നാടൻ പാട്ട്.........**

നേരം പോയ് നേരം പോയ്
പൂക്കൈത മറപറ്റിയേ.........
കണംകോഴി കുളക്കോഴീ
തത്തിത്തത്തിച്ചാടണേ.........
എന്നവിടെച്ചെന്നേപ്പിന്നെ
ഈടില്ലാ......... മൂടില്ലാ
എന്നവിടെച്ചെന്നേപ്പിന്നേ
വെട്ടാക്കളം വെട്ടീച്ചേ.........
കെട്ടാപ്പുര കെട്ടിച്ചേ.........
അര മുറി കരിക്കും തന്നേ.........
കൊല്ലാക്കൊല കൊല്ലണിയോ.........
അരത്തൊണ്ട് കള്ളും തന്നേ.........
കൊല്ലാക്കൊല കൊല്ലണിയോ .........

......



രാജീവ് ടി എസ്

''ഒരു സ്വപ്നം പോലെ അല്ലേ'' എന്തിന്റേയോ അവസാനമെന്നതുപോലെ അവൾ ചോദിച്ചു. എനിക്കു താല്പര്യമില്ലാത്ത ഏതോ കാര്യമാണ് അവൾ സംസാരിച്ചിരുന്നത്. ഒരുപക്ഷെ എനിക്കു അജ്ഞാതമായ എന്തിനേയൊക്കുറിച്ചായിരിക്കാം. ഇരുണ്ട കാടിനുള്ളിൽ അകപ്പെട്ടവനെപ്പോലെ അവൾക്കരികെ ഞാനിരുന്നു. ഒന്നും ചിന്തിക്കാതെ അവളുടെ നഗ്നമായ ബാഹ്യസൗന്ദര്യം ആസ്വദിക്കുക മാത്രമായിരുന്നു എന്റെ ആഗ്രഹം. അവളുടെ നഷ്ടപ്പെട്ട പച്ചസാരിയുടെ സൗന്ദര്യത്തെക്കുറിച്ചോ, പച്ചപ്പൊട്ടിന്റെ യോജിപ്പിനെ കുറിച്ചോ സംസാരിക്കണമെന്നയും എന്നിൽ ഒരു വ്യഥപോലെ കിടന്നു. അവളുടെ വാചാലതയുടെ അന്ത്യം കണ്ടെത്താൻ ഉറക്കെ ചിരിക്കണമോ, അതോ കരയണമോ എന്നതായിരുന്നു എന്റെ അന്വേഷണം. ഞങ്ങൾക്കിടയിൽ എന്റെ മൗനത്തിന് മൂർച്ച കൂടിയതെപ്പോഴെന്ന് എനിക്കറിയില്ല. പക്ഷെ അവൾ കണ്ണുകളൊപ്പിയപ്പോൾ ഞാൻ ദുഃഖിച്ചു. — ഞാനതു മനസ്സിലാക്കി.

അവളുടെ പാതിനഷ്ടപ്പെട്ട സൗന്ദര്യം വീണ്ടെടുക്കുവാൻ എനിക്കെന്തുചെയ്യാൻ കഴിയുമെന്ന് ഞാനോർമ്മിച്ചുകൊണ്ടിരുന്നപ്പോഴും ഇരുട്ടുമേക്കേറിയ കടൽകരയിൽ നിന്നെഴുന്നേൽക്കാൻ ഞങ്ങൾ നിർബന്ധിതരായി. അവളുടെ നിറഞ്ഞ കണ്ണുകളിലും വിതുമ്പുന്ന ചുണ്ടുകളിലും ഞാനാ നഷ്ടപ്പെട്ട സൗന്ദര്യത്തെ പരതുകയായിരുന്നു. ഇരുട്ടുമെനഞ്ഞെടുത്ത കറുത്ത വഴികളിലൂടെ ഞാനും അവളും ഒന്നും സംസാരിക്കാതെ, സംസാരിക്കാനില്ലാതെ യാത്ര തുടർന്നു.

## യാത്ര

''ഇതാ ഇങ്ങോട്ടുള്ള വഴിയിലൂടെ പോയാൽ നമുക്കിവിടെ ചെന്നെത്താം.'' വഴികാട്ടിയുടെ പതിലമാകാത്ത ആത്മാർത്ഥതയോടെ അവളെന്നെ നയിച്ചപ്പോൾ അസ്സഹനീയമായ ദുഃഖം എന്നെ കീഴടക്കി. —അവൾക്കുവേണ്ടി എനിക്കൊന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ—

നടക്കല്ലുകൾ നഷ്ടപ്പെട്ടു കൊണ്ടിരുന്ന ഒരു പഴയ വീടിനു മുൻപിൽ, തുരുമ്പു മേക്കേറിയ ഇരുമ്പു ഗെയിററിന് മുൻപിൽ ഞങ്ങൾ നിന്നു. ''ഇതാണ് എന്റെവീട്''.

നമുക്കില്ല പോരെ, ഇവിടെ നമ്മുടേതു മാത്രമായ ലോകത്തിൽ നമുക്കൊന്നുമിച്ചുറങ്ങാം '' അവളിത്രയും പറഞ്ഞിട്ടും എനിക്കൊന്നും പറയുവാനുണ്ടായിരുന്നില്ല. അവളുടെ വഴികൾ മാത്രമാണിപ്പോൾ എനിക്കു പരിചിതമായതു്. ആ വഴികൾക്കരികിലെ അളിഞ്ഞ ഗന്ധം എന്നെ ശ്വാസംമുട്ടിച്ചുകൊണ്ടിരുന്നു. ഇരുമ്പുപിടിച്ച 'ഗയിററ്' വലിച്ചു തുറന്നു് ഞങ്ങൾ അകത്തു കയറി. കൊളുത്തുകൾ നഷ്ടപ്പെട്ട വാതിലുകൾ തുറന്നപ്പോൾ അഴുകിയ ഗന്ധം അവളിലും അവളിലൂടെ എന്നിലും സന്നിവേശിച്ചു. കളഞ്ഞുപോയ എന്റെ ശരീരത്തിന്റെ പഴയ ഗന്ധത്തെക്കുറിച്ചു് അവളുടെ സൗന്ദര്യത്തെപ്പോലും മറന്നു് ഞാൻ ദുഃഖിച്ചു. അവ്യക്തമായ ലഹരിയുടെ ഉന്മാദത്തിൽ എനിക്കു ചുററും ആർത്തട്ടഹസിച്ചുകൊണ്ടു് അവൾ നൃത്തം ചെയ്തു. വാതിലുകൾ പരതി ഞാനോടിയപ്പോൾ ഒരു സത്യം എന്നെ വരിഞ്ഞുകെട്ടി. ആ ഗൃഹത്തിനു് മുഖം നഷ്ടപ്പെട്ടിരുന്നു!

(സ്വപ്നങ്ങൾ വിൽക്കപ്പെട്ടവരുടെ വഴിവക്കിൽ ഞാനലഞ്ഞുനടന്നിരുന്നപ്പോഴാണു് ഞാനവളെ ആദ്യമായി അറിഞ്ഞതു്. അവളൊരു ലഹരിയാണെന്നും, അവാച്യമായ അനുഭൂതിയാണെന്നും അസാധ്യമായ സൗന്ദര്യമാണെന്നും ആരോ എന്നോടു പറഞ്ഞിരുന്നു. ലഹരിയോടുള്ള അഭിനിവേശം മാത്രമായിരുന്നു എന്നെ അവൾക്കു കീഴടക്കാൻ കഴിഞ്ഞിരുന്നതു്. അവസാനം ആ ഗൃഹത്തിനുള്ളിൽ രക്ഷപ്പെടാനുള്ള പഴുതുകൾ തേടി ഞാനലഞ്ഞപ്പോൾ എങ്ങും അവളെമാത്രമെ എനിക്കു കാണാൻ കഴിഞ്ഞൊള്ളു. പാതി നഷ്ടപ്പെട്ട ഒരു ഖഡ്ഗമെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നു ഞാൻ വ്യാമോഹിച്ചു. അവളൊരു ഗുഹ്യരോഗമായി എന്നെ കീഴടക്കിയിരിക്കുന്നു.)

## അന്ത്യത്തിൽ

ഒരു സത്യം എനിക്കു മനസ്സിലായി. അവളെ കൊല്ലുക! ചുവർ അടർന്നുവീണ കൽക്കഷ്ണങ്ങൾ അവൾക്കുനേരെ ഞാൻ വലിച്ചെറിഞ്ഞു. അമൂർത്തമായ ആനന്ദത്തോടെ അപ്പോഴെല്ലാം അവളെന്നെ വരിഞ്ഞുമുറുക്കിക്കൊണ്ടിരുന്നു. പഴകിയ ഒരു ഇരുമ്പിൻ കഷ്ണത്തിൽ മുറുകെ പിടിച്ചുകൊണ്ടു് ഞാനോർമ്മിച്ചു, എന്റെ ജീവനിൽ അവളുടെ അസ്തിത്വം നിലനിൽക്കുന്നു. ഞാനറിഞ്ഞുപോകുമ്പോൾ അവൾ രൂപം നഷ്ടപ്പെട്ടു് ഒന്നുമല്ലാതെയായിത്തീരും— അവളുടെ അസ്തിത്വം നഷ്ടപ്പെടുത്തുക—എനിക്കതാവശ്യമായി വന്നപ്പോൾ പഴകിയ ഇരുമ്പു കഷ്ണം എന്റെ ജീവനിൽ ആഞ്ഞടിച്ചിറക്കി അവളുടെ അസ്തിത്വം ഞാൻ നഷ്ടപ്പെടുത്തി. ഉറക്കെച്ചിരിക്കാനായി ഞാൻ വായ് പിളർന്നപ്പോൾ എന്റെ ശബ്ദവും എനിക്കു നഷ്ടപ്പെട്ടിരുന്നു.

കെ. എൻ. ഷാജി



# ഉദ്ഘാടകന്റെ ഉപോദ്ഘാതം

മാന്യമഹാജനങ്ങളെ, യോഗനടപടികൾ ആരംഭിക്കുകയാണ്. ഈ യോഗത്തിൽ സ്വാഗതം ആശംസിക്കുക എന്നതാണ് എന്നിൽ നിക്ഷിപ്തവും നിർല്ലീനവുമായിരിക്കുന്ന കർത്തവ്യം. കർത്താവിനു സ്തുതിപറഞ്ഞുകൊണ്ട് ഞാൻ എന്റെ കർമ്മത്തിലേക്കു കടക്കട്ടെ. അതിനുമുൻപ് യോഗത്തിൽ സ്വാഗതമാശംസിക്കാൻ യോഗമുണ്ടാക്കിത്തന്ന ഇതിന്റെ ഭാരവാഹികളോടും മറ്റുമുള്ള എന്റെ അടങ്ങാത്തതും ഒടുങ്ങാത്തതുമായ നന്ദിരേഖപ്പെടുത്തുന്നതിൽ എനിക്കു നിന്ദയില്ല. സുഹൃത്തുക്കളേ, ബൃഹത്തായ ഈ ചടങ്ങിൽ ചടഞ്ഞുകൂടി ചങ്ങാത്തം പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഈ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കണമെന്ന് അഭ്യർത്ഥിച്ച മാത്രയിൽ തിരക്കേറിയ ഔദ്യോഗിക വേളയിലും ഉദ്വേഗപൂർവ്വം സമ്മതിച്ച ശ്രീ ഉളുണ്ടക്കുറുപ്പിന്റെ ഉദ്ദേശശുദ്ധി എത്ര ശ്ലാഘിച്ചാലും മതിവരികയോ, കൊതി തീരുകയോ ഇല്ല. അദ്ദേഹം സദയം സദസ്സിൽ സന്നിഹിതനായി ഹിതാനുവർത്തിയായിരിക്കുന്നു. ആ മാന്യദേഹത്തെ സദസ്സിലേക്ക് സ്വാഗതംചെയ്യുന്നതിൽ എനിക്ക് അതീയമായ സന്തോഷവും അതിലും ഏറിയ രോഷവും ഉണ്ട്. അദ്ദേഹത്തെക്കുറിച്ചറിയാത്തവരായി ആരും, സ്വദേശത്തോ വിദേശത്തോ, പരദേശത്തുപോലുമോ, ഉണ്ടാകില്ലെന്നാണെന്റെ വിനീതവും, നീതിയുക്തവുമായ അഭിപ്രായം. പ്രായമോ, പ്രായോഗികമായ ബുദ്ധിമുട്ടുകളോ, ഒട്ടും വകവയ്ക്കാതെ ഒട്ടേറെ കഷ്ടപ്പെട്ട്, ഈ നട്ടുച്ചയ്ക്കുശേഷം അദ്ദേഹം ഈ നാട്ടിൽ എത്തപ്പെട്ടിരിക്കയാണു്. വിജ്ഞാനത്തിനെ ഒരു ഭണ്ഡാകാരമെന്നോ, അന്ധകാരമെന്നോ, യുക്തംപോലെ അദ്ദേഹത്തെ വിശേഷിപ്പിക്കാം. അവശേഷിക്കുന്നത് അദ്ദേഹത്തിന്റെശേഷിയാണ്. വിശേഷിച്ച് ഈ അവസരത്തിൽ, തന്റെ പാണ്ഡിത്യ പ്രകടനംമൂലവും, വാഗ്ധോരണിയുടെ അനവേലംമൂലവും, അദ്ദേഹം നമ്മെ ആനന്ദസാഗരത്തിൽ ആറാടിക്കുകയും, രോമാഞ്ച

കഞ്ചുകമണിയുമായ് പുളകം കൊള്ളിച്ച്, മേനിയിൽ കൊള്ളിമീൻ പായിക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തെപ്പററി ഇത്രയും പറഞ്ഞത് അധികപ്പററായില്ലെന്നും, പറയാതെ വരില്ലെന്നും, നിങ്ങൾ താമസിയാതെ മനസ്സിലാക്കും. സ്നേഹമുള്ളവരേ, ഇങ്ങോട്ടുനോക്കുക; ഒരു വാക്കുകൂടി: അദ്ദേഹത്തെ അദ്ധ്യക്ഷനായി ലഭിച്ചത് തികച്ചും അനുചിതമാണെന്നും അരോചകമാണെന്നും എനിക്കുതോന്നുന്നു. അദ്ദേഹത്തിന് ഞാൻ അഭിമാനപൂർവ്വം സ്വാഗതം ആശംസിക്കാൻ അഭിലഷിക്കുന്നു. അഭിലഷണീയമായ മറെറാരുകാര്യം അദ്ദേഹത്തിന്റെ പ്രസംഗത്തിനു മുന്നിൽ ഞാനൊരു വിലങ്ങുതടിയോ, പൊങ്ങുതടിയോ, ആവാൻ ഉദ്ദേശിക്കുന്നില്ല എന്നതാണ്. അതിനാൽ തൽക്കാലം വിരമിക്കുന്നു.

മാന്യരെ, മാനമുള്ളവരേ, സ്വാഗതപ്രാസംഗികൻ പറഞ്ഞതുപോലെ അസാധാരണനോ അനിതരസാധാരണനോ ആണ് ഞാൻ എന്ന ധാരണ എനിക്കില്ല. എങ്കിലും ധീരമായ എന്റെ അഭിപ്രായം, പ്രായത്തിനു ചേർന്നതല്ലെങ്കിലും, ഉപായത്തിൽ പറയാം. സൂര്യനു താഴെയുള്ള എല്ലാ വിഷയത്തെക്കുറിച്ചും ഞാൻ ചിന്തിച്ചിട്ടുണ്ട്. കാര്യമായി പറഞ്ഞാൽ വീര്യമുള്ള എല്ലാ പ്രശ്നങ്ങളും (കുശലപ്രശ്നമൊഴിച്ച്) ഞാൻ കുറഞ്ഞതൊന്ന് ആലോചിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇവിടെ ഏതു വിഷയമാണ് എന്റെ ചിന്തയ്ക്ക് വിഷയീഭവിക്കുന്നത് എന്നത് ഇന്നത്തെ ചിന്താവിഷയമാണ്. 'വിഷയവാസനയും വിഷവൈദ്യവും' പഴയതെങ്കിലും വിഷയമാണ്. പക്ഷേ പല പ്രസംഗപരിപാടികളിലും, ഉദ്ഘാടനച്ചടങ്ങുകളിലും വിഷയം, അസംബന്ധമായേ തോന്നിയിട്ടുള്ളൂ. 'മാന്യന്മാരും മദ്യപാനവും' എന്ന വിഷയം ഏതായാലും കാലോചിതവും, കാലികപ്രാധാന്യമുള്ളതുമായ വിഷയമാണ്. കാലേ, പറയട്ടെ! ഇതുപോലൊരു വിഷയത്തെപ്പററി, ഒരിക്കൽ എനിക്കു പ്രസംഗിക്കേണ്ടിവന്നു. 'കുടിയന്മാരും കുടിഒഴിപ്പിക്കലും' കുടിയന്മാർ മിക്കവരും കുടിയന്മാരാണെന്നും അവരുടെ കുടി ഒരു തീരാശാപമാണെന്നും അതൊഴിക്കേണ്ടത് ആവശ്യമല്ലാ, അത്യാവശ്യമല്ലാ, അത്യന്താവശ്യമാണെന്നും ഞാൻ പറഞ്ഞു. പക്ഷേ, പ്രസംഗം കഴിഞ്ഞപ്പോഴാണ് സംഗതി പിടികിട്ടിയത്. മറെറാരിക്കൽ 'ജനപ്പെരുപ്പവും കാലിസമ്പത്തും' എന്ന വിഷയത്തെപ്പററി സംസാരിക്കേണ്ടി വന്നു. ഞാൻ ജനപ്പെരുപ്പം കൂടുതലും കന്നുകാലിസമ്പത്ത് കുറവുമാണെന്ന് എഴുന്നള്ളിച്ചു. പക്ഷേ, സത്യത്തിൽ വിഷയം ജനപ്പെരുപ്പവും, കാലിയായ സമ്പത്തും എന്നതായിരുന്നു. അപ്പുറം കൂട്ടരെ കൂട്ടക്കാരെ ഞാൻ 'ദാരിദ്ര്യവും ദരിദ്രവാസികളും' എന്ന വിഷയത്തെക്കുറിച്ചോ, 'ശീഘ്രക്ഷാമവും ശീഘ്രക്ഷമ'വും എന്നവിഷയത്തെക്കുറിച്ചോ, ഭാരവാഹികളും മരോഭോഹന മത്സരവും എന്ന വിഷയത്തെക്കുറിച്ചോ 'പെരുമാററവും, പേരുമാററവും' എന്ന വിഷയത്തെക്കുറിച്ചോ, സംസാരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. കാരണം, പണ്ടൊരിക്കൽ, ഒരു സമ്മേളനത്തിൽ വിഷയം 'ഹരിജനോദ്ധാരണ'മായിരുന്നു. ഒരു തെററിദ്ധാരണമൂലം ഞാൻ ഹരിജനങ്ങളുടെ ഉദ്ധാരണശേഷിയെക്കുറിച്ച് ദീർഘമായി പ്രസംഗിച്ചു. അന്ന് ആരോഗ്യത്തിന് ഹാനികരമായ ചില അനുഭവങ്ങളുണ്ടായി. അതിനുശേഷം, വിഷയം തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കുക എന്റെ പതിവാണ്.

തന്മയത്വമുള്ളവരേ, തല്ക്കാലം 'തിരശ്ശീലയിലെ തിരുമാലിത്തരങ്ങൾ' എന്ന വിഷയത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ തിരിക്കുകയോ, മറിക്കുകയോ ചെയ്യട്ടെ. സിനിമയും എനിക്കും തമ്മിലുള്ള ബന്ധം ഞാൻ വൃഥാ ശങ്കിക്കുകയും സ്വയം ശകാരിക്കുകയും ചെയ്തിട്ടുണ്ട്. സിനിമയിലെ പ്രസക്തമായ ചില പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടേണ്ടതായി ഈയുള്ളവന്, ഇനിയുള്ള കാലം പറയാതെ നിവൃത്തിയോ, നിർവ്വാഹമോ ഇല്ല. ചില രംഗങ്ങൾ കണ്ണടച്ചിരുന്നു കാണുകയും, മററ ചില രംഗങ്ങൾ കണ്ണടച്ച് വിശ്വസിക്കുകയും ചെയ്യേണ്ടതാണെന്നാണ് എന്റെ വിശ്വാസവും, വിലപ്പെട്ടതുമായ അഭിപ്രായം. അക്കാര്യം ഊന്നിയും ഉഴിഞ്ഞും പറയാൻ എനിക്കു മടിയില്ല. അതിരിക്കുകയോ, കിടക്കുകയോ ചെയ്യട്ടെ ഞാൻ ഇടംവലം നോക്കാതെ, നേരെ, സിനിമാപ്പാട്ടിലേക്കാണ് കടക്കുന്നത്.

മേടമാസ വെയിലിൽ ഉച്ചയ്ക്കു്
വിയർത്തൊലിച്ചു വരുന്നവളേ,
വരണ്ട ചുണ്ടിൽ വിരിയുന്നപുഞ്ചിരി
പ്രേമിച്ചതോർത്തു കൊണ്ടോ, സഖീ–
നാം പ്രേമിച്ചതോർത്തുകൊണ്ടോ?

ഈ പാട്ടുകേട്ടു് ഞാൻ വിയർത്തൊലിച്ചു പോയി. വിയർത്തു് ഒലിച്ചുപോയതിനപ്പുറം ഞാൻ അത്ഭുതപ്പെട്ടു. പ്രേമിച്ചതു് തോർത്തുകൊണ്ടോ? അങ്ങ'നെ ഒരു തോർത്തുണ്ടോ? അതോ തോർത്തുകൊണ്ടു പ്രേമിച്ചോ, എന്നൊക്കെ ഞാൻ അതിരുകടന്നു് സംശയിച്ചു. പിന്നീടു് അതിരതിലംഘനം കുറ്റകരമെന്നു തോന്നി അവിടുന്നു തിരിച്ചു പോകുകയും, തരിച്ചുനിൽക്കുകയും ചെയ്തു.

പ്രബുദ്ധരേ, ഉദ്ബുദ്ധരേ, ബൗദ്ധരേ, ചില പാട്ടു കേട്ടിട്ടുണ്ടോ? കവിയുടെ ഭാഷാനൈപുണ്യം വളർന്നു് വികസിച്ചു് നിൽക്കുന്ന രംഗങ്ങൾ പലയിടത്തും കാണാം, കവിക്കു് വിവിധ വിഷയങ്ങളെ കുറിച്ചുള്ള വിജ്ഞാനവും, അജ്ഞാനവും പലയിടത്തും പ്രകടവും, വികടവുമാണു്. ഉദാഹരണത്തിനു്:

മദ്ധ്യകാലചമ്പുവിലെ നായികേ,
മദ്ധ്യധരണ്യാഴിയിലെ ഗായികേ
അദ്ധ്യാത്മരാമായണത്തിലെ സീതേ,
അദ്ധ്യാപകരുടെ ഭഗവത് ഗീതേ,

എന്ന ഗാനം ശ്രദ്ധിക്കുക. കവിയുടെ ഭാവനാ വിലാസം കവിഞ്ഞു് ഒഴുകുകയാണിവിടെ. പ്രാസത്തിനുവേണ്ടി പ്രസവവേദന അനുഭവിക്കുന്നവരും. പ്രവാസം നടത്തുന്നവരും കൂട്ടത്തിലുണ്ടു്:

പ്രാണസഖീ, യെൻ
പ്രാണനിൽ നീയൊരു
പ്രാണിയെപ്പോലെ പറക്കൂ!
മിണ്ടാപ്രാണി നിൻ ചൂണ്ടാണി
വിരലിലെ
പൂച്ചെണ്ടായി ഞാൻ മാറും, പിന്നെ
തീണ്ടാപ്പാടകലെ നിൽക്കും.

അങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ, ഹരണങ്ങൾ! ഗുണനങ്ങൾ! ഗുണങ്ങൾ, ഗണങ്ങൾ.

നാട്ടുകാരേ, പറയുമ്പോൾ പറയുകയാണെന്നു തോന്നുമെങ്കിലും ചിലതുകൂടി പറയാതെ തരമില്ല. എൺപതുകളിൽ രചിക്കപ്പെടാൻ സാധ്യതയും സാധ്യതയുമുള്ള ഈ ഗാനം ശ്രവിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യുക. (വൃത്തം ശുദ്ധമല്ല.)

ഗന്ധമാദന പർവ്വതത്തിൽ വിടർന്ന
മന്ദാരമേ, മദ മന്ദാരമേ,
ഇന്ധനമായെന്നിൽ നിറയാറു
ജരാസന്ധനായ് ഞാൻ മാറാറു.

മറ്റൊന്നു്:

ഗോപാലേട്ടന്റെ കൂടെ,
പാലച്ചോട്ടിൽ, പ്രേമപാലിനി
പോയി നിന്നാൽ
പാലപ്പൂ കാണാം, പാലപ്പം തിന്നാം
പാലാട്ടു മങ്കയാകാം, നിനക്കു്
പാലാട്ടുകോമനെയോർക്കാം.

ഇതുകൂടി എനിക്കു പറയാതെയും, നിങ്ങൾ കേൾക്കാതെയും, ഗതിയോ, ഗത്യന്തരമോ, ഇല്ല. 'നല്ലാമര'ച്ചോട്ടിൽ ഇരിക്കുന്ന വിരഹപോലെ നേത്രകാമുകൻ വിരഹാർത്തനായി, വിറയാർന്ന സ്വരത്തിൽ പാടുന്നു:

ബന്ധുരേ നീ വാതുറക്കുമ്പോൾ
ദന്തനിരകളിൽ നിന്നും
എന്നന്തരംഗത്തിൽ നിറയുകയല്ലോ,
മന്വന്തരങ്ങൾ പിന്നിട്ട ഗന്ധം
ചിന്തിച്ചാലെന്തൊരു കന്തം
സഖീ ഇല്ലയിതിനൊരു അന്ത്യം!
ഹന്ത! ശ്രീരാമോദന്തം, ദുരന്തം!

പറഞ്ഞു പറഞ്ഞു്, നാട്ടം കഴിഞ്ഞു് കാട്ടു കയറിപ്പോകുന്നു. പക്ഷേ അജണ്ടയിലുള്ള മറ്റൊരു കാര്യം അജന്താഗുഹയിലെ ശില്പം പോലെ ഉറച്ചു കിടക്കുന്നു. ഈ സമ്മേളനത്തിലെ മേളത്തിൽ ഞാൻ അദ്ധ്യക്ഷന്റെ വേഷമാണു് ഇതുവരെ കെട്ടിയതു്. എന്നാൽ ഇനി ഉൽഘാടകന്റെ വേഷം കൂടി അഭിനയിക്കുവാൻ ഞാൻ നിർബ്ബന്ധിതനാണെന്ന കാര്യം ഉൽഘോഷിച്ചു കൊള്ളുന്നു. ഘോഷം വേണ്ട, ആഘോഷം മതി.

കലാസ്നേഹികളേ, കാലസ്നേഹികളേ, ഒരു നീണ്ട അധികപ്രസംഗം ചെയ്തു്

നിങ്ങളെ ബോറടിപ്പിക്കുവാനോ, മനസ്സിൽ പോറലേല്പിക്കുവാനോ, അല്ല എന്റെ ഉദ്ദേശം. ഇതു് ഉപദേശമല്ല. ദേശസ്നേഹികളായ നിങ്ങൾ സ്വാതന്ത്ര്യദിനത്തെ കുറിച്ചു് ചിന്തിച്ചിട്ടുണ്ടോ? ഒരു സ്വാതന്ത്ര്യദിനത്തിൽ പ്രസംഗിക്കുവാൻ ഭാഗ്യമോ, നിർഭാഗ്യമോ, ഉണ്ടായ ഞാൻ സ്വാതന്ത്ര്യദിനം ഒരു ദീനമാണെന്നും ഈ സുദിനത്തിൽ എന്റെ മരിച്ചുപോയ പ്രാണസഖി ദീനാമ്മയുടെ അനുസ്മരണദിനം കൂടിയാണെന്നും ഉറപ്പിച്ചും തറപ്പിച്ചും പറഞ്ഞു. പക്ഷേ, ഇപ്പൂതോഴരേ. കഷ്ടകാലമെന്നു പറയട്ടെ ഞാൻ നേരെ, റെയിൽവേസ്റ്റേഷൻ മൈതാനിയിൽ നിന്നു് പോലീസ്സ്റ്റേഷനിലേക്കാണു് നീക്കപ്പെട്ടതു്. അടിയന്തരാവസ്ഥ എന്നൊരവസ്ഥയായിരുന്നു, അന്നു്. എന്റെ അരക്ഷിതാവസ്ഥയെക്കുറിച്ചു് വിസ്തരിക്കുന്നതു് അസ്ഥാനത്താകും. അതിനാൽ മുതിരുന്നില്ല.

ഇത്രയും പറഞ്ഞതു് എത്രയും ഉൽസാഹത്തോടെ ചെവി തന്നു് സഹിച്ചിരുന്ന നിങ്ങളുടെ സഹനശക്തിക്കും സഹകരണത്തിനും നന്ദി പറഞ്ഞുകൊണ്ടു് ഈ സഹകരണസംഘത്തിന്റെ ഉൽഘാടനം നടത്തിയതായി ഞാൻ ഔപചാരികമായി ഉൽഘോഷിക്കുന്നു.

(സദസ്സിൽ കരഘോഷം)

---

അദ്ധ്യാപകനും വിദ്യാർത്ഥിയും മദ്യഷാപ്പിൽവെച്ചു് കണ്ടുമുട്ടി. ദോഷം പറയരുതല്ലോ. വിദ്യാർത്ഥി ബഹുമാനം കാണിച്ചു. ശേഷമുള്ളവനെ എഴുന്നേറ്റുനിന്നു കഴിച്ചു.

സമത്വത്തിൽ വിശ്വസിക്കുന്ന അദ്ധ്യാപകൻ തന്നരികിൽ ശിഷ്യനു് ഇരിപ്പടം കാട്ടി. അവൻ ഇരുന്നു. ആവേശകരമായ ചർച്ച തുടങ്ങിക്കഴിഞ്ഞു. 'അദ്ധ്യാപക—വിദ്യാർത്ഥി ബന്ധ'ത്തെക്കുറിച്ചു് ഇരുവർക്കും പറയുവാനുണ്ടായിരുന്നു.

മനോവിഷമത്തോടെ വിദ്യാർത്ഥി പറഞ്ഞു; ''ഇതുപോലൊരു ബന്ധം വരാൻ ഇനിയെത്ര നാളുംകൂടി കഴിയണം സർ''.

അദ്ധ്യാപകനും തുല്യദുഃഖിതനായിരുന്നു. അദ്ദേഹം പ്രതിവചിച്ചു.

''അപ്പോഴേക്കും താനൊക്കെ പെൻഷനാവുമെടൊ.''

# സിംഹാസനം തേടുന്നവർ

എം. കെ. ദിലീപ്

വൈകുന്നേരം, സൂര്യനസ്തമിക്കുന്നതിന്റെ തൊട്ടുമുമ്പ് മലമുകളിൽ വലിയൊരു സ്ഫോടനമുണ്ടായി.
അതിനെത്തുടർന്ന് ഏതാനും കതിനവെടികൾ മുഴങ്ങി.
പെരുമ്പറകൾ ശബ്ദിച്ചു.
രഥചക്രം ഉരുളുവാനാരംഭിച്ചിരിക്കുന്നു.
സാവധാനത്തിൽ–
ക്രമേണ വേഗതവർദ്ധിക്കുകയും,
പിന്നീട്, ഒരു നിശ്ചിതവേഗതയിലായിത്തീരുകയും ചെയ്തു.
ആദ്യം വരിവരിയായി എറുമ്പുകൾ
പിന്നിൽ, കാലാൾ, കുതിരപ്പട, ആനകൾ എന്നിവ.
എല്ലാം പതിവുപോലെ–
ഒന്നിനും ഒരു മാററവുമില്ല.
കുതിരകൾ ഒരു പ്രത്യേക താളക്രമത്തിൽ കാലാൾപ്പടയെ
ചുററിക്കൊണ്ടിരുന്നു.
ആനകളാകട്ടെ പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ ചിന്നം വിളിക്കുകയും,—
ഞാൻ ഓരോരുത്തരുടേയും ഭാവങ്ങൾ അപഗ്രഥിച്ചു പഠിക്കുകയായിരുന്നു.
താഴ്‌വരയിൽ നിന്നും ചീറിയടിക്കുന്ന കോടക്കാററിൽ മനുഷ്യരുടെ മുഖങ്ങൾ വരണ്ടുണങ്ങിയിരിക്കുന്നു. ചുണ്ടുകൾ വെടിച്ചുകീറിയിരുന്നു.
കൂട്ടത്തിൽ ഊർജ്ജസ്വലരായവർ മററുള്ളവരെ പിൻതള്ളിക്കൊണ്ടു് തിരക്കിട്ടു നടന്നു.
ലക്ഷ്യത്തെക്കുറിച്ച് ആരും ബോധവാന്മാരായി കണ്ടില്ല.

എങ്കിലും–
അന്തിമമത്സരത്തിനു തയ്യാറെടുക്കുകയായിരുന്നിരിക്കണം ഓരോരുത്തരും.
അനിവാര്യമായ ആ ഏററുമുട്ടലിനെക്കുറിച്ചുള്ള ചിന്തകളാൽ എന്റെ മനസ്സ് വിഷാദപൂരിതമായി.
ഡിസംബറിലെ കോടമഞ്ഞിനെക്കുറിച്ചും താഴ്‌വരയിലെ വരൾച്ചയെക്കുറിച്ചും ഞാനാസമയം അജ്ഞനായിരുന്നു.
രണ്ടാമതൊരു സ്ഫോടനം എന്തുനിമിഷവും പ്രതീക്ഷിച്ചുകൊണ്ട് ഓരോരുത്തരും ചുവടുവെച്ചു.
ദൂരെയെങ്ങോ ഉദിച്ചുയർന്ന ഏതോ പ്രകാശധാരമാത്രമായിരുന്നു ഞങ്ങൾക്ക് മാർഗ്ഗദർശിയായിട്ടുള്ളത്. ക്രമേണ അതും നിറംമങ്ങി ഒടുവിൽ ഒരു നരച്ച വെളിച്ചം മാത്രം അവശേഷിച്ചു.
ഏറെനേരം എന്റെചിന്താശക്തി നഷ്ടപ്പെട്ടിരിക്കണം. ബോധമണ്ഡലത്തിലേക്കു തിരിച്ചുവന്നപ്പോൾ ഏററുമുട്ടൽ ആരംഭിച്ചു കഴിഞ്ഞിരുന്നു.
ആനകൾതമ്മിൽ–കുതിരകൾതമ്മിൽ–മനുഷ്യർതമ്മിൽ–
പരസ്പരം കടിച്ചുകീറി. ചോരതെറിച്ചു.
രഥചക്രം മണ്ണിൽ പൂണ്ടിരുന്നു.
ഞാൻ സിംഹാസനം തേടുകയായിരുന്നു.
എവിടെ എന്റെ സിംഹാസനം?……
ഞാനാകെ കേണു. എന്റെ ശബ്ദവീചികൾ താഴ്‌വരകളിൽപോയി മടങ്ങിവന്നു.
ഒടുവിൽ,
ഞാൻ മുട്ടുകുത്തി. □

# നളിനി - ഒരു പരാജയപ്പെട്ട കാവ്യം

ശരച്ചന്ദ്രൻ കെ പിള്ള

കഥാപാത്രം കവിയുടെ മാനസ സന്താനം ആണല്ലോ. ആത്മാവൈപുത്രഃ (പിതാവ് തന്നെയാണ് പുത്രൻ) ഉപനിഷദ് വാക്യമാണിത്. പിതാവിൽ പുത്രനെ കാണാം. ദിവാകരയോഗിയിൽ ആശാനെ കാണാമോ? ഇതാണ് ചിന്താവിഷയം.

കാണാം. ആശാന്റെ ജീവിതകഥയിലേക്ക് ഒന്നു കണ്ണോടിക്കുക. അദ്ദേഹം ചിന്നസ്വാമിയായിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീടദ്ദേഹം ഗൃഹസ്ഥനായി, വളരെ വൈകി. ജീവിതത്തിലെ ഒരുഗ്രത പരിവർത്തനമാണോ അത്? ഗാർഹസ്ഥ്യം കഴിഞ്ഞ് വാനപ്രസ്ഥവും അതുകഴിഞ്ഞ് സന്യാസവും — അതാണല്ലോ ഭാരതീയ ജീവിതത്തിലെ വർണ്ണാശ്രമ വ്യവസ്ഥ. കുമാരനായിരിക്കെ സന്യാസവൃത്തിയിലേക്ക് കടക്കുമ്പോഴും ആ കുമാരനിൽ എന്തെങ്കിലും പന്തികേട് ഉണ്ടായിരിക്കണം. ആ പൊരുത്തക്കേടിന്റെ അനന്തരഫലമാണ് ആശാന്റെ ജീവിതപ്രവാഹത്തിനുണ്ടായ ഈ വിപരീതഗതി—സന്യാസത്തിൽനിന്ന് പിന്നോട്ട് ഗാർഹസ്ഥ്യത്തിലേക്കുള്ള കുതിച്ചുചാട്ടം.

ഇതൊരു പൊരുത്തക്കേട് എന്നു പറയാമോ? അതു് മറ്റൊരു ചിന്താവിഷയമാണ്. ഒന്നു തീർത്തു പറയാം. മുൻപോട്ടുള്ള കുതിച്ചുചാട്ടത്തെക്കാൾ കൃത്രിമവും പ്രകൃതിവിരുദ്ധവും ആണ് പിന്പോട്ടുള്ള ഈ കാലുമാറ്റം. ആരോഹാവരോഹണങ്ങൾ സംഗീതത്തിലാണെങ്കിൽ അതൊരു നൈസർഗ്ഗിക പ്രതിഭാസമാണ്. ജീവിതത്തിലാകട്ടെ അതിനെ മനസ്സിന്റെ ഒരു വൈകൃതമായി കണക്കാക്കാനാണ് ന്യായം.

അക്കഥ നില്ക്കട്ടെ. ആശാനിൽ ഒരു കവിയുണ്ട്, യോഗിയുണ്ട്, കാമുകനുമുണ്ട്. ഇത്രയും ഉറപ്പിച്ചു പറയാം. ആശാനെന്ന കവിയുടെ സൃഷ്ടിയാണ് 'നളിനി' എന്ന കാവ്യം. ആശാന് മാനസികമായുണ്ടായ വൈകൃതത്തിന്റെ സൃഷ്ടിയാണ് ദിവാകരയോഗി. കാരണമെന്തും ആയിക്കൊള്ളട്ടെ, 'നിജകർമ്മനിരതനായി' ശരീരികം എന്തു മാറ്റവും കൈക്കൊള്ളുമെന്ന് അദ്ദേഹത്തോടൊപ്പം നമുക്കും സമ്മതിക്കാം. കർമ്മത്തിനാണോ, വാസനയ്ക്കാണോ, പരിസരശക്തിയ്ക്കാണോ വ്യക്തിയുടെമേൽ കൂടുതൽ സ്വാധീനമെന്നത് യുക്തിവാദികളും മനഃശാസ്ത്രവിദഗ്ദ്ധരും വേദാന്തചിന്തകരും കൂടിയിരുന്നാലോചിക്കേണ്ട ഒരു കാര്യം കൂടിയാണ്. പെട്ടെന്നൊരു കുരുക്കിൽ പെട്ടിട്ട് അതിൽനിന്ന് വലിച്ചൂരാൻ വേണ്ടി കർമ്മസിദ്ധാന്തത്തിന്റെ സഹായം തേടുന്നത് ചിന്താദാരിദ്ര്യത്തിന്റേതല്ലെങ്കിൽ മാനസവൈകൃതത്തിന്റെ ഫലമായിരിക്കും എന്നുമാത്രം ഇവിടെ സൂചിപ്പിക്കട്ടെ. അല്ലെങ്കിൽ, ദിവാകരയോഗിയുടെ സൃഷ്ടിയിൽ ഇനിയിവിടെ വിസ്തരിക്കാൻപോകുന്നപാകപ്പിഴ ആശാന് പറ്റില്ലായിരുന്നു.

[illegible]യായിട്ടാണ് ദിവാകരൻ ആദ്യം നളിനിയോട് സംസാരിക്കുന്നത്.

''അന്യഥാ മതിവരില്ലെനിക്ക നിൻ
മന്യവിങ്കൽ നിയതം മഹാവ്രതേ,
കന്യയെന്ന വടുവെന്നുമേല്യകി —
ല്ലന്യഭാവമറികാത്മവേദികൾ.''

കന്യയെന്നും വടുവെന്നും ആത്മവേദികൾ അന്യഭാവമറിയില്ലപോലും! അതു കേട്ട നളിനി അവരുടെ കൗമാരപ്രായ പ്രണയരംഗം മനോഹരമായി ചിത്രീകരിച്ചു. ആ 'അത്ഭുതചരിതം' ദിവാകരൻ കേട്ടു. വീണ്ടും ദിവാകരന് ഒന്നേ പറയാനുള്ളൂ. ''അന്തമററ ബഹുജീവകോടികൾ സ്വാന്തകർമ്മവശരായി തിരിഞ്ഞിടുമെന്ന്'' എന്നിട്ടും നളിനി വിട്ടില്ല. അവൾ കരഞ്ഞു. നഖം പചാശ്രുകൊണ്ട് ആ കാമുക സന്യാസിയുടെ പാദം അവൾ നനച്ചു. ആ മഹാൻ തിരിയെ നിന്നുപോലും! യോഗിയായതുകൊണ്ടാണോ മഹാനായതു്? അതോ നിർമ്മല പ്രേമമാകുന്ന വലയിൽ വീഴാൻ പോകുന്നതുകൊണ്ടോ? ഇനി കവിക്കൊരു പോംവഴിയേ ഉള്ളൂ. ആ നിർമ്മലസ്നേഹമാകുന്ന വലയുടെ ഓരോ നാരും പിരിച്ചു പിരിച്ചെടുക്കുക. അദ്ദേഹം വലയുടെ ഓരോ നാരുകൾ അഴിച്ചു തുടങ്ങി. സ്നേഹത്തെപ്പററിയുള്ള ആശാന്റെ പ്രഭാഷണമാണിനി. സ്നേഹഗായകനാണല്ലോ അദ്ദേഹം! സ്നേഹത്തെ അതിന്റെ വിശാലവും ഉദാത്തവുമായ ഭാവത്തിൽ നിർവചിച്ചാൽ മാത്രമേ താൻ പെട്ടുപോയ ഊരാക്കുടുക്കിൽനിന്ന് രക്ഷപ്പെടാൻ നിവൃത്തിയുള്ളൂ എന്ന് അദ്ദേഹത്തിന് തോന്നിക്കാണും.

എന്നിട്ടും ഫലിച്ചോ? എല്ലാം തകരാറിലായതു് അപ്പോഴാണ്. കാമുകിയെ തോഴിയെന്ന് വിളിച്ച് അവളുടെ ചെവിയിൽ ഒരു രഹസ്യമോതിപോൽ! വാക്കിനാൽ അപരിമേയമായ മഹാത്മ്യം അവൻ ഓതിപോലും! അതുകേട്ടമാത്രയിൽ അവളുടെ ശങ്ക പോയിപോലും! പുളകം അങ്കുരിച്ചു. ആ പങ്കഹീന വിറച്ചു. ''അന്തമറ്റതട രസോർമ്മിദുഃസ്ഥയായ്'' തടവല്ലിപോൽ ആ സതി ചാഞ്ഞുപോൽ! നിയമി കൈകൾകൊണ്ട് താങ്ങി — (ആ വാക്ക് ശ്രദ്ധിക്കുക — നിയമി എന്ന പ്രയോഗം). അന്യദുർല്ലഭവും അലോകസംഭവവും ആയ കേവലസുഖം ആ കന്യ ആസ്വദിച്ചുപോലും! (അതനുഭവിച്ചവർ എന്തെന്ന് പറയില്ല; പറയാൻ പാടില്ല. അലൗകികമല്ലേ?) അവളിൽനിന്നും 'ഓം' എന്ന 'ശ്രുതിനിഗൂഢവൈഖരി' നിർഗ്ഗമിച്ചു. (എന്തോ ഒരു ശബ്ദം പുറപ്പെടുവിച്ചു. മരിക്കാൻ പോവുകയല്ലേ? 'ഓം' ആവാം. അവിശ്വാസികളേ.) എന്തായാലും മരിച്ചു.

മരിച്ചോ? എങ്ങനെ? പെട്ടന്നങ്ങനെ മരിക്കുകയോ? 'അന്തമറ്റതട രസോർമ്മിയുടെ' ആഘാതംകൊണ്ട് മരിക്കാം. പാടില്ലായ്കയില്ല. ആകട്ടെ, അതു നമുക്ക് വിശ്വസിക്കാം. മഹായമിക്ക് ശങ്കതോന്നി. സംഭവിക്കേണ്ടതു് സംഭവിച്ചു. വീണ്ടും കർമ്മഗതിയെ താങ്ങായി പിടിച്ചു. യോഗിക്ക് പശ്ചാത്താപമായി. ചിരസമാഗമം സ്വയം തന്ന ദൈവഗതിയെ അദ്ദേഹം തൊഴുതു. പ്രകൃതി ഒന്നാകെ ആ വിയോഗത്തിൽ ദുഃഖിച്ചു. യോഗിയും പ്രകൃതിയുടെയൊരു ഭാഗമാണല്ലോ. ഒടുവിൽ നളിനീചിന്തകൊണ്ട് പിന്നീടുള്ള ജീവിതം ശുദ്ധമാക്കാൻ അദ്ദേഹം ഉറച്ചു. ലോകസേവയ്ക്ക് ഇറങ്ങി ദിവാകരൻ. ചിന്നസ്വാമിയിൽനിന്ന് ഗാർഹസ്ഥ്യജീവിതത്തിലേക്ക് ഇറങ്ങിവന്ന കുമാരനാശാനാണ് ആ ദിവാകരൻ.

നളിനിയെ കൊന്നതു് ആശാനോ, ദിവാകരനോ? ആശാനാണ് കവിയെന്നനിലയ്ക്ക് നളിനിയെ കൊന്നതു്. മിക്ക നായികമാരേയും അദ്ദേഹം കൊന്നിട്ടുണ്ട്. ആ അന്തർജ്ജനത്തെ കൊല്ലാതെ കൊന്നു എന്നൊരു വ്യത്യാസം മാത്രം. അദ്ദേഹത്തിനതു് ചെയ്യാതെ നിവൃത്തിയില്ല. സ്ത്രീ എന്നതു് ലൗകികസുഖത്തിന്റെ ഉപാധി ആണല്ലോ. ചിന്നസ്വാമി ലൗകികനാകുമ്പോഴുണ്ടായ ഒരുതരം മാനസികാസ്വാസ്ഥ്യത്തിന്റെ എതിരായുണ്ടായ പകവീട്ടലാവാം ഈ കൊലപാതകത്തിന് കാരണം. അസ്വാഭാവികമായ ജീവിതഗതിയിലേക്ക് ആദർശത്തിന്റെ പേരിൽ ആവശ്യമില്ലാതെ വഴുതി വീണുകഴിഞ്ഞാൽ ആരുതന്നെ കൊലപാതകിയാകില്ല? ജീവിതത്തിന്റെ നിഷേധാത്മകമായ ഈ ദുർവാസനകൊണ്ട് മലീമസമാണ് ആശാന്റെ മിക്ക കാവ്യങ്ങളും.

—



കരിമലച്ചോട്ടിലൊരു കരിമല നാട്ണ്ടേ,
കരിമലക്കാട്ടിലും കരിമലനാട്ടിലും
കറുത്തോരും വെളുത്തോരും
തിങ്ങി വസിച്ചിരുന്നേ.
കറുത്തോര് കളിമണ്ണ് കലപ്പയാൽ മറിച്ച്,
കാളിന്ദിയെ തിരിച്ചിട്ട്
കനകം വിളയിച്ച്,
ഉടയോരായ് വാണിരുന്ന വെളുത്തോർക്ക കൊട്ടത്തേ.
വെളുത്തോരും വെളുത്തോരും
തുറ്റു തിന്നു തടിച്ചേ,
കറുത്തോരും കറുത്തോരും
കിളച്ചാകെ മെലിഞ്ഞേ,
കരിമല നാട്ടിലെന്നും കരിംസൂര്യനുദിച്ചേ,
കരിംസൂര്യന് ചൂടില്ലാഞ്ഞ്
വെളുത്തവർ വിളർത്തേ,
കരിംസൂര്യന ചൂടില്ലാഞ്ഞ്
കറുത്തവർ തളർന്നേ,
ഒരു നാളിൽ കരിമല നാട് ചുവന്നുതിർന്നേ.
കരിമലനാട്ടിൻ മോളിൽ
ചോന്ന സൂര്യനുദിച്ചേ,
ചോന്ന സൂര്യന്റെ ചെമപ്പ്
നാട്ടിലാകെ പടർന്നേ.
ചെമപ്പിന്റെ ശക്തിയാലെ
വെളുത്തവർ ചെമന്നേ.
ചെമപ്പിന്റെ ശക്തിയാലെ
വെളുത്തവർ കറുത്തേ,
കറുത്തോരും കറുത്തോരും
കറുത്തോരു മൊന്നായേ,
ഉഴന്നോരു മുടയോരുമെല്ലാവരുമൊന്നായേ.

മുഹമ്മദ്

**തുടക്കം:** ഇന്നലെ ഞാൻ ഇലഞ്ഞിക്കുന്നിൻെറ നെറുകയിൽ തൊട്ടു. എത്രനാളം മനസ്സിൽ കൊണ്ടു നടന്ന മോഹമാണ്. പണ്ടെന്നോ, അമ്മയുടെ കയ്യിൽതൂങ്ങി കുന്നിന്മുകളിലെ ചെറിയ അമ്പലത്തിൽ പോയ ഒരോർമ്മ മാത്രം എൻെറയുള്ളിൽ മയങ്ങിക്കിടക്കുന്നുണ്ടായിരുന്നു. പക്ഷെ, ഇന്നലെ ആ ഓർമ്മയുടെ ചിറകുപോലും എന്നിൽ നിന്ന് കൊഴിഞ്ഞുപോയിരുന്നു. ഞാൻ മറ്റൊരു ധന്യതയുടെ വക്കിലായിരുന്നു.

**വേനൽ:** കിളികളുടെ വാക്കുകളിലെ താളം എവിടെയോ കേട്ടു മറന്നതുപോലെ തോന്നുന്നു. നനവാർന്ന പുൽപ്പരപ്പിൽ സ്വപ്നങ്ങളും നെയ്തിരിക്കുകയായിരുന്നു ഞങ്ങൾ. അവളുടെ കവിളത്തെ മറുകിൻെറ ശ്യാമളതയും, വിടർന്ന കണ്ണിലെ വിഷാദവും, എല്ലാമെല്ലാം എന്നെ വീണ്ടും അസ്വസ്ഥനാക്കി. ഏതോ ഒരു നശിച്ച ഗ്രീഷ്മകാലത്തിൽ ഞാനീ വ്യഥിതശ്രുതികളെല്ലാം കേട്ടിട്ടുണ്ട്. ഓർമ്മകൾ പിടഞ്ഞു. താളംതെറ്റി.



**ബാലഗോപാൽ എസ്**

മൗനത്തിൻെറ ഗർഭപാത്രം പിളർന്ന് വാക്കുകൾ എൻെറയുള്ളിൽ അരിച്ചു പടർന്നു. അവിടുത്തെവൃക്ഷത്തലപ്പുകളെല്ലാം എൻെറ വിഷാദത്തെ ഒപ്പിയെടുത്തു ഒടുവിൽ, സൂര്യൻെറ അവസാനത്തെ പാളിയും കുന്നിൻ ചരുവിൽ അലിഞ്ഞില്ലാതായപ്പോൾ ഞാൻ കുന്നിറങ്ങി. അപ്പോഴേയ്ക്കും എൻെറ സങ്കല്പത്തിൻെറ പക്ഷികളെല്ലാം എങ്ങോട്ടോ പറന്നകന്നിരുന്നു, വാക്കുകളുടെ സംഗീതംമാത്രം മനസ്സിൽനിറഞ്ഞു നിന്നു.

എൻെറ വിഷാദമെല്ലാം വീണ്ടും കെട്ടഴിഞ്ഞുവീണു, ഞാൻ മറ്റൊരു ഇലഞ്ഞിക്കുന്നു കയറുകയായിരുന്നു — എനിക്കപരിചിതമായ മൗനത്തിൻെറ ഇലഞ്ഞിക്കുന്ന്. കുന്നിൻചരിവിലെ വൃക്ഷത്തലപ്പുകളെല്ലാം എൻെറ വിഷാദത്തെ ഒപ്പിയെടുത്തു. സങ്കല്പത്തിൻെറ പക്ഷികൾ എങ്ങോട്ടോ പറന്നകന്നു — ഒടുവിൽ ഞാൻ മാത്രം. □

# സൗരോർജ്ജം

പി. വേലായുധൻ നായർ

മദ്ധ്യകാലഘട്ടത്തിനോടടുത്താണു് മനുഷ്യനു് ഊർജ്ജത്തിന്റെ ആവശ്യം ഏറിവന്നതു്. അന്നവൻ ഈ ആവശ്യത്തിലേക്കായി പ്രകൃതിയിൽ സുലഭമായിരുന്ന വൃക്ഷങ്ങളെ ആശ്രയിച്ചു. ഇന്ധനമെന്നതിലുപരി നിത്യോപയോഗ ജീവിതത്തിലത്യന്താപേക്ഷിതങ്ങളായ ഉപകരണങ്ങളുടെ നിർമ്മിതി വർദ്ധിച്ച തോതിലുള്ള വനനശീകരണത്തിനു് കാരണമായി.

ഈ ഘട്ടത്തിൽ ഊർജ്ജത്തിനായി മറ്റു മേഖലകളിലേക്കു് കടക്കേണ്ടതായ ഒരു അവസ്ഥാവിശേഷം സംജാതമായി. മനുഷ്യൻ നിരാശനായില്ല. അവന്റെ അന്വേഷണ ദൃഷ്ടി എണ്ണപ്പാടങ്ങളിലും കൽക്കരിഖനികളിലും ചെന്നെത്തുക തന്നെ ചെയ്തു. പിന്നീടുള്ള നാളുകളിൽ എണ്ണ-കൽക്കരി-ഇവയുടെ സാധ്യതകൾ മനുഷ്യൻ പരമാവധി പ്രയോജനപ്പെടുത്തുവാൻ തുടങ്ങി.

വൈദ്യുതിയുടെ കണ്ടുപിടിത്തത്തോടെ മേൽപറഞ്ഞ ഊർജ്ജം വിദ്യുച്ഛക്തിയാക്കി മാററുവാനുള്ള ശ്രമത്തിലായി കൂടുതൽ ശ്രദ്ധ. നിരവധി പരീക്ഷണ നിരീക്ഷണങ്ങളെ തുടർന്നു് ജലപാതങ്ങളിൽനിന്നും, അണകെട്ടി നിർത്തിയ ജലാശയങ്ങളിൽ നിന്നും, സമുദ്രത്തിലെ വേലിയേററ വേലിയിറക്ക നിയമങ്ങളെ മുതലെടുത്തുകൊണ്ടും വിദ്യുച്ഛക്തി നിർമ്മിക്കുവാൻ സാധിച്ചതു് ഒരു വലിയ വിജയമായിരുന്നു. എങ്കിലും നാമിപ്പോഴും അധികമായി ഉപയോഗിക്കുന്നതു് കൽക്കരിയും എണ്ണയും തന്നെയാണു്. എണ്ണയെ സംബന്ധിച്ചാണെങ്കിൽ അതിന്റെ ഉല്പാദനമേഖല മദ്ധ്യപശ്ചിമേഷ്യയിലെ അറബിരാഷ്ട്രങ്ങളാണെന്നു് പറയേണ്ടിയിരിക്കുന്നു. കൽക്കരി ഇന്നു് മിക്കവാറുമെല്ലാരാജ്യങ്ങളിലും ഉല്പാദിപ്പിക്കപ്പെടുന്നുണ്ടു്. എന്നാൽ ഇവയുടെ അളവു് ഭൂമിയിൽ എത്രത്തോളം പരിമിതമാണെന്നു് ചിന്തിക്കാതെ, ഊർജ്ജങ്ങളെ അനാവശ്യമായി വ്യയം ചെയ്യുന്ന സ്ഥിതിവിശേഷമാണിന്നിവിടെ നിലവിലുള്ളതു്. വ്യാവസായിക യുഗത്തിലേക്കു് മുന്നേറുവാൻ വെമ്പൽകൊള്ളുന്ന വികസ്വര രാജ്യങ്ങൾ പെട്രോളിയത്തെ മാത്രം മുന്നിൽ കണ്ടുകൊണ്ടു് വലിയ വ്യവസായങ്ങൾ ആരംഭിക്കുന്നു. ഫലമോ? വർദ്ധിച്ച ഇന്ധനച്ചിലവും തൊഴിലവസരങ്ങൾ കുറവും! അതുകൊണ്ടുതന്നെ വികസ്വര രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ഈ സമീപന രീതി തികച്ചും അശാസ്ത്രീയമാണെന്നു് പറയാതെവയ്യ.

ഭൂമിയിൽ എണ്ണയുടെയും കൽക്കരിയുടെയും അളവു് നന്നേകുറവാണെന്ന സത്യം മനസ്സിലാക്കിയ മനുഷ്യൻ പരിഹാരമായി പുതിയ ഇന്ധനങ്ങൾ തേടി അലയുവാൻ തുടങ്ങി. അങ്ങനെ ആദ്യം സൗരോർജ്ജവും പിന്നീടു് ആണവോർജ്ജവും മനുഷ്യന്റെ സവിശേഷശ്രദ്ധ പിടിച്ചുപററി.

പുരാതനകാലംമുതൽ തന്നെ സൗരോർജ്ജം നാം ഉപയോഗിച്ചു തുടങ്ങിയിരുന്നു. ധാന്യങ്ങളും മററും ഉണക്കുവാൻ വേണ്ടിവരുന്ന നിസ്സാരശക്തിയിൽനിന്നു് വ്യതിരിക്തമായ ഊർജ്ജവിശേഷം സൂര്യരശ്മികൾക്കുണ്ടെന്നു മനസ്സിലാക്കിയതോടെ, ആ ശക്തിയെ ചൂഷണം ചെയ്യുവാനുള്ള ശ്രമമായി.

സൂര്യരശ്മിയുടെ ഊഷ്മാവിനെമാത്രം ആശ്രയിച്ചായിരുന്നു ആദ്യകാല പരീക്ഷണങ്ങൾ. ഒരു പരന്ന പ്രതലത്തിൽ

(flat plate collector) വീഴുന്ന രശ്മികൾ ആ പ്രതലത്തെ ചൂടുപിടിപ്പിക്കുന്നു. ഈ ചൂടിനെ ജലമോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ദ്രവപദാർത്ഥമോ ഉപയോഗിച്ച് ആഗിരണം ചെയ്യിക്കുന്നു. എന്നാൽ ഇത്തരം പരന്ന പ്രതലങ്ങളുപയോഗിച്ച് വളരെ കുറഞ്ഞ താപനില ഉണ്ടാക്കുവാൻ മാത്രമേ സാധിക്കുകയുള്ളു.

ഒരു ദിവസത്തിൽ പന്ത്രണ്ടു മണിക്കൂറും നമുക്ക് സൂര്യപ്രകാശം ലഭിക്കുന്നില്ല. എന്നാൽ ശക്തിയേറിയ സൂര്യരശ്മികൾ ഏകദേശം എട്ടുമണിക്കൂർ സമയത്തേക്ക് മാത്രമേ ലഭിക്കുന്നുള്ളു. ബാക്കിയുള്ള പതിനാറ് മണിക്കൂർ നേരത്തേക്കുള്ള ഊർജ്ജം നാം സംഭരിച്ചുവെക്കേണ്ടിയിരിക്കുന്നു. ഇതിനു പുറമെ മഴക്കാലത്തും, മേഘങ്ങൾ മൂടിക്കെട്ടിയ ദിനങ്ങളിലും സൂര്യരശ്മി ലഭിക്കുന്നില്ല. അതുകൊണ്ട് ലഭിക്കുന്ന ഊർജ്ജത്തിൽ വലിയൊരുഭാഗം നാം സൂക്ഷിച്ചു വെയ്ക്കാതെ വയ്യ. ഇതെങ്ങനെ സാധിതപ്രായമാക്കാം?

ആദ്യകാലങ്ങളിൽ ജലവും ചരൽക്കല്ലുകളും ചേർന്ന തറയാണിതിനുപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ പലതരത്തിലുള്ള -organic salts- ഈ ആവശ്യത്തിനു ഉപയോഗിക്കുന്നുണ്ട്.

plate collector – ഉപയോഗിച്ചാൽ 100°C വരെയുള്ള താപനില നമുക്കുണ്ടാക്കാം. എന്നാൽ വിസ്താരമേറിയ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന സൂര്യരശ്മികളെ ഒരു ചെറിയ plate collector – ലേക്കു ഫോക്കസ് ചെയ്യിക്കുകയാണെങ്കിൽ 200°C തൊട്ട് 3000°C വരെയുള്ള താപനിലയുണ്ടാക്കുവാൻ സാധിക്കുമെന്ന് കണ്ടുപിടിക്കപ്പെട്ടു. ഇത്തരം focus collector-ൽ നിന്നുള്ള ഉയർന്ന താപം ഉപയോഗിച്ചാണ് സോളാർപമ്പുകൾ പ്രവർത്തിക്കുന്നത്.

ഇന്ന് നമ്മുടെ നാട്ടിൽ മുഖ്യമായും മൂന്നു മേഖലകളിലാണ് സൗരോർജ്ജം ഉപയോഗിക്കപ്പെടുന്നത്. അത് ഗൃഹങ്ങളിലും കാർഷികരംഗത്തും, ചെറുകിട വ്യവസായ രംഗത്തുമാണ്. എന്നാൽ വ്യാപകമായ തോതിൽ സൗരോർജ്ജത്തിന്റെ സാധ്യതകൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതു സംബന്ധിച്ച ഊർജ്ജിത ഗവേഷണങ്ങൾ ഡൽഹിയിലെ national physical laboratary – NPL- യിലും മറ്റ് അനേകം യൂണിവേഴ്സിറ്റികളിലും നടക്കുന്നുണ്ട്.

അടുത്തതായി സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന ചില ഉപകരണങ്ങൾ പരിശോധിക്കാം. ഇവയിൽ ഏറ്റവും ലളിതമായ ഉപകരണമാണ് – solar drier ധാന്യങ്ങൾ, വിത്തുകൾ മറ്റ് ഫലങ്ങൾ എന്നിവ അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന രീതിയിൽ ഉണക്കിന്റെ അളവ് ക്രമീകരിക്കുവാൻ ഈ ഉപകരണം മൂലം സാധിക്കുന്നു. Solar Air Heater– ഈ രംഗത്ത് ഒരു പുതിയ കാൽവെയ്പ്പാണ്. നിരത്തിയിട്ട ധാന്യത്തിന്റെ മുകളിൽകൂടി Plate Collector–ൽ നിന്നുള്ള ചൂടാക്കിയ വായു കടന്നുപോകുന്നു. തെളിഞ്ഞ കാലാവസ്ഥയുള്ള ദിവസം മണിക്കൂറിൽ അമ്പത് കിലോഗ്രാം ധാന്യമുണക്കുവാൻ ഒരു ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള Plate Collector മതിയാകും.

ലാബറട്ടറികളിലും, ആരോഗ്യകേന്ദ്രങ്ങളിലും എപ്പോഴും ആവശ്യം വരുന്ന Distilled water – ഒരു ചെറിയ സംവിധാനമുപയോഗിച്ച് ഉണ്ടാക്കാവുന്നതാണ്. ഒരു ഗ്ലാസ്സ്കൂടിനകത്തുള്ള Flat Plate Collector അതിനടിയിലുള്ള ജലത്തെ ചൂടാക്കുന്നു. ആ ജലം ബാഷ്പീകരിച്ച് മുകളിൽ ചരിച്ചുവെച്ചിട്ടുള്ള ഗ്ലാസ്സ് പ്ലേറ്റിൽ ഘനീഭവിച്ച് ഒരുവശത്തേക്ക് ഒഴുകുന്നു. ഡിസ്റ്റിൽഡ് വാട്ടർ ഇപ്രകാരം സംഭരിക്കപ്പെടുന്നു. ഈ ഉപകരണത്തെ Solar Still എന്നു പറയുന്നു. ഒരു ചതുരശ്രമീറ്ററിൽ നിന്ന് ഒരു ദിവസം ഏകദേശം മൂന്നു ലിറ്റർ വരെ ഡിസ്റ്റിൽഡ് വാട്ടർ ലഭിക്കുന്നു.

ഇപ്പോൾ ഒട്ടുവിധം വ്യാപകമായി പ്രചരിച്ചു വരുന്ന ഒരു ഉപകരണമാണ് സോളാർ ഹീറ്ററുകൾ. ഹോസ്റ്റലുകൾ, ആശുപത്രികൾ, നീന്തൽക്കുളങ്ങൾ എന്നിവിടങ്ങളിലെല്ലാം വെള്ളം ചൂടാക്കുവാൻ ഇപ്പോൾ Sollar Heater-കൾ ഉപയോഗിക്കുന്നു. വീടുകളിലും ഇവ ഉപയോഗിക്കാം.

കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കറുത്തലോഹത്തകിട് പാകി അതിനു മുകളിൽക്കൂടി ഒരു ചെറിയ നീർധാര നടത്തിക്കൊണ്ടിരിക്കുക. വെള്ളത്തിനു ചൂടുപിടിക്കുന്നു. വെള്ളം ഒഴുകുന്നതിന്റെ അളവ് കൂട്ടിയും കുറച്ചും ആവശ്യമുള്ള താപനില നമുക്കുണ്ടാക്കാവുന്നതാണ്.

ഗ്രാമങ്ങളിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ മുതലായവ ചെറിയ നഗരങ്ങളിൽ മറ്റു. പച്ചക്കറികൾ പാൽ മുതലായവ സംഭരിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സൗകര്യപൂർവ്വം ഉപയോഗിക്കാവുന്ന ഒന്നാണ് Flat plate collector- കൊണ്ട് പ്രവർത്തിക്കുന്ന ശീതീകരണികൾ. അമോണിയ ആണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നതു്. ഇന്ത്യയിൽത്തന്നെ സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന ജനതാ റെഫ്രിജറേറ്ററുകൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് എയർകണ്ടീഷൻ രംഗത്തും സൗരോർജ്ജം എത്തിയിരിക്കുന്നു. സൂര്യരശ്മിയുടെ അളവ് കൂട്ടുന്ന Mirror Boosters ഉപയോഗിച്ച Flat plate collector ആണ് സോളാർ എയർകണ്ടീഷനിങ്ങ് യൂണിറ്റിലുള്ളതു്. സോളാർ വാട്ടർ പമ്പുകളാണ് കൂടുതൽ ജനശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നതു്. കുറഞ്ഞതും ഉയർന്നതുമായ താപനിലകളിൽ പ്രവർത്തിക്കുന്ന സോളാർ പമ്പുകളിപ്പോൾ രംഗത്തുണ്ട്. ചൂടു പിടിച്ച ജലത്തിന്റെ ഗതിയെ (thermosy-phon) അടിസ്ഥാനമാക്കിയാണ് ഇവ നിർമ്മിച്ചിട്ടുള്ളതു്. ചൂടുപിടിച്ച ജലം Butane ദ്രാവകത്തെ ഒരു evaporator-ൽ വെച്ച് ബാഷ്പീകരിക്കുന്നു. ഇങ്ങനെയുണ്ടാവുന്ന Butane ബാഷ്പം ഒരു പിസ്റ്റൺ ചലിപ്പിക്കുന്നു. ഈ ബാഷ്പം പിന്നീട് ഘനീഭവിച്ച് ഒരു reinjection pump-ൽ കൂടി വീണ്ടും evaporator -ൽ എത്തുന്നു. പിസ്റ്റണിനോട് ഘടിപ്പിച്ച ഒരു h droulic pump- ജലം പമ്പു ചെയ്യുന്നു. ശേഖരിക്കപ്പെട്ട ഒരു കണക്കനുസരിച്ച് എഴുപതിരണ്ട് ചതുരശ്രമീറ്റർ Collector – കൊണ്ട് ഇരുപതുമീറ്റർ താഴ്ചയിൽനിന്ന് മണിക്കൂറിൽ പത്തു് ക്യൂബിക് മീറ്റർ ജലം വരെ പമ്പു ചെയ്യാമെന്ന് കണ്ടിട്ടുണ്ട്. ഈ അടുത്ത കാലത്തു് കടൽക്കരയിൽ ഒരു വലിയ ടാങ്ക് കെട്ടി, സോളാർ പമ്പുകൾ കൊണ്ട് അതിൽ കടൽവെള്ളം നിറച്ച് കിട്ടുന്ന ജലംകൊണ്ട് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നുണ്ടു്.

N. P. L. ഉണ്ടാക്കിയ സോളാർ കുക്കറുകൾ ജനപ്രീതിനേടിയില്ല. കാരണം വീട്ടമ്മമാർ അടുക്കളക്ക് പുറത്തുനിന്ന് ആഹാരം പാകംചെയ്യുവാൻ തയ്യാറായില്ല എന്നതുതന്നെ. എന്നാൽ ഇന്ത്യൻ ഗ്രാമങ്ങളിൽ സോളാർ കുക്കറുകൾ (reflectotype) ഒരു വമ്പിച്ച വിജയമായിരിക്കും എന്നതിൽ സംശയമില്ല. എം. കെ. ഘോഷ് എന്ന ഒരു ഗവേഷകൻ nirror reflector ഉപയോഗിച്ച് ഒരു അടുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പക്ഷെ അതിന്റേയും ഗതി മേൽ പറഞ്ഞതുതന്നെ. Flat Plate Collectr-ൽ നിന്നും നീരാവി ഉണ്ടാക്കി അതുകൊണ്ട് പ്രവർത്തിക്കുന്ന അടുപ്പുകളും ഉണ്ട്. ഇവ അടുക്കളക്കകത്തും ഉപയോഗിക്കാവുന്നതാണ്. 100°C വരെ ചൂട് ഈ അടുപ്പുകൾക്ക് കൈവരിക്കാം.

1954ൽ ആണ് ഈ രംഗത്തെ ഏറ്റവും വലിയ കണ്ടുപിടിത്തം നടന്നതു്. ഒരു Silicon P–N Junct on ഉപയോഗിച്ച് സൂര്യരശ്മികളെ നേരിട്ട് വിദ്യുച്ഛക്തിയാക്കി മാററമെന്ന് അന്ന് കണ്ടുപിടിച്ചു. അതിനുശേഷം പലതരം സെമികണ്ടക്ടറുകൾ (Semiconductors) ഉപയോഗിച്ച് പരീക്ഷണം ആവർത്തിച്ചു. കാഡ്മിയം സൾഫൈഡ് (cds) ഗാലിയം ആഴ്സനൈഡ് (G, As) എന്നിവ പിന്നീട് ഉപയോഗിച്ചുനോക്കി. എങ്കിലും അന്ന് വളരെ നന്നായി പ്രവർത്തിച്ചതു്. silicon cell-കൾ ആയിരുന്നു. പക്ഷെ silicon- ന്റെ അമിതമായ വിലകാരണം, solar cellകൾ ബഹിരാകാശ വാഹനങ്ങൾക്ക് മാത്രം ഉപയോഗിച്ചു. ഒരു വാട്ട് വിദ്യുച്ഛക്തിയുണ്ടാക്കുവാൻ അന്ന് 1500 മുതൽ 7500 രൂപവരെ ചിലവ് വന്നു. ഈ തുക കുറക്കുവാനായിരുന്നു പിന്നെയുള്ള ശ്രമം. Cds ഉപയോഗിച്ചുള്ള solar cellകൾക്ക് അന്ന് ആയുസ്സ് നന്നെ കുറവായിരുന്നു. എന്നാൽ ഒരു സംഘം ഇപ്പോൾ ഗവേഷകരുടെ പരിശ്രമം മൂലം കൂടുതൽ ആയുസ്സുള്ള Cds കൊണ്ടുണ്ടാക്കിയ thin film cellകൾ വിക

സിപ്പിച്ചിട്ടുള്ളൂ. എന്നാൽ ഈ രംഗത്ത് കൂടുതൽ കാര്യക്ഷമത കാണിക്കുന്നത് $G_aAs$ കൊണ്ടുള്ള thin film photo cell കളാണ്. സൂര്യപ്രകാശത്തിലുള്ള മുഴുവൻ നിറങ്ങളും ആഗിരണം ചെയ്ത് കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന ചിലവു കുറഞ്ഞ solar cell കൾ ഉണ്ടാക്കി എടുക്കുവാനാണ് ശാസ്ത്രജ്ഞന്മാരുടെ നീക്കം.

ഒരു ചതുരശ്ര അടി solar cell ന് അര്‍ പത്ത് വാട്ട് അഥവാ അരവോൾട്ട് (0.5 v) വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാൻ സാധിക്കും. ഇത് അത്രയധികമല്ല. എന്നാൽ ശ്രദ്ധിക്കപ്പെടേണ്ടകാര്യം എന്തെന്നാൽ solar cell-കളിൽ രാസപദാർത്ഥങ്ങളോ, ദ്രവ്യപദാർത്ഥങ്ങളോ, ചലിക്കുന്ന ഘടനയോ ഇല്ലെന്നുള്ളതും സൂര്യരശ്മികൾ ഉള്ളിടത്തോളം കാലം അത് വിദ്യുച്ഛക്തി ഉല്പാദിപ്പിച്ചുകൊണ്ടിരിക്കും എന്നുള്ളതുമാണ്. സഹാറയും അതുപോലെ മററ് ഉപയോഗശൂന്യമായ സ്ഥലങ്ങളും solar cell കൾ കൊണ്ട് മൂടുകയാണെങ്കിൽ മനുഷ്യവംശം നിലനില്ക്കുന്നതുവരെ ആവശ്യം വരുന്ന വൈദ്യുതോർജ്ജം ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. പകൽ സമയത്ത് ഈ ഊർജ്ജം സൂക്ഷിച്ചു വെക്കേണ്ടതാവശ്യമാണല്ലോ. ഇതിനുവേണ്ടി സാധാരണമായി ഉപയോഗിക്കുന്നത്. റീച്ചാർജ്ജ് ചെയ്യാവുന്ന Nickel cadmium ബാററികളോ Lead storage ബാററികളോ ആണ് പുതുമയേറിയ ഒരു കണ്ടുപിടിത്തം അമേരിക്കയിൽ നടന്നിട്ടുണ്ട്. സോളാർസെല്ലുകൾ പതിച്ച ഉപഗ്രഹങ്ങൾ ഭൂമിക്കുചുററും സഞ്ചരിക്കുന്നു. ഇവയിൽ വീഴുന്ന സൗരോർജ്ജം micro wave beam ആക്കിമാററുന്നു. ഈ തരംഗങ്ങളെ ഭൂമിയിലെ സ്റ്റേഷനുകളിൽ സ്വീകരിച്ച് അതിനെ വിദ്യുച്ഛക്തിയാക്കി മാററുന്നു. പക്ഷെ ഇതിനുവേണ്ടി ചിലവാകുന്ന തുക എന്തെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ജപ്പാനാണ് സോളാർ സെല്ലുകൾക്ക് വേണ്ടി അധികം ധനംചെലവിടുന്നത്. 14 വാട്ടിനും 250 വാട്ടിനും ഇടക്ക് ശക്തിയുള്ള 250ൽ പരം solar cellകളാൽ പ്രവർത്തിക്കുന്ന ലൈററ് ഹൗസുകൾ അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുവേണ്ട ഒരു വാട്ട് ഊർജ്ജത്തിനുള്ള ബാററികളുടെ വിലതന്നെ ഏകദേശം 50000 yen ആണ്. ഇന്ത്യയിൽ solar cell കൾ ഗവേഷണ പഠനങ്ങൾക്കായി ഇറക്കുമതിചെയ്യുന്നുണ്ട്. ഇപ്പോൾ ചെറിയ തോതിൽ അവ നിർമ്മിക്കുവാനും തുടങ്ങിയിട്ടുണ്ട്. വിലകുറവുള്ള സെല്ലുകൾ ഉണ്ടാക്കുവാനാണ് ഇപ്പോൾ നടക്കുന്ന ശ്രമം. പലതരം organic compound കൾ ഉപയോഗിച്ച് പരീക്ഷണം നടത്തികൊണ്ടിരിക്കുന്നു. ഇവയിൽ chlorophyl-semiconductor ഉപയോഗിച്ചിട്ടുള്ള സെല്ലുകൾക്ക് വിലതാരതമ്യേന കുറവാണ്.

ഇപ്പോഴും വളരെയധികം ഗവേഷണങ്ങൾ നടക്കുന്ന ഒരു വിപുലമായ മേഖലയാണല്ലോ സൗരോർജ്ജത്തിനുള്ളത്. എന്നാൽ സൗരോർജ്ജത്തിന്റെ ഉപയോഗത്തിന് വിഘാതമായി നിൽക്കുന്ന വളരെയധികം കാര്യങ്ങളുണ്ട്. ഒന്നാമതായി അതിനുവേണ്ടിവരുന്ന സാധന സാമഗ്രികളുടെ ഭീമമായ ചെലവുതന്നെ. പക്ഷെ ഒരിക്കൽ സ്ഥാപിച്ചു കഴിഞ്ഞാൽ പിന്നെ യാതൊരുവിധ പരിരക്ഷണ ചിലവുകളും ഉണ്ടാവുകയില്ല എന്നത് സവിശേഷശ്രദ്ധ അർഹിക്കുന്നു. സൗരോർജ്ജം നമുക്ക് ഉപയോഗപ്പെടുത്തണമെങ്കിൽ സൂര്യരശ്മികളുടെ ശക്തിയും കൂടി കണക്കിലെടുക്കണം. ഭൂമധ്യരേഖക്ക് ഇരുവശവും ഇരുപത്തിമൂന്നര ഡിഗ്രി അക്ഷാംശങ്ങൾക്കിടയിലുള്ള സ്ഥലത്ത് മാത്രമേ ഇത്തരം ഉപകരണങ്ങൾ സൗകര്യപൂർവ്വം ഉപയോഗിക്കുവാൻ സാധിക്കുകയുള്ളു. അതിനപ്പുറമുള്ള സ്ഥലങ്ങളിൽ സൂര്യരശ്മികൾ വലിയ ചരിവോടുകൂടിയാണ് ഭൂമിയിൽ പതിക്കുന്നത്. തന്മൂലം അവയുടെ ശക്തി താരതമ്യേന കുറവായിരിക്കും. ഇന്ത്യ മുഖ്യമായും ഒരു കാർഷിക രാജ്യമായതിനാൽ സൗരോർജ്ജം കൂടുതലായി ഉപയോഗിക്കുവാനുള്ള സാഹചര്യങ്ങൾ ഇവിടെ വേണ്ടുവോളമുണ്ട്. പക്ഷെ ഇന്ത്യൻ കർഷകരുടെ സാമ്പത്തിക നില സൗരോർജ്ജം വേണ്ടതുപോലെ ഉപയോഗിക്കുവാൻ അവരെ അനുവദിക്കുന്നില്ല. വ്യവസായ യുഗത്തിന്റെ ഭ്രമാത്മകമായ മോഹവലയത്തിൽപ്പെട്ടുഴലുന്ന ഇന്നാട്ടിലെ ശാസ്ത്രജ്ഞരും മററ് അഭ്യുദയകാംക്ഷികളും ഈ ഒരു ചെറിയ — വലിയ പ്രശ്നത്തെ കുറിച്ച് ചിന്തിച്ചിരുന്നെങ്കിൽ! □

# വൃക്ഷഗാഥ

ഞാൻ കണ്ണുതുറന്നപ്പോൾമുതൽ കാണുന്നതു് ഈ വൃക്ഷത്തിന്റെ ചില്ലകളാണു്. ഞാൻ കണ്ണടച്ചു് മയങ്ങിയതുമുതൽ മുഴുവൻ ഈ വൃക്ഷത്തിന്റെ നിഴലിലാണു്. എനിക്കച്ഛനില്ല എനിക്കമ്മയില്ല. എനിക്കുള്ളതു മുഴുവൻ ഈ വൃക്ഷമാണു്. എന്റെ എല്ലാം ഈ വൃക്ഷമാണു്. ഞാൻ ഞാനല്ല. ഞാൻപോലും ഈ വൃക്ഷമാണു്.

ജനിച്ചപ്പോൾമുതൽ ഞാൻ ഈ വൃക്ഷത്തിന്റെ ചുവട്ടിലായിരുന്നു. ഞാനിവിടെനിന്നു് എങ്ങും പോയില്ല. ഈ മരത്തണലിൽ മയങ്ങിക്കിടന്നു. ഈ വൃക്ഷത്തിന്റെ കായ്കനികൾ തിന്നു വിശപ്പടക്കി. എന്റെ വിശപ്പുതീർക്കുവാൻ ഈ വൃക്ഷം കായ്ച്ചു. എന്റെ കണ്ണു് കുളിർപ്പിക്കാൻ ഈ വൃക്ഷം പുഷ്പിച്ചു എനിക്കാസ്വദിക്കാൻ അതു നൃത്തമാടി; ഇലകളുടെ താളത്തിൽ ദുഃഖിക്കുമ്പോഴെല്ലാം ഞാൻ ഈ വൃക്ഷത്തെ കെട്ടിപ്പിടിച്ചു കരഞ്ഞു. അപ്പോഴെല്ലാം ഈ വൃക്ഷം എന്നെ ആശ്വസിപ്പിച്ചു.

ഒരിക്കൽ, ഈ വൃക്ഷത്തിന്റെ ചുവട്ടിൽനിന്നു് രക്ഷപ്പെടണമെന്നു് എനിക്കു തോന്നി. അന്നു്, ഞാൻ വൃക്ഷത്തേയും കൊണ്ടുപോകാനാഗ്രഹിച്ചു. പക്ഷെ വൃക്ഷം ഞാൻ വിളിച്ചിട്ടു് വന്നില്ല. വലിച്ചിട്ടും വന്നില്ല. വൃക്ഷം എന്നെ അതിന്റെ ചില്ലകളിൽ കയററിയിരുത്തി. കാററു് എന്നെ താലോലമാട്ടി. ചില്ലകൾ ഊഞ്ഞാലാട്ടി. എനിക്കുറക്കം വന്നപ്പോൾ ചില്ലകളിൽ കിടത്തിയുറക്കി. ഇലകൾ കൊണ്ടെന്റെ നഗ്നത മറച്ചു. [illegible]പനിനീർ കൊണ്ടെന്റെ ദാഹം തീർത്തു.

ഇന്നലെകളെല്ലാം എനിക്കാശ്വാസപ്രദങ്ങളായിരുന്നു. ഈ വൃക്ഷത്തിന്റെ ആശ്രയത്തിൽ എനിക്കു സന്തോഷമായിരുന്നു. ഇന്നു്, എനിക്കിവിടെനിന്നു പോകണം. പോകേണ്ടി വന്നിരിക്കുന്നു. എനിക്കു വേണ്ടിയല്ല. വൃക്ഷത്തിനു വേണ്ടി. എനിക്കിനിയിവിടെ തണൽ കിട്ടില്ല, ആഹാരം കിട്ടില്ല, സ്വസ്ഥത കിട്ടില്ല. വൃക്ഷം മരിച്ചിരിക്കുന്നു!

മരണം എന്നിൽ കടുത്ത ആഘാതമേല്പിച്ചു. മരണത്തെ ഞാൻ ഭയന്നു. മരണത്തെ ഭയന്നു് ഞാൻ ജീവിക്കാനുറച്ചു. പക്ഷെ ജീവിക്കുവാനെനിക്കു വഴിയില്ല. എനിക്കു തണൽ വേണം. ആഹാരം വേണം. സ്വസ്ഥത വേണം. ഇതൊന്നും എനിക്കു കിട്ടിയില്ല. ജീവിതത്തിന്റെയും മരണത്തിന്റെയും കനത്ത മതിലുകൾക്കു നടുവിൽ ഞാൻ ആലംബമില്ലാതെ ഉഴറിനടന്നു. രണ്ടു മതിലുകളും എനിക്കു കയ്യെത്താനാകാത്തത്ര ഉയരത്തിലായിരുന്നു. വീണ്ടും അഭയം തേടി മരിച്ചുവീണ വൃക്ഷത്തിനരികിലേയ്ക്കു് ഞാൻ ഇഴഞ്ഞു നീങ്ങി. ജീർണ്ണിച്ചുതുടങ്ങിയ വൃക്ഷത്തിന്റെ വേരുകളിലൂടെ ഞാൻ മണ്ണിന്നടിയിലേയ്ക്കിഴഞ്ഞു; ഉറവയും തേടി............

—അവസാനം നിലനില്പിന്റെ ആശ്വാസദായകമായ നിമിഷം വന്നണഞ്ഞു. .........ഞാൻ വൃക്ഷമായി രൂപാന്തരപ്പെട്ടിരിക്കുന്നു! എനിക്കറിയാവുന്ന, എന്റേതു മാത്രമായ പരിണാമം. □

**കൃഷ്ണകുമാർ എ. എസ്.**

# കലയും 'യൂട്ടിലിററി' യും

പൗലോസ്‌ അരീയ്ക്കൽ

പ്രകൃതിയോടു് മല്ലിട്ടു് ജയിക്കുന്നതുവരെ ഈ ഭൂമുഖത്തു് കഴിഞ്ഞുകൂടാൻ പിറന്നുവീണ മനുഷ്യൻ വനാന്തരങ്ങളിൽ ഒററയ്ക്കങ്ങനെ അലഞ്ഞുതിരിഞ്ഞു നടന്നപ്പോഴും അവൻെറ അന്തരംഗത്തിൽ ഭാവനയുടെ ചിറകുകൾ മുളച്ചു. ചക്രവാള സീമകളിലേയ്ക്കു് പറന്നുയരാൻ ആ ഭാവന വെമ്പൽകൊണ്ടു. പ്രകൃതിയോടു മല്ലിട്ടു് അതിനെ അതിജീവിയ്ക്കുവാൻ അവൻ ശ്രമമാരംഭിച്ചതോടെ പ്രകൃതി അവനു് കീഴടങ്ങിത്തുടങ്ങി.

ആദിമ മനുഷ്യൻ കല്ലുകൊണ്ടു് ആയുധങ്ങളും ഉപകരണങ്ങളും ഉണ്ടാക്കിയപ്പോൾ ശാസ്ത്രത്തിൻെറ ആരംഭംകുറിയ്ക്കപ്പെട്ടു. അതോടൊപ്പം ആ കല്ലുകൊണ്ടുതന്നെ ആഭരണങ്ങൾ നിർമ്മിച്ചപ്പോൾ അതിൽ കവിത വിരിഞ്ഞു. അങ്ങനെ ഭാവനയുടെ വളക്കൂറുള്ള മണ്ണിൽനിന്നു് ശാസ്ത്രവും കലയും ഉടലെടുത്തു.

വ്യക്തിയുടേയും അവനുൾപ്പെടുന്ന സമൂഹത്തിൻെറയും ആവശ്യങ്ങൾ നിറവേററി സുഖം സമ്പാദിച്ചുകൊടുക്കാൻ വേണ്ടിയാണു് കലയും ശാസ്ത്രവും ഉടലെടുത്തതു്. ഇവ രണ്ടും സമൂഹത്തിൻെറ സൃഷ്ടിയാണു്. ശാസ്ത്രകാരനും കലാകാരനും ഭാവന കൂടിയേതീരൂ. ഒററ നോട്ടത്തിൽ തോന്നിയേക്കാം 'തിയററിക്കൽ കൺക്ലൂഷൻ' അല്ലേ ശാസ്ത്രമെന്നു്. ഇതു് ശരിയല്ല. ഉദാഹരണംകൊണ്ടു് വ്യക്തമാക്കാം. ന്യൂട്ടൺ ആപ്പിൾച്ചെടിയുടെ കീഴിൽ ഇരിക്കുമ്പോൾ വീണ ആപ്പിൾ എന്തുകൊണ്ടു് കീഴേയ്ക്കുതന്നെ പോന്നു എന്നതിൻെറ കാരണങ്ങളിലേയ്ക്കു് ആഴ്ന്നിറങ്ങി പഠിച്ചപ്പോഴാണു് ആകർഷണസിദ്ധാന്തം രൂപം പ്രാപിച്ചതു്. ആ ആപ്പിൾ താഴെയ്ക്കു വീഴുന്നതു കണ്ടപ്പോൾ ആദ്യമുണ്ടായതു് ഭാവനയാണു്. ഭാവന യുക്തിയിലേയ്ക്കു്. യുക്തി 'തിയററിക്കൽ കൺക്ലൂഷനി'ലേയ്ക്കും' ന്യൂട്ടനെ എത്തിച്ചു. എഴുത്തുകാരൻെറയും സ്ഥിതി ഇതുതന്നെ. ചിന്തകളുടേയും വികാരങ്ങളുടേയും അടിമയായ അയാളുടെ ഹൃദയാന്തർഭാഗത്തു് പ്രപഞ്ചം മുഴുവൻ ഒതുങ്ങിനിൽക്കുന്നു. പിന്നീടവ പുറപൊട്ടിയൊഴുകുന്നു; ആളുകളും സംഭവങ്ങളും നിറഞ്ഞു് പ്രകാശവും വർണ്ണശബളിമയുമാർന്നു് മുന്നോട്ടു് പോവുന്നു. ഭാഷയുടേയും പ്രതീകങ്ങളുടേയും സമ്പന്നമായ കലവറയിൽനിന്നു് കുത്തിക്കൊരി പ്രവഹിക്കുന്നു.

ലളിതകലകളുടെ ഉദ്ദേശം സംബന്ധിച്ചു് പ്രാചീനന്മാരുടേയും അർവ്വാചീനന്മാരുടേയും അഭിപ്രായം ഒന്നുതന്നെ—മനുഷ്യനു് ആനന്ദം പ്രദാനം ചെയ്യുവാൻ കഴിയണം. വനാന്തരങ്ങളിൽ വേട്ടയാടി നടന്ന മനുഷ്യൻ കല്ലുകൊണ്ടുതന്നെ പണിയായുധങ്ങളോടൊപ്പം ആഭരണങ്ങളും ഉണ്ടാക്കിയപ്പോൾ നമുക്കു് കാണാൻ കഴിയുന്നതാണു്. ഭൗതികാവശ്യങ്ങൾ നിറവേററുന്നതോടൊപ്പം മനുഷ്യൻെറ കണ്ണിനു് കുളിർമ്മയും കാതിനിമ്പവും മനസ്സിനു് ആനന്ദവും ലഭിയ്ക്കണം. അതിനുവേണ്ടി അവൻ കലാസൃഷ്ടികൾ നടത്തി. അവൻ പുരോഗമിച്ചപ്പോൾ ശാസ്ത്രവും കലയും പുരോഗമിച്ചു. മനുഷ്യൻ തനിക്കുവേണ്ടി സമൂഹജീവിയായി മാറിയപ്പോൾ തനിക്കും സമൂഹത്തിനുംവേണ്ടി, ഭൗതികസുഖത്തോടൊപ്പം 'ആത്മീയ' സുഖവും സമ്പാദിക്കുവാൻ കലാസൃഷ്ടികൾ നടത്തി. എവിടെയായാലും സുഖസമ്പാദനതത്പരത ഉണ്ടാകുമ്പോഴേ കലയുണ്ടാവുകയുള്ളൂ. ഇവിടെ കല എന്തിനുവേണ്ടിയെന്ന ചോദ

ദൃത്തിനുതകും പൊങ്ങിവരുന്നു. ജീവിതത്തിൽ സുഖം സമ്പാദിച്ച് ആനന്ദമടയുന്നതിനുവേണ്ടിയാണ് കല. മറ്റൊരു തരത്തിൽ പറഞ്ഞാൽ കല ജീവിതത്തിനു വേണ്ടിയാണ്; അല്ലാതെ കലയ്ക്കുവേണ്ടിയല്ല.

മനുഷ്യൻ ആവശ്യങ്ങളുടേയും ആഗ്രഹങ്ങളുടേയും സമാഹാരമാണ്. ഒരിക്കലും മനുഷ്യന്റെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അതിരില്ല. ഒന്നാംക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി ചില ചിത്രങ്ങളും, കാഴ്ചവസ്തുക്കളും ആഗ്രഹിക്കുന്നു. അവനല്പം കൂടി വളരുമ്പോൾ നല്ല ഉടുപ്പുകളാണാവശ്യം. ഉയർന്ന ക്ലാസ്സുകളിലേയ്ക്കു ചെല്ലുന്തോറും നല്ല വസ്ത്രങ്ങളും ആഹാരസാധനങ്ങളും മെച്ചപ്പെട്ട പഠനസൗകര്യങ്ങളുമാണാഗ്രഹിക്കുന്നത്. പിന്നീടൊരു ജോലി. അങ്ങനെ പോകുന്നു ആ നീണ്ട പട്ടിക. പലപ്പോഴും ഈ ആവശ്യങ്ങളിൽ പലതും നിറവേറ്റാൻ പറ്റാതെ വരുന്നു. ഇത്തരത്തിൽ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റാൻ പറ്റാതെ വരുമ്പോഴാണ് ദുഃഖം ഉടലെടുക്കുന്നത്. ഭൗതികസുഖം കുറയുമ്പോൾ ജീവിതത്തിൽ അസംതൃപ്തിക്ക് കാരണമാകുന്ന 'ആവശ്യങ്ങളുടെ നിറവേറ്റപ്പെടാതിരിക്കൽ' നടക്കുന്നത് ഒരാൾക്ക് ലഭിക്കേണ്ടത് മറ്റൊരാൾ അല്ലെങ്കിൽ സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ആളുകൾക്ക് ലഭിക്കേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും ഒരു ചെറിയവിഭാഗം ആളുകൾ ബലമായി പിടിച്ചുപറ്റുമ്പോഴാണ്. ഇങ്ങനെ ഒരു സ്ഥിതി സംജാതമാകുമ്പോൾ സമൂഹത്തിൽ മുഴുവൻ അസംതൃപ്തിയും അടിമത്തവും നടമാടുന്നു. ഭൗതിക സുഖം നേടാനൊക്കാതെ വരുമ്പോൾ മാനസികസുഖവും നേടാനൊക്കാതെ വരുന്നു. സമൂഹത്തിൽ മുഴുവൻ ഒരു വീർപ്പുമുട്ടൽ. ഇത്തരത്തിലുള്ള വീർപ്പുമുട്ടലുകൾക്കിടയിൽക്കിടന്ന് മനുഷ്യൻ ഉഴറിയപ്പോഴാണ് ഇവിടെ ഓരോ മതാചാര്യന്മാരും തങ്ങളുടെ തത്വസംഹിതകളുമായി വന്നതെന്ന് നമുക്ക് കാണാൻ കഴിയുന്നു. ജനങ്ങളുടെ ശ്രദ്ധ ഈ ആഗ്രഹങ്ങളിൽ നിന്നും, അതായത് ഭൗതികസുഖങ്ങളിൽ നിന്നും, അകറ്റുവാൻ ഈ മതാചാര്യന്മാരെല്ലാവരും ശ്രമിക്കുന്നു. ക്രിസ്തു പറയുന്നത് ഇവിടത്തെ ജീവിതം നശ്വരമാണെന്നും, അവസാനനാളിൽ ഒരു ന്യായവിധിയുണ്ടെന്നും ആ ന്യായവിധിയിൽ അവനവന്റെ പ്രവൃത്തികൾക്ക് തക്ക പ്രതിഫലം കിട്ടുമെന്നുമാണ്. പരലോകത്ത് കൂടുതൽ സുഖമായി ജീവിക്കുന്നതിന് ഈ ലോകത്ത് ജീവിക്കുന്നിടത്തോളം കാലം ക്ഷമയോടെ സ്വർഗ്ഗീയ പാരിതോഷികത്തിന്റെ പ്രതീക്ഷയിൽ ആശ്വാസം കൊള്ളുക എന്ന് മറ്റുള്ളവർക്കു വേണ്ടി സ്വന്തം ചോര നീരാക്കി മാറ്റി പഞ്ഞവും പട്ടിണിയും മാത്രം കൈമുതലാക്കുന്ന സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ജനതക്കും, ഈ ലോകത്തുള്ളിടത്തോളം കാലം ധനധാന്യങ്ങൾ നേടുക എന്ന് ഉന്നതവർഗ്ഗത്തിനും ഓരോ ഉപദേശം നൽകി രണ്ടു കൂട്ടർക്കും ഒപ്പം സ്വർഗ്ഗത്തേക്കുള്ള പാസ്പോർട്ട് കൊടുക്കുന്നു. ബുദ്ധന്റെയും, നബിയുടേയുമെല്ലാം ഉപദേശങ്ങളിപ്രകാരം തന്നെ. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം മോക്ഷം പ്രാപിക്കുക എന്നതാണ്. എല്ലാവരുടേയും ലക്ഷ്യം ഒന്നുതന്നെ. ഭൗതികസുഖങ്ങളിൽ നിന്ന് മനുഷ്യനെ പിന്തിരിപ്പിക്കുക. അങ്ങനെ 'ആത്മീയാടിമത്തം' അനുഭവിക്കുന്ന ഭൂരിപക്ഷം വരുന്ന ജനതയെ തങ്ങൾക്കെല്ലാവർക്കും ലഭിക്കേണ്ടുന്ന 'ഭൗതികസുഖ'ത്തെ പരിത്യജിപ്പിച്ച് സമൂഹത്തിലെ ന്യൂനപക്ഷം വരുന്ന വിഭാഗത്തിന്റെ കാൽചുവട്ടിലേക്ക് ഇവയെല്ലാം നീക്കിവച്ചു കൊടുക്കുന്നതിനുള്ള ഒരു ഗൂഢതന്ത്രമായിരുന്നില്ലേ ഈ മതങ്ങളുടെയെല്ലാം ആവിർഭാവത്തിന് കാരണമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അത് മതം മറച്ചുപിടിച്ച് 'ആത്മീയസുഖം' നൽകാനെന്ന ഭാവം നടിച്ചു—നടിക്കുന്നു. എന്നാൽ മതത്തിന് ആ ആത്മീയസുഖം പകർന്നു കൊടുക്കുവാൻ കഴിഞ്ഞില്ല—കഴിയുന്നുമില്ല. കാരണം മനുഷ്യന് ഭൗതികാവശ്യങ്ങൾ നിറവേറ്റാൻ പറ്റാത്തതുകൊണ്ട് ഭൗതികസുഖവും തൽഫലമായി ആത്മീയസുഖവും ലഭിക്കുന്നില്ല. കാലത്തിനൊത്ത് മനുഷ്യന്റെ ആശയങ്ങളും മാറി. സ്ഥിതിസമത്വവാദങ്ങളെല്ലാം ഉടലെടുത്തു. പക്ഷേ ആ ചിന്താഗതികൾ ''ഒരാകൃതി നഷ്ടപ്പെട്ട തൊപ്പി''യ്ക്കു തുല്യമായിത്തീർന്നു. എന്നാൽ 1848ൽ ''കാൽ വിലങ്ങഴിച്ചുകൊണ്ട് സഖാക്കളെ മുന്നോട്ട്'' എന്ന് ലോകത്തോടാദ്യമായി വിളിച്ചുപറഞ്ഞുകൊണ്ട് കാറൽ മാർക്സ് കടന്നുവന്നപ്പോൾ ഈ ഭൂമുഖത്ത്

ഒരു ഉരുൾപൊട്ടൽ തന്നെ സംഭവിച്ചു. തങ്ങളുടെ ആവശ്യങ്ങളും, ആഗ്രഹങ്ങളും നിറവേററാൻ പററാതെ വരുന്നതു് 'ഉന്നത' വർഗ്ഗം തങ്ങളുടെ അദ്ധ്വാനശേഷി ചൂഷണം ചെയ്യുന്നതുമൂലമാണെന്നും, ഈ ആവശ്യങ്ങളുടേയും ആഗ്രഹങ്ങളുടേയും പൂർത്തീകരണത്തിനു് ഉന്നതവർഗ്ഗത്തോടു് മല്ലിട്ടു് ന്യായമായും ലഭിക്കേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും പിടിച്ചെടുക്കേണ്ട ബാദ്ധ്യത ഭൂരിപക്ഷംവരുന്ന തങ്ങൾക്കുതന്നെയാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചപ്പോൾ ലോകം മുഴുവൻ അതു് ശ്രദ്ധിച്ചു. ഇന്നാ ചിന്താഗതി ഒരു പരീക്ഷണഘട്ടത്തിലെത്തി നിൽക്കുന്നു.

എന്തായാലും മനുഷ്യൻ അവന്റെ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി പരക്കം പായുകയാണു്. എങ്ങനെയെങ്കിലും അവനു് സുഖം ലഭിക്കണം. മാക്സിംഗോർക്കി 'അമ്മ' യിൽ റിബിൻ എന്ന കഥാപാത്രത്തെക്കൊണ്ടു് പറയിക്കുന്നതുപോലെ: 'ഭൂമി എവിടന്നു വന്നുവെന്നറിയുന്നതിൽ കൃഷിക്കാരനൊരു താല്പര്യവുമില്ല. അതെങ്ങനെ പങ്കിട്ടു; എങ്ങനെ തങ്ങളുടെ കാൽച്ചുവട്ടിൽനിന്നു് ജന്മിമാർ തട്ടിയെടുത്തു — അതാണവനറിയേണ്ടതു്. ഭൂമി അനങ്ങിയാലും അനങ്ങാതിരുന്നാലും അവനൊരു ചേതമില്ല. അതിനെ കെട്ടിത്തൂക്കിയിട്ടാലും ആണിയടിച്ചുവച്ചാലും അവനൊന്നുമില്ല. കാലക്ഷേപത്തിനുള്ള വക അവനു് അതിൽനിന്നു് കിട്ടണമെന്നുമാത്രം'. ഈ കാലക്ഷേപത്തിനുള്ള വക തേടിയോടുന്ന മനുഷ്യനു് അൽപ്പം 'ആത്മീയ' സുഖം ലഭിക്കണം. ഒരിററു ദാഹജലം. അങ്ങനെയെങ്കിൽ പ്രകൃതിയോടു് മല്ലിട്ടു് ആവശ്യങ്ങൾ നേടിയെടുക്കാൻ പരക്കം പായുന്ന മനുഷ്യനു് ഇടയ്ക്കു് ദാഹജലം പകർന്നുകൊടുക്കുന്ന തണ്ണീർപന്തലാണു് കല — ചിന്താബന്ധുരമായ കല.

ഈദാഹജലം പകർന്നു കുടിച്ചു കഴിയുമ്പോൾ ഒരാനന്ദം—ഒരു സ്വച്ഛന്ദത—വീണ്ടും പായുവാനുള്ള ഉണർവ്വു് ലഭിക്കുന്നു. ഈ ആനന്ദം ആത്മീയാനന്ദമാണു്. ഒരു താല്ക്കാലികാവശ്യം നിറവേററിക്കഴിയുമ്പോഴുണ്ടാകുന്ന താല്ക്കാലിക ഭൗതിക സുഖത്തിനു് തുല്യമാണിതു്. സാങ്കേതികമായി പറഞ്ഞാൽ ധനതത്വശാസ്ത്രത്തിൽ ഉപയോഗിക്കുന്ന ഉപയുക്തത (utility) എന്ന പദത്തിനു് തുല്യം. അല്പംകൂടി ലളിതമാക്കിപ്പറഞ്ഞാൽ സംതൃപ്തി (satisfaction)- ഇവ എപ്രകാരം തുല്യമാകുന്നു.? ഒരുദാഹരണത്തിലൂടെ നമുക്കതു് മനസ്സിലാക്കുവാൻ ശ്രമിക്കാം. ദാഹിച്ചിരുന്ന ഒരാൾക്കു് ഒരുതുള്ളി വെള്ളം ലഭിച്ചാൽ അയാളുടെ ദാഹം കൂടുകയേയുള്ളു. എന്നാൽ അയാളുടെ ദാഹം മാറത്തക്കവണ്ണം വെള്ളം ലഭിച്ചാൽ ഓരോഗ്ലാസ്സ് വെള്ളം ലഭിക്കുന്തോറും ഒരോ ഉപയുക്തത കൂടുകയും സംതൃപ്തിയുണ്ടാവുകയും ചെയ്യുന്നു. സാഹിത്യത്തിലും ഇതേ പ്രക്രിയതന്നെ നടക്കുന്നു. ഓരോകൃതിയും നാം വായിച്ചാസ്വദിക്കുമ്പോൾ നമുക്കാനന്ദം ലഭിക്കുന്നു. എത്രവലിയ ശോകപര്യവസായിയായ കൃതികൾ വായിക്കുമ്പോഴും നമ്മുടെ ബോധമനസ്സിൽ ശോകം തളംകെട്ടി നിന്നാലും ഉപബോധമനസ്സിൽ ഒരാത്മസംതൃപ്തിയാണു് നിറഞ്ഞു നില്ക്കുക. അതായതു് നാം വായിക്കുന്ന കൃതിയിലാവിഷ്കരിച്ചിരിക്കുന്ന വികാരങ്ങളും നമ്മുടെ മനസ്സിൽ സ്വതവേയുള്ള വികാരങ്ങളും കൂടിച്ചേർന്നു കഴിയുമ്പോൾ, നീരുവന്നു് വീർത്ത ഒരു കുരുപൊട്ടി അതിൽനിന്നു് ചോരയും പഴുപ്പും പോയിക്കഴിയുമ്പോൾ എപ്രകാരം നമുക്കൊരു സ്വച്ഛന്ദത ലഭിക്കുന്നുവോ ആ അവസ്ഥ മനസ്സിനുണ്ടാകുന്നു. ഈ അവസ്ഥയാണു് നാം ബ്രഹ്മാനന്ദം (aesthetic pleasure) എന്നു പറയുന്നതു്. ഇനി ഒരു തുള്ളി വെള്ളം ലഭിക്കുമ്പോൾ ദാഹം കൂടുകയേയുള്ളു എന്നു പറഞ്ഞതുമായുള്ള ബന്ധം നോക്കാം. അറിയുവാനുള്ളതു് പൂർണ്ണമായും അറിഞ്ഞാലേ നമുക്കു് സംതൃപ്തിയുണ്ടാവുകയുള്ളു. അറിയുവാനാഗ്രഹമുള്ളവക്കു് അറിവിനുവേണ്ടിയുള്ള ദാഹം കൂടിവരും. അപ്പോൾ വീണ്ടും ഒരു ചോദ്യം കൂടി ഉയർന്നുവരുന്നു. അറിവിനുവേണ്ടിയുള്ള ദാഹം കൂടുമ്പോൾ, ജലം കുടിക്കുമ്പോൾ ദാഹശമനമുണ്ടാകുന്നതുപോലെ എങ്ങനെ ശമനമുണ്ടാകുന്നു? ഒരിക്കലും ഒരാളുടെ 'ദാഹം' ഒരു പ്രാവശ്യത്തെ ജലപാനംകൊണ്ടു തീരില്ല. ഒരു പ്രാവശ്യത്തേക്കുമാത്രമേയുള്ളു. പിന്നേയും ദാഹിക്കും. പിന്നേയും കുടിക്കും. ഇതുപോലെ തന്നെയല്ലേ കൃതികളുടെ കാര്യത്തിലും?

മൊത്തം ഉപയുക്തത കൂടുമ്പോഴും സീമാന്തോപയുക്തത (Marginal utility) കുറയുന്നതുമായുള്ള ബന്ധം നോക്കാം. ഇവിടെ സീമാന്തോപയുക്തത എന്നു പറഞ്ഞാൽ അലങ്കാരം, ഛന്ദസ്സ് തുടങ്ങിയ അംശങ്ങളിൽനിന്നു കിട്ടുന്ന ആനന്ദമാണ്. ഈ ഓരോ അംശങ്ങളിൽനിന്നുള്ള ആനന്ദം എല്ലാം ഒരുമിച്ചുകൂട്ടി അവസാനം മൊത്തത്തിൽ ആസ്വദിക്കുമ്പോഴും ഈ ഓരോ അംശങ്ങളിൽനിന്നു കിട്ടുന്ന ആനന്ദത്തിനു കുറവു സംഭവിക്കുന്നു. ബ്രഹ്മാനന്ദം ലഭിക്കുന്നു.

ദാഹം ശമിച്ചു കഴിയുമ്പോഴും അതിന്റെ ഫലം (result) എന്താണ്? ദാഹം ശമിച്ചു കഴിയുമ്പോഴും കിട്ടുന്ന സ്വച്ഛന്ദത അല്ലെങ്കിൽ ഊർജ്ജം കർമ്മശേഷിയുണ്ടാക്കുന്നു. ഇവിടെയാണ് 'ഉല്പാദനപ്രക്രിയ'യുടെ തുടക്കം. സാഹിത്യത്തിൽ ഈ കർമ്മശേഷിയെങ്ങനെയുണ്ടാകുന്നു? ഒരു ചെറിയ ഉദാഹരണമെടുക്കാം. 'ദരിദ്രനോട് അനുകമ്പ വേണം.' എന്ന ഉപദേശം കൊണ്ട് ഇളകാത്ത മനസ്സിനെ ഒരു ദരിദ്രന്റെ ദുഃഖപൂരിതമായ ജീവിതം വർണ്ണിക്കുന്ന ഒരു നല്ല സാഹിത്യകൃതി ഇളക്കിമറിച്ചെന്നുവരാം. മാത്രവുമല്ല അയാൾക്ക് മറ്റു ദരിദ്രന്മാരോടും അനുകമ്പയുണ്ടായെന്നും വരും. ഈ കർമ്മശേഷിയുണ്ടാക്കുവാൻ സാഹിത്യത്തിനു കഴിയും എന്നതിനു ധാരാളം തെളിവുകളുണ്ട്. വിശ്വസാഹിത്യത്തിലേക്കു കടന്നുനോക്കിയാൽ വിക്ടർഹ്യൂഗോയുടെ 'പാവങ്ങൾ' ഒന്നാന്തരമുദാഹരണമാണ്. അതുപോലെ തന്നെ മാക്സിംഗോർക്കിയുടെ 'അമ്മ' നോക്കൂ. ''നാണമില്ലേ.'' എന്ന്, മനുഷ്യന്റെ ബദ്ധശത്രുവായ ഭയത്തിനു അവസാനപ്രഹരമേല്പിച്ച് പറഞ്ഞുകൊണ്ട് ലഘുലേഖകൾ വിതരണം ചെയ്യുവാൻ കർമ്മശേഷിയുള്ളവളായിത്തീർന്ന ആ അമ്മ റഷ്യയിലെയെന്നല്ല ലോകം മുഴുവനുമുള്ള തൊഴിലാളിവർഗ്ഗത്തിനു കർമ്മം ചെയ്യാനുള്ള ആവേശം പകർന്നുകൊടുത്തില്ലേ? ഉവ്വ് എന്നതിനു തെളിവുണ്ട്. റഷ്യയിലെ ഒരു തൊഴിലാളി കേന്ദ്രത്തിൽ 1902ൽനടന്ന മേയ്ദിന പ്രകടനത്തിന്റേയും റഷ്യൻ ഡമോക്രാറ്റിക് പാർട്ടിയുടെ വളർച്ചയുടേയും പശ്ചാത്തലത്തിലെഴുതിയ ആകൃതി ആദ്യമായി പ്രസിദ്ധീകരിച്ചതു തന്നെ കുത്തകമുതലാളിത്തം നിലവിലിരുന്ന രാജ്യമായ അമേരിക്കയിൽ (ന്യൂയോർക്ക്) ആപ്പിൾടൺ മാഗസിനിൽ (1907) 'കോംറേഡ്സ്' എന്നപേരിലാണ്. വേണ്ട, നമുക്ക് നമ്മുടെ സാഹിത്യം തന്നെയെടുക്കാം. പുരാണങ്ങളിലെ അതിമനോജ്ഞങ്ങളായ സംഭവങ്ങൾ തെരഞ്ഞെടുത്ത് അവയ്ക്ക് പുതിയൊരു രൂപവും ഭാവവും നല്കി ഡി. എൽ. റോയി എഴുതിയ നാടകങ്ങൾ ഇന്ത്യൻ ജനതയുടെ ഉള്ളിൽ സ്വാതന്ത്ര്യബോധത്തിന്റെ തീജ്ജ്വാലകൾ ആളിപ്പടർത്തിയില്ലേ? വള്ളത്തോളിന്റെ സാഹിത്യമഞ്ജരിയിലെ ഈരടികൾ മലയാളികൾക്കാവേശം പകർന്നു കൊടുത്തില്ലേ? വാരിക്കുന്തവുമേന്തി വയലാറിലെ മണ്ണിലേക്ക് സർ. സി. പി.യുടെ മുമ്പിലേക്ക് ധീരരായി കടന്നുചെന്ന തൊഴിലാളിവർഗ്ഗത്തിന്റെ അടങ്ങാത്ത വിപ്ലവവീര്യത്തെ ഒടുങ്ങാത്ത ഒരു കൊടുങ്കാറ്റായി ആഞ്ഞടിപ്പിച്ചത് പ്രേംജിയുടേയും, കെ. പി. ജിയുടേയും വരികളല്ലേ? എന്തിനധികം.

''നേരം പോയ നേരത്തും കൊല്ലാ
കൊല കൊല്ലണിയോ!
അരമുറി കരിക്കും തന്ന് കൊല്ലാ
കൊല കൊല്ലണിയോ!'' എന്നു തുടങ്ങുന്ന പ്രാചീനമായ നമ്മുടെ നാടൻ പാട്ടിൽ പോലും മുഴങ്ങുന്നതെന്താണ്? അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന്റെ മുഴുവൻ ഉറഞ്ഞുതുടിപ്പും മൗനമായാണെങ്കിൽക്കൂടിയും ആ ഗാനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. തമ്പ്രാക്കളുടെ തിരുമുറ്റത്തും, വയലേലകളിലും പണിയെടുക്കുമ്പോഴും അദ്ധ്വാനഭാരമറിയാതിരിക്കാൻ വേണ്ടി പാടിയ ആ പാട്ടിലലിഞ്ഞു ചേർന്നിരുന്നു, വിപ്ലവത്തിന്റെ വിത്തുകൾ.

ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതു കല അല്ലെങ്കിൽ സാഹിത്യം ചിന്താബന്ധുരവും ശക്തമായ വികാരവിസ്ഫോടനവും, ആനന്ദം പ്രദാനം ചെയ്യാൻ കഴിവുള്ളതുമായിത്തീരുന്നതോടൊപ്പം മനുഷ്യനെ—സമൂഹത്തെ—കർമ്മോത്സുകരാക്കുവാനും കഴിവുള്ളതായിരിക്കണം എന്നാണ്. □



നിഴലുകൾ നിശയുടെ മാറിൽ വീണു
മരിച്ചൊരു നിമിഷം:
സ്വപ്നം കാണും നിമിഷം—
കുലം കത്തിപ്പായും തമസ്സിൽ
താണ്ഡവനൃത്തം തുടരും ധരയുടെ
മാറിൽ തല വച്ചന്തിയുറങ്ങും
വല്ലികളുഷസ്സിൽ സ്വർണ്ണക്കിരണം
സ്വപ്നം കാണും നിമിഷം—

താരകളൻമദമംബരവീഥിയി—
ലശ്വതിപുഷ്പച്ചാർത്തുകൾ നീർത്തി,
കീറിയചന്ദ്രക്കലയുടെ ചുറ്റും
കിങ്ങിണിചാർത്തി, കണ്ണുകൾ ചിമ്മി
സ്വപ്നം കാണും നിമിഷം—

പവനകരങ്ങളിലേറിയൊരംബുദ
ശകലം, വാനിൻ ഗംഗയെ മൂടി,
കീറിയ ചന്ദ്രക്കലയെ മറച്ചി—
ട്ടേതോ ദിക്കിൻ വിളികേട്ടിട്ടെ—
ന്നോണം പറയും നേരം,
ദാഹം കൊണ്ടു തളർന്നൊരു തുള്ളി
തണ്ണീരിന്നായുഴലും ചന്ദന
വിടപം കുളിർമഴ
സ്വപ്നം കാണും നിമിഷം—

ഇലകൾ പൊഴിക്കുമിലഞ്ഞിക്കൊമ്പിൽ,
കൂട്ടിലിരുന്നൊരു പൈങ്കിളി, തന്നുടെ—
യിണയുടെ ചിറകുകൾ കോതി മിനുക്കി,
കൊക്കുകൾ കൊക്കിലുരുമ്മി, കാതിൽ
കിന്നരമോതും നിമിഷം
സ്വപ്നം കാണും നിമിഷം—

മന്ദസമീരനിലൊഴുകും നിന്നുടെ
ശ്യാമള മുടിയിഴ മുഖം പൊത്ത—
കടീരകണ്ണുകൾ മിന്നും സുന്ദര—
മാനനമെന്നുടെ മനസ്സിൽ പൂത്തു
വസന്തം തീർക്കും നിമിഷം—

നിന്റെ നനുത്ത കപോലങ്ങളിലെ—
ന്നധരം ചുംബന പുളകം ചാർത്തിയ
നേരം, പുഞ്ചിരി തൂകിക്കണ്ണുകൾ
പൂട്ടി, നതാനനയായെന്നരികിൽ
നിന്നൊരു നിന്നെ
സ്വപ്നം കാണും നിമിഷം.

—തോമസ് വി. എം.

# ബോധന മാധ്യമം

സാജി

ഒരു രാഷ്ട്രത്തിന്റെ, വികാസത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ അപ്രധാനമല്ലാത്ത ഒന്നാണ് ഭാഷ. ഭാരതം പോലെ ഭാഷപരമായ വൈവിധ്യമുള്ള മറ്റൊരു രാജ്യമുണ്ടോയെന്നു സംശയമാണ്. ഭാഷാ സംസ്ഥാനങ്ങളും, ഒരു സംസ്ഥാനത്തിൽതന്നെ വിവിധ ഭാഷകൾ മാതൃഭാഷകളായിട്ടുള്ള ജനലക്ഷങ്ങൾ അധിവസിക്കുന്നതുമായ ഒരു രാജ്യമാണ് നമ്മുടേത്. ഭാരതത്തിൽ ബോധന മാധ്യമം പ്രാദേശിക ഭാഷകൾ ആയിരിക്കണമോ എന്നത് ഏററവും പ്രധാനപ്പെട്ട വിവാദമായി ഇന്നു പരിണമിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ വികാസത്തെ സാരമായി ബാധിക്കുന്ന നിരക്ഷരതാ നിർമ്മാർജ്ജന മാർഗ്ഗങ്ങൾക്കുപോലും അത്രയും പ്രാധാന്യം നൽകുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ബോധനമാധ്യമത്തെക്കുറിച്ചു ചിന്തിക്കുവാൻ തുടങ്ങുമ്പോൾ ഞാനും നിങ്ങളും കേരളീയരാണെന്ന ബോധത്തോടെ, നമ്മുടെ ബോധന മാധ്യമത്തെ ദൃഷ്ടാന്തീകരിച്ച് എഴുതുന്നതാണല്ലോ യുക്തിസഹമായിട്ടുള്ളത്. നമ്മുടെ ബോധന മാധ്യമം മലയാളമായിരിക്കണമോ എന്നതാണ് ഇവിടത്തെ വിഷയം.

ബോധന മാധ്യമത്തെക്കുറിച്ചോർക്കുമ്പോൾ അല്പം ചരിത്രം വിസ്മരിച്ചുകൂടാ. ആ ചരിത്ര രേഖകളിൽ ഏററവും പ്രധാനപ്പെട്ടവയാണ് ആദ്യകാല കോളേജുകളും മിഷ്യനറിമാരും. കലാലയ മാധ്യമം ഇംഗ്ലീഷായതിനാൽ മിഷ്യനറിമാർക്കുള്ള പങ്ക് മുതലായവ ഇതിനോട് ബന്ധപ്പെട്ട വിഷയങ്ങളാണ്. ഇംഗ്ലീഷുകാർക്ക് കുറെ ഗുമസ്തന്മാരെ വാർത്തെടുക്കുന്നതിനുള്ള മൂശയായിട്ടാണ് അന്ന് കലാലയങ്ങൾ വർത്തിച്ചത്. അവ സ്ഥാപിച്ചതും ആ ഉദ്ദേശത്തിനുവേണ്ടിയായിരുന്നല്ലോ. തലശ്ശേരി ബ്രണ്ണൻ കോളേജ് മാത്രം അതിനൊരപവാദമായി കേട്ടിട്ടുണ്ട്. കലാലയങ്ങൾ കൊണ്ടിന്നുള്ള ലക്ഷ്യം പ്രാപിക്കുന്നുണ്ടോ? ലക്ഷ്യം (Aim) എന്നു പറയാനൊന്നെങ്കിലുമുണ്ടെങ്കിൽ അതു സാങ്കേതിക പരിശീലന കലാലയങ്ങൾക്കു മാത്രമേയുള്ളുവെന്നു പറയുന്നതിൽ അപാകതയൊന്നുമില്ല.

'മലയാളം അധ്യയന മാധ്യമമായാൽ കേരളത്തിൽതന്നെ തൊഴിൽ തേടേണ്ടി വരികയില്ലേ? ശാസ്ത്ര സാങ്കേതിക പഠനത്തിന് വേണ്ടത്ര വിജ്ഞാനസമാഹരണത്തിനു മലയാളത്തിനു കഴിവുണ്ടോ? എന്തിന്, ഓജസ്സിലും തേജസ്സിലും വരെ മലയാളഭാഷ മററുഭാഷകൾക്കു പിന്നിലല്ലേ?' എന്നൊക്കെ സംശയിക്കുകയും, അപ്രകാര

മാണെന്നു വാദിക്കുകയും ചെയ്യുന്ന പണ്ഡിതവരേണ്യന്മാരുടേയും നാടാണ് നമ്മുടേതു്. ''ബാലിശം'' എന്നു മാത്രമാണ് ഇതിനുപേർ കൊടുക്കാനാവൂ. തൊഴിലിനാധാരം തൊഴിൽ ചെയ്യുവാനുള്ള വ്യക്തികളുടെ മനോഭാവമാണ്; ഭാഷാപാടവമല്ല. ഭാരതത്തിൽ ഏതെങ്കിലും ഒരു ഭാഷമാത്രമേ പഠിക്കാവൂ എന്നനുശാസിക്കുന്ന നിയമങ്ങളൊന്നുമില്ല. സാക്ഷരരായ ഏതൊരു ഇന്ത്യൻ പൗരനും ഒന്നിലധികം ഭാഷ വശമുണ്ടെന്നുള്ളത് ഒരു സത്യം മാത്രമാണ്. ഭാഷ തികച്ചും സമൂഹത്തിന്റെ ഒരു സൃഷ്ടിയാണ്. ആ സൃഷ്ടികർമ്മം നടക്കുന്നതു ബോധപൂർവ്വമായിട്ടല്ലെങ്കിലും. പ്രതീകാത്മകമാണ ഭാഷ. പ്രതീകപരമായ ഈ പ്രത്യേകതയാണ് മനുഷ്യന്റേയും ഇതര ജീവികളുടേയും ആശയവിനിമയ രീതികളെ വ്യതിരിക്തമാക്കുന്നതു്.

ബോധനമാധ്യമം മലയാളമാകുന്നതുകൊണ്ട് എന്തെങ്കിലും നേട്ടമുണ്ടോയെന്നു ചിന്തിക്കണം. ഇംഗ്ലീഷിന്റെ അതിപ്രസരം കൊണ്ട് മലയാളത്തിൽ ''ഐഡിയാസ് എക്സ്പ്രസ്'' ചെയ്യാൻ പലർക്കും ഇന്നു സാധിക്കുന്നില്ല. ഈ ''മംഗ്ലീഷ്'' (മലയാളവും ഇംഗ്ലീഷും ചേർന്ന എന്നാലതു രണ്ടുമല്ല) രോഗം ഇന്നൊന്നും തുടങ്ങിയതല്ല. പണ്ട് ഇംഗ്ലീഷിന്റെ സ്ഥാനത്ത് സംസ്കൃതമായിരുന്നു. ഭാഷാരാമായണം ചമ്പു കർത്താവായ പുനത്തെപ്പോലും 'അരക്കവി'യെന്നല്ലേ വിളിച്ചിരുന്നതു? ഇംഗ്ലീഷിനെന്താണാവോ ഇത്ര കണ്ട് അഖിലലോക പ്രശസ്തി ലഭിച്ചതു്? ഭാഷയുടെ ഗുണം കൊണ്ടോ, പ്രയോഗത്തിലെ എളുപ്പം കൊണ്ടോ അല്ല. കോളനികൾ പിടിച്ചടക്കിയ കൂട്ടത്തിൽ പരാജിതവർഗ്ഗത്തിന്റെമേൽ അടിച്ചേല്പിച്ച് പ്രശസ്തിയാർജ്ജിച്ചതാണ് ഈ ഭാഷ. ഇന്നും അത്തരക്കാർ ഇംഗ്ലീഷിനു മഹത്വം കാണുന്നു. ഇംഗ്ലീഷിനു പ്രാമാണ്യമില്ലാത്ത ലോകത്തിൽ ജീവിക്കുന്നവരെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഒന്നു വ്യക്തമാണ്, ബോധനമാധ്യമം അഥവാ അദ്ധ്യയന മാധ്യമം മലയാളമാക്കിയാൽ നമ്മുടെ പ്രാദേശിക ഭാഷയ്ക്കു് ഇന്നുള്ള പല പോരായ്മകളും പരിഹരിച്ച് ഭാഷയ്ക്കു് ഓജസ്സും ശക്തിയും, ആശയസമ്പുഷ്ടിയും വളർത്തിയെടുക്കുവാൻ കഴിയും. ഇന്ന് ഇംഗ്ലീഷിനുള്ളതിനുപരി ശക്തി മലയാളത്തിനുണ്ടാകും. എല്ലാ പ്രാദേശിക ഭാഷകളുടേയും സ്ഥിതി ഇതു തന്നെയാണ്.

യഥാർത്ഥത്തിൽ മലയാളഭാഷ ഇന്നൊരു വല്ലാത്ത നിലയിലാണ്. സ്വന്തം അമ്മയിൽ വൈരൂപ്യം കണ്ടുപിടിച്ച് അച്ഛനാറി ചില്ലുകൂട്ടിലെ ബൊമ്മയുടെ സൗന്ദര്യവും, ഓജസ്സും, കാന്തിയും ദർശിക്കുന്നവരാണ് നമ്മളിലധികവും. ശാസ്ത്രജ്ഞന്മാരെന്നു പറഞ്ഞു നടക്കുന്ന കുറെ പ്രമാണികളും, പിന്നെക്കുറെ പത്രക്കാരുമാണിതിനു മുൻപന്തിയിൽ. ഇംഗ്ലീഷിന്റെ മറവിലാണ് ''അപ്പോത്തിക്കിരി'' ജീവിക്കുന്നതു്. ഇംഗ്ലീഷില്ലാതെ പോയാൽ മരുന്നിനു പേരില്ലെന്നാണ് അവരുടെ മതം. മരുന്നിന്റെ പേര് മലയാളത്തിലായാൽ വ്യാപാരം പരാജയപ്പെട്ടുമെന്നോർത്തോ, മലയാള ഭാഷയിൽ തങ്ങളുടെ അജ്ഞത മറ്റുള്ളവർ മനസ്സിലാക്കുമെന്നോ ഭയന്നിട്ടോ ആവാം, ചില ഭിഷഗ്വരന്മാർ ഇംഗ്ലീഷിനെ തന്നെ കെട്ടിപ്പിടിച്ച് അലമുറയിടുന്നതു്. ഭാഷയല്ലാ ഞങ്ങൾ പഠിക്കുന്നതെന്നു് നിലനില്പിന്റെ പേരിൽ അവർ പ്രസ്താവിക്കും. ഇതിൽപ്പരം അബദ്ധങ്ങളടങ്ങിയ മറ്റൊരഭിപ്രായം കാണുകയില്ല.

വസ്തുതകൾ ഇങ്ങനെയെല്ലാമാണെങ്കിലും നാം ഇതിനകം സ്വീകരിച്ച മാർഗ്ഗങ്ങൾക്കും പോരായ്മകളുണ്ട്. ഇന്ന് ഈ രാജ്യത്ത് മലയാളഭാഷയുടെ ഉന്നമനത്തിനുവേണ്ടിമാത്രം പ്രവർത്തിക്കുന്ന ഒരു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. എല്ലാവിധ ഗ്രന്ഥങ്ങളും പ്രത്യേകിച്ച് ശാസ്ത്രഗ്രന്ഥങ്ങളും തർജ്ജമയായും അല്ലാതെയും അവർ തയ്യാറാക്കുന്നുണ്ട്. എന്നാൽ പ്രയോഗിച്ചു പഴകിയ പല സാങ്കേതിക പദങ്ങൾക്കും പകരം പുത്തൻ പദങ്ങൾ പറയാനും എഴുതാനും ഓർത്തിരിക്കാനും വളരെ പ്രയാസകരമായ ചില പുത്തൻ പദങ്ങൾ പെറ്റു കൂട്ടുന്നതാണവർക്കിഷ്ടം. ''ബഞ്ചും'' ''പെൻസിലും''പോലുള്ള പദങ്ങൾ മലയാളം സ്വീകരിച്ചതുപോലെ, മറ്റു ഭാഷകളിൽ നിന്നും ധാരാളം പദങ്ങൾ നമുക്ക് സ്വീകരിക്കാം. എല്ലാ പ്രാ

ദേശിക ഭാഷകൾക്കും ഇതു സാധിക്കും. പദസമ്പത്തു വർദ്ധിക്കുന്നതിനിതുപകരിക്കും. പ്രയോഗ വൈഷമ്യം ലഘൂകരിക്കും. ഭാഷയുടെ ലാളിത്യം വർദ്ധിക്കും എന്നെല്ലാം സ്പഷ്ടമാണ്.

ഏതു ഭാഷയും കൂടുതൽ പ്രയോഗിക്കുമ്പോൾ അതിന്റെ ശക്തി വർദ്ധിക്കുന്നു. ഇതരഭാഷകളിൽനിന്ന് പദങ്ങൾ സ്വീകരിക്കുമ്പോൾ പദസമ്പത്തും വർദ്ധിക്കുന്നു. ഏതു ഗഹനമായ ആശയവും ഉൾക്കൊള്ളാൻ ക്രമാനുഗതമായ വളർച്ചകൊണ്ട് ഒരു ഭാഷയ്ക്കു സാധിക്കും. അതുകൊണ്ട് ഒരു ഭാഷയുടെ വളർച്ച അതു കൈകാര്യം ചെയ്യുന്ന ജനസമുദായത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതു്. ബോധനമാദ്ധ്യമം പ്രാദേശിക ഭാഷയിലാക്കുന്നതുകൊണ്ട് പ്രാദേശിക ഭാഷകളുടെ ഭാഷാസമ്പത്തും, ശാസ്ത്രസാഹിത്യസമ്പത്തും വർദ്ധിക്കും. നാം സ്വപ്നം കാണുന്ന ''നാഷണൽ ഇന്റഗ്രേഷൻ'' സാധിതപ്രായമാകും. അതിനാൽ ഇവയുടെ രൂപരേഖ (Blue print) തയ്യാറാക്കുന്നതോടൊപ്പം, എല്ലാ തലത്തിലും പ്രാദേശിക ഭാഷയ്ക്കു പ്രോത്സാഹനം നൽകത്തക്കവണ്ണം ചുമതലപ്പെട്ടവർ വേണ്ടതുചെയ്താൽ നാം വിജയിച്ചു. നമ്മുടെ ഭാഷയും! □

(കോളേജ് മാഗസിൻ നടത്തിയ ഉപന്യാസ മത്സരത്തിൽ സമ്മാനാർഹമായ ലേഖനം)

---

## ഒരു നാടൻപാട്ട്

പുത്തനിടിവെട്ടി പുതുമഴ പെയ്തു
രേരേ തൈയ്യോം...
ഭൂമി തണുത്തൊരു മാവുകിളിർത്തു
രേരേ തൈയ്യോം...
താഴോട്ടുപോയപ്പം പൂപ്പും തളിപ്പും
രേരേ തൈയ്യോം...
മേപ്പോട്ടുവന്നപ്പം കൊച്ചുണ്ണിമാങ്ങ
രേരേ തൈയ്യോം...
കാരയിൽ നിന്നൊരു കാരക്കൊളിയേ
രേരേ തൈയ്യോം...
കാരക്കൊള്ളിവെട്ടി ചുണ്ടിയെറിഞ്ഞേ
രേരേ തൈയ്യോം...
എണ്ണിക്കൊണ്ടെത്തൂറു മാങ്ങയും വീണേ
രേരേ തൈയ്യോം...
കൊല്ലത്തുപോയൊരുപ്പുകൊണ്ടന്നു
രേരേ തൈയ്യോം...
പാണ്ടീ ചെന്നു ഭരണീകൊണ്ടന്നു
രേരേ തൈയ്യോം...
മിറ്റനം മാന്തം പിറക്കമെൻ ചക്കി
രേരേ തൈയ്യോം...
ഒന്നായെടുക്കാം വെള്ളം കുടിക്കാം
രേരേ തൈയ്യോം...
തൈതാം തന്നന്നാതൈ
തൈതാം തന്നന്നാതൈ

......

പി. ആർ. ജയശ്രീ

ജനനം മുതൽ മരണംവരെയുള്ള യാത്രയാണ് ജീവിതം. പുറപ്പെടുന്ന സ്ഥാനം മുതൽ ലക്ഷ്യസ്ഥാനംവരെയും ബസ്സിൽ കഴിച്ചു കൂട്ടുന്ന സമയമാണ് ബസ്സിലെ ജീവിതം. ജീവിതകാലത്ത് മനുഷ്യനിൽ പ്രകടമാകുന്ന വൈവിദ്ധ്യമാർന്ന സ്വഭാവവിശേഷങ്ങളും, അനുഭവങ്ങളും ബസ്സിനുള്ളിലെ ഹ്രസ്വകാലജീവിതത്തിലും അതേപടി പ്രതിഫലിച്ചു കാണുന്നതിനെ ഉദ്ദേശിച്ച് അല്പമൊന്ന് ചിന്തിച്ചുനോക്കുകയാണ്. സുഖസൗകര്യങ്ങളുടെ മടിത്തട്ടിൽ പിറന്നു വീഴുന്ന 'ഭാഗ്യവാന്മാർ' എന്ന വിവക്ഷയ്ക്കുള്ള വർഗ്ഗത്തെ ഇന്നത്തെ ബസ്സിലും കാണാം. ബസ്സ്ജീവിതത്തിലേക്ക് കാലൂന്നിയപ്പോഴും തന്നെ വേണ്ടുവോളം ഒഴിഞ്ഞ സീറ്റുകളും, സുഖസൗകര്യങ്ങളും നോക്കി ഇഷ്ടാനുസരണം ഇരിപ്പിടം തെരഞ്ഞെടുക്കാനുള്ള അവസരം കൈവന്ന ഭാഗ്യജന്മങ്ങളും — യാത്രാരംഭ സമയത്തിന്റെ അഥവാ ജനനസമയത്തിന്റെ വൈശിഷ്ട്യം ഒന്നു കൊണ്ട് മാത്രം ഭാഗ്യവാന്മാരായവർ. ബസ്സിനുള്ളിൽ പ്രവേശിച്ച നിമിഷം മുതൽ യാത്രാവസാനംവരെ ഇരിപ്പിടമില്ലാതെ ബസ്സിന്റെ മുകൾത്തട്ടിൽ ഘടിപ്പിച്ചിരിക്കുന്ന ഒരു നീണ്ട പട്ടികയെ അവലംബിച്ചുള്ള ഗതികേട് വന്നു ഭവിച്ച മറ്റൊരിനം — (ഇവരെ പട്ടികജാതിയെന്നോ, പട്ടികവർഗ്ഗമെന്നോ തിരിച്ചറിയാൻ മാത്രം നാമകരണം ചെയ്യാം) പട്ടികവർഗ്ഗത്തിൽപ്പെടാനിടയായ നിർഭാഗ്യവാൻ ഒരുപക്ഷേ, കൂടുതൽ നികുതി അടച്ചവനും, ഉൽകൃഷ്ടജാതൻ അല്പനികുതി മാത്രം അടച്ചവനുമായിരിക്കാം.

# ബസ്സ്യാത്ര

ഹതഭാഗ്യരായ ലക്ഷ് യാത്രയ്ക്കിടയിൽ ആകസ്മികമായി ഇരികിട്ടിയ ഇരിപ്പിടത്തിന്റെ യാൽക്കൊരറ്റ സ്ത്രീയുടെ ത്രം ഒഴിഞ്ഞു കൊടുക്കേ പ്രതിഷേധിച്ചാൽ അധി പെടലും, കടിയിറക്കലും വിധേയ്ക്കേണ്ടി വരുന്നു. ന്ന ദേശീയ വിപത്തിൽ പ്പാടം നഷ്ടപ്പെട്ട് പുതിയ

പട്ടികവർഗ്ഗക്കാരിൽ ചി ഭാഗ്യോദയമുണ്ടാകുന്നു. പ്പിടം ലഭ്യമാകുന്നു. കി യൻകാല കരണാവസ്ഥ സാന്നിദ്ധ്യം കൊണ്ടു മാ റിവരുന്ന ഗതികേട്. കറി വർഗ്ഗത്തിന്റെ ഇട ചിലപ്പോഴെങ്കിലും അനേ അപൂർവ്വമായി ഉണ്ടാക പ്പെട്ട്, ഒന്നടങ്കം കിട ആകാശം, പുതിയ ഭൂമി

പൂകുന്ന പതരെ സ്ഥാനത്തും — പുതിയ സംവിധാനത്തിൽ പഴയ ഭാഗ്യവാന്മാർ പട്ടികയിൽ പിടികൂടേണ്ടിവന്നേക്കാവുന്ന സാഹചര്യം! സുഖസൗകര്യങ്ങളും അനുഭവിച്ചു പ്രകൃതി മനോഹാരിത ദർശിച്ചും, കുളിർകാറ്റിന്റെ പരിലാളനമേറ്റ് ആനന്ദനിർവൃതിയിൽ അമർന്നിരുന്ന ഭാഗ്യവാന്മാർ അശരണരും, യാത്രാരംഭം മുതൽ അധികാരിവർഗ്ഗത്തിന്റെയും, പൊതുജനത്തിന്റെയും ആക്രോശങ്ങളും നിന്ദ്യവചനങ്ങളും ഇരയായി വീർപ്പുമുട്ടിയവർ ഭാഗ്യവാന്മാരായും ഭവിക്കുന്നു. ഇരിപ്പിടം കിട്ടിയ ഭാഗ്യവാൻ തട്ടിമുട്ടിയുന്ന സഹോദരങ്ങളും, മറ്റുള്ളവരുടെ കഷ്ടപ്പാടുകണ്ട് മനസ്സലിഞ്ഞിട്ടാണെന്ന മട്ടിൽ അല്പം മനുഷ്യത്വം കാണിക്കാൻ ഒരു സഹായമെന്ന ഭാവേന ആവശ്യപ്പെടുന്ന രീതികളും, പെരുവിരൽ മാത്രം ഊന്നി ചീറിപ്പായുന്ന ബസ്സിന്റെ ഉൾത്തട്ടിലേക്ക് നരകയാതന അനുഭവിക്കുന്ന അവസരത്തിൽ ഇവന്റേതൊക്കെ "കഥ പറയും വേദാന്തം, ആർക്കുവേണം" എന്ന മട്ടിൽ അവരോടു കാണിക്കുന്ന വെറുപ്പും. അശരണാവസ്ഥയുടെ ഐകരൂപ്യം പട്ടികവർഗ്ഗത്തിൽ ഉദ്ദീപിപ്പിക്കുന്ന ഐക്യവും, തൽഫലമായി അവർക്കിടയിൽ പ്രകൃത്യം

ആവിർഭവിക്കുന്ന കെട്ടുറപ്പും, ഭാഗ്യവശ്യത്തിനോട് തോന്നുന്ന അടിസ്ഥാന രഹിതമെങ്കിലും നിയന്ത്രണാതീതമായ വെറുപ്പും നമുക്ക് ഈ ഹ്രസ്വകാല യാത്രക്കിടയിൽ ദർശിക്കാം. ഈ യാത്രക്കിടയിൽ ബന്ധുവിയോഗമുണ്ടാകുന്നു. ആരംഭിച്ച സംഭാഷണം മുഴുമിപ്പിക്കാൻ സാധിക്കാതെ യാത്ര അവസാനിച്ചതുകൊണ്ട് പിരിയേണ്ടിവന്ന സുഹൃത്തുക്കളും പുതുമുഖങ്ങളുടെ ആഗമനവും അവരുമായി പൊരുത്തപ്പെടാനാവാത്ത സാഹചര്യങ്ങളും അനുഭവിക്കാൻ യാത്രക്കാരൻ പലപ്പോഴും ബാദ്ധ്യസ്ഥനാകുന്നു. യാത്രക്കിടയിൽ അപ്രതീക്ഷിതമായി ബന്ധുക്കളെ കണ്ടുമുട്ടുന്നു. ഈ ബന്ധുവർഗ്ഗം പട്ടികയിൽ പെടാനിടയായാലുള്ള മനഃക്ലേശവും നിസ്സഹായാവസ്ഥയും അയാൾ അനുഭവിക്കുന്നു. ഇങ്ങിനെ വൈവിദ്ധ്യപൂർണ്ണമായ ജീവിതാനുഭവങ്ങളുടെ ഒരു സൂക്ഷ്മരൂപം ബസ്സുയാത്രയിൽ നാം ദർശിക്കുന്നു.

ഈ അനുഭവങ്ങളിൽ പലതും അനഭിലഷണീയങ്ങളും, അസമത്വജന്യങ്ങളും, നീതിന്യായരഹിതങ്ങളുമാണ്. ഈ ദുരവസ്ഥകൾ വച്ചുപൊറുപ്പിക്കാൻ പാടില്ലാത്തവയാണെന്നും, അവയ്ക്കെതിരെ പടപൊരുതണമെന്നും നിരന്തരം ആഹ്വാനം ചെയ്യുന്ന മനുഷ്യന്റെ അവസാനിക്കാത്ത സമരോന്മുഖ പ്രതിഭയുടെ ആവനാഴിയിൽ, ബസ്സിലെ ഈ ലഘുജീവിതത്തിൽ അനുഭവപ്പെടുന്ന വിധിവൈപരീത്യങ്ങളുടെ മേൽ പ്രയോഗിക്കാനുതകുന്ന ഒരമ്പ് കണ്ടെത്താൻ കഴിയുമോ എന്ന് ചിന്തിക്കേണ്ടതാണ്. നിസ്സഹായനായ മനുഷ്യന്റെ മുമ്പിൽ അവൻ വിശ്വസിക്കാനിഷ്ടപ്പെടാത്ത ''വിധി'' എന്ന മിഥ്യ അവനെ പല്ലിളിച്ച് നോക്കിനില്ക്കുകയാണ്.

# നിന്നിൽ മറക്കാൻ മാത്രം

ഒരു പൂവിൻചിരി, യിടിതൻ പടഹമൊ
രീറൻ ചിറകിന്നടി, മോഹത്തിൻ
ചുണ്ടുകൾ പൂട്ടിയ വേദന, യിരവിന്നിൽ
വെണ്ണുരുകുന്നൊരു കാമനമാത്രം.

മോഹത്തിൻശിര, മിരവിൽ ശിരമിളു
കാവ്യത്തിന്നയിരക്കരങ്ങളിൽ വഴിയുമൊ—
രധരികളിരിൽ മുങ്ങും പോലൊരു
മജ്ജല ഗദമറിയാൻ മാത്രം.

മണ്ണിന്നകവും പുറവും വാനിൽ
കെട്ടുപിണഞ്ഞിടി മിന്നലിൽ
കാറിമുകിൽ
വീഴ്ത്തിയമിഴിനീർ മുത്തുകൾതകിയ
ലഹരിയിലിന്നിൽ മുഴുകിടാൻമാത്രം.

പാതിരയായതു മറിയാതെകയിൽ
പാദപമേറിയിരുന്നി, യുംവിസിയ
വീഥികൾ പൂമണമുതിരും കഥകൾ
തേങ്ങലിലിടറിയ ശീലുകൾമാത്രം.

ഇവിടെവിഷാദ വിപഞ്ചികമുതിരും
നൽകിയുണർത്തിയ ഗദ്ഗദമധുരിമ—
അറിവിൻ കനിയി, ചൊരിരി മജ്ജല
മിയലും നിന്നിൽ മറക്കാൻ മാത്രം.

കരുണാകരപിഷാരടി സി. കെ.



ജോസ് ഫിലിപ്പ് എം.

യുഗാന്തരങ്ങളുടെ പായലടിഞ്ഞ വിഗ്രഹത്തിന്റെ കണ്ണുകളിൽ ദുഃഖമുണ്ടായിരുന്നു. കണ്ണുകൾ നഷ്ടപ്പെട്ട യാചകന്റെ ദുഃഖം. മാറാലകൾ തൂങ്ങിയ കുടാരത്തിനുള്ളിൽ ഞെരുങ്ങിയമരുന്ന പഴമയുടെ മൂക്കടപ്പിക്കുന്ന ഗന്ധം. വിദൂരതയുടെ ശൂന്യതയിൽ ഉടക്കിപ്പോയ കാലത്തിന്റെ തേരുകൾ.

ഒടുവിൽ,

പുറനിലങ്ങളിൽ, ചീഞ്ഞഴുകിയ ജഡത്തിന്റെ മോചനവും കാത്തിരിക്കുമ്പോൾ, —ഗോപുരത്തിനു കീഴെ ഇടുങ്ങിയ കവാടം. ചലിക്കുന്ന രൂപങ്ങൾ; അപരിചിതത്വത്തിന്റെ മുഖംമൂടിയണിഞ്ഞ മുഖങ്ങളിൽ കണ്ണുകൾ പരതി, എന്തിനോവേണ്ടി. കവാടത്തിനു മുന്നിലൂടെ പാത വിജനമായി അനന്തതയിലേക്ക് നീണ്ടു. ഉയരങ്ങളിൽ ഗോപുരാഗ്രത്തിൽ കാളമേഘങ്ങൾ അടിഞ്ഞുകൂടി. താഴെ, ശാപമോക്ഷം കാത്തലയുന്ന ആത്മാക്കളും. ഇരുളിന്റെ ചങ്ങലകൾക്കുള്ളിൽ പ്രപഞ്ചം ഞെരുങ്ങി മരിച്ചു. രൂപങ്ങളുടെ എണ്ണം കുറഞ്ഞുവന്നു. ക്രമേണ ചൂണ്ടുപലകകളില്ലാത്ത പാത അകലെ ഇരുളുറങ്ങുന്ന ഗുഹയിലൊളിച്ചു.

ഇലകൾ കൊഴിഞ്ഞ മരംപോലെ ശൂന്യമായ വിളക്കുമരത്തിനു കീഴിൽ ഇരുന്നു. എണ്ണ വററിയ വിളക്ക് പണ്ടെങ്ങോ പടുതിരി കത്തി എരിഞ്ഞടങ്ങിയിരുന്നു. പുകക്കറയേററ് നിറംമങ്ങിയ കടലാസ്സിന്റെ ചുരുളുകളിൽ, മാഞ്ഞുതുടങ്ങിയ അക്ഷരങ്ങളിൽ, ചുളിവുകൾവീണ് വികൃതമായ മുഖം. പ്രകാശമററ കണ്ണുകൾ വളഞ്ഞു ജടപിടിച്ച മുടിയിലും താടിയിലും അരിച്ചു നടന്നു. — ലക്ഷ്യമില്ലാത്ത പ്രയാണത്തിന്റെ അന്ത്യത്തിൽ വഴിയമ്പലം തേടിയലഞ്ഞു. ഒടുവിൽ, ഇവിടെ ഈ വിളക്കുകാലിൻ കീഴിൽ ഏകനായി……… വീണ്ടും!

അപ്പോൾ? ഈ മുഖം!

കണ്ണുകളിൽ ആഴിയുടെ അപാരത, ആകാശത്തിന്റെ നീലിമ, ഓർഫിയൂസിന്റെ ദുഃഖം. ഒപ്പം ബുദ്ധന്റെ ശാന്തതയും. പ്രയാണത്തിനിടയിൽ നേടിയെടുത്ത നിർവ്വികാരത നിറഞ്ഞ ഈ മുഖം, ഇതു് എന്റേതാണ്. എന്റേതുമാത്രം.

അകലങ്ങളിൽ നിന്നു് കാററ് വീശിക്കൊണ്ടേയിരുന്നു. കണ്ണുതുറന്നപ്പോൾ കവാടത്തിനപ്പുറം പാത നീണ്ടു. പല്ലിളിക്കുന്ന തലയോട്ടുകൾ കൊത്തിവച്ച വാതിലിനു മുമ്പിൽനിന്നുകൊണ്ട് നാവനക്കാതെ ഉച്ചത്തിൽ ചോദിച്ചു.

"എന്തിനിവിടെ വന്നു"?

ശൂന്യതയിലമർന്ന ഉത്തരത്തിന് കാത്തുനില്ലാതെ അകത്തുകടന്നു. പിന്നിൽ ഉയർന്നകേട്ട കിരുകിരാ ശബ്ദം കൊട്ടിയടയ്ക്കപ്പെട്ട വാതിലിന്റേതായിരിക്കാം. പിളർക്കപ്പെട്ട കൈവഴികളിലൊന്നിൽ കാലുകൾ ഇഴയുമ്പോഴും തണുത്തകാററ് വീശിക്കൊണ്ടിരുന്നു. മുന്നിലും പിന്നിലും കൊഴിഞ്ഞുവീഴുന്ന രാത്രിവൃക്ഷത്തിന്റെ നിറം നഷ്ടപ്പെട്ട ഇലകൾ. ഈ കൊഴിച്ചിൽ അനന്തമാണ്. യുഗങ്ങളിലൂടെ അനന്തതയിൽ ആരംഭിച്ച്, അനുസ്യൂതം, അനന്തതയിലേക്ക്.

ഇരുട്ടിൽ ഒളിച്ചുകളിക്കുന്ന കുഴികളിൽ ആഴ്ന്നിളക്കാൻ മുഴുതിയിറങ്ങിയ കാലുകൾ വലിച്ചുവച്ച് മുന്നോട്ട് നീങ്ങി. മുന്നിലും പിന്നിലും തമസ്സിൽ കൃഷ്ണസർപ്പങ്ങൾ ഫണം വിരിച്ചാടി. അപ്പോഴും കൊഴിഞ്ഞുവീഴുന്ന ഇലകൾ ചവിട്ടിമെതിച്ച് എന്റെ പ്രയാണം.

പ്രകാശത്തിലേക്ക്. പ്രകാശമെന്ന ലക്ഷ്യത്തിലേക്ക്. അപൂർവ്വമായി ലഭിക്കുന്ന ലക്ഷ്യങ്ങൾ. ലക്ഷ്യപ്രാപ്തി നല്കുന്ന നൈമിഷികമായ സംതൃപ്തി ഒടുവിൽ നഷ്ടപ്പെട്ട ലക്ഷ്യങ്ങളോർത്ത് വേദനിക്കുമ്പോൾ പ്രയാണം. ലക്ഷ്യങ്ങൾതേടി. ആവർത്തനത്തിന്റെ വിരസതയിൽ പുതുമനഷ്ടപ്പെട്ട ജീവിതം. വീണ്ടും പുനർജ്ജന്മം.

—ലക്ഷ്യമില്ലാത്ത മനുഷ്യനായി.

ചെമ്മൺപാത ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു. ലക്ഷ്യം കണ്ണിൽപ്പെട്ടില്ല. ഇരുളിന്റെ മറവിൽ പാതയ്ക്ക് ആകൃതി നഷ്ടപ്പെട്ടു. പെട്ടെന്നോർത്തു. ''ഏതോ ഒരു ലക്ഷ്യത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയായിരുന്നില്ലേ ആ രൂപങ്ങളും കവാടത്തിനുമുമ്പിൽ വന്നത്? മനസ്സിന്റെ അഗ്രാഹ്യമായ ഗുഹകളിൽ മറഞ്ഞുപോയ മറെറാരു ലക്ഷ്യം ..... ......

'മോചനം'!

ഒടുവിൽ പിൻതള്ളപ്പെട്ട കഥാപാത്രമായി ഈ പാതയിലലയുന്നു ഏകനായി. ഇരുളിന്റെ കാളിമയിൽ അമർന്നുപോയ പ്രകാശത്തിനുവേണ്ടി.

ഈ അലച്ചിലിൽ നിന്നും ഒരിക്കലും മോചനമില്ലേ.........? അപരിചിതത്വത്തിന്റെ നിഴല്പാടുകൾ വീണ മുഖങ്ങൾ കൺമുമ്പിൽ മിന്നിമറഞ്ഞു. അവർക്കും പ്രവേശനം ലഭിച്ചിട്ടുണ്ടായിരിക്കാം. അവരുടെ ലക്ഷ്യവും പ്രകാശമായിരുന്നിരിക്കാം. നഷ്ടപ്പെട്ടുപോയ പ്രകാശം. അപ്പോൾ, ഈ പാതയുടെ വിള്ളലുകളിൽ അവരുടെ പാദസ്പർശം ഏററിട്ടുണ്ടാകുമോ? ഇല്ല! ഒരിക്കലും അതുണ്ടാവില്ല. ഈപാത എന്റേതാണ്. എന്റേതുമാത്രം! എന്റെ കണ്ണുകളിൽ തമസ്സിന്റെ ദുഃഖമാണ്. അവർക്ക് ബന്ധനത്തിന്റെ ദുഃഖം. ഇത് പ്രകാശത്തിന്റെ പാതയാണ്. അഭിമാനത്തോടെ ഓർത്തു. ഞാൻ ആരുടേയും പിൻഗാമിയല്ല. മുൻഗാമിയും. ഇതു രണ്ടും ഞാൻ തന്നെയാണ്. ഞാൻ മാത്രം!

—ഇന്നേവരെ സ്വന്തമെന്ന് അഭിമാനിക്കാൻ ഒന്നുമില്ലാതിരുന്ന, വ്യർത്ഥതയുടെ ജന്മിയായ എനിക്ക് ഈ പാതയുണ്ട്. ഇതിന്റെ അന്ത്യം വെളിച്ചമാണ്. അതാണെന്റെ ലക്ഷ്യം. വിള്ളലുകൾക്ക് എന്നെ തടയാനാവില്ല. ഈ കൊടുംതമസ്സാണെന്റെ കാമുകി. അജ്ഞതയുടെ താഴ്വാരങ്ങളിൽ ഇഴഞ്ഞു നീങ്ങുന്നതിനിടയിൽ വരണ്ടുണങ്ങിയ ഹൃദയത്തിലേക്ക് ഉരുകിയൊലിച്ച തമസ്സിന്റെ നീർത്തുള്ളികൾ.

സ്മരണയിലൂടെ കിനിഞ്ഞിറങ്ങുന്ന നിർവൃതിയുടെ കനംതൂങ്ങിയ നിമിഷങ്ങളിൽ മരവിച്ച് നിർജ്ജീവമായിത്തീരാൻ കഴിഞ്ഞെങ്കിൽ.

വ്യർത്ഥമോഹങ്ങൾ!

സങ്കല്പത്തിന്റെ അത്യുന്നതങ്ങളിൽ നിന്ന് യാഥാർത്ഥ്യത്തിന്റെ കരിമ്പാറക്കൂട്ടങ്ങളിലേക്കുള്ള പതനം!

ഉയർന്നുപൊങ്ങിയ കല്ലുകളിൽത്തട്ടി കാൽ വേദനിച്ചു. പാത കുഴികളിലൊതുങ്ങി. ഒററ് പ്രകാശം കിട്ടിയിരുന്നെങ്കിൽ...... മുന്നോട്ടും പിന്നോട്ടും ചലിക്കാനാകാതെ നില്ക്കുമ്പോൾ ഹൃദയത്തിന്റെ അഗാധഗർത്തങ്ങളിൽ നിന്ന് ആരോ മന്ത്രിച്ചു.

ശേഷം 48-ാം പേജിൽ

# കലയും കലാകാരനും

അലോഷ്യസ്

കലയും കലാകാരനും എന്തെന്നും ആരെന്നും പ്രഖ്യാപിച്ചുവച്ചിട്ടുള്ള ഇവിടെ ആരൊക്കെയാണീ കലാകാരന്മാരെന്നും എന്തൊക്കെയാണീ കലാരൂപങ്ങളെന്നുള്ള ചോദ്യങ്ങൾ അപ്രസക്തങ്ങളാകുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

കല ദൈവീകമാണെന്നും കലാകാരന്മാർ ദൈവത്തിന്റെ നേരിട്ടുള്ള സൃഷ്ടികളാണെന്നും, അവർ ഇടംവലം തിരിഞ്ഞു നോക്കുന്നത് ദൈവദോഷമാണെന്നും അങ്ങിനെ ഇടംവലം തിരിഞ്ഞുനോക്കുന്നവർ യഥാർത്ഥ കലാകാരന്മാരല്ലെന്നും മററും സ്ലേററും പെൻസിലും ഉപയോഗിക്കുന്ന കാലത്തുതന്നെ നമ്മെ പഠിപ്പിച്ചു വെച്ചിരിക്കുന്നത്. ഇവിടത്തെ ഭരണവർഗ്ഗം വളരെ ബുദ്ധിപരമായി ചെയ്തുവെച്ചിട്ടുള്ള ഒരു സംഗതിയാണിത്. മനുഷ്യന്റെ സാംസ്കാരിക വളർച്ചയുടേയും, സാമൂഹ്യജീവിതത്തിന്റേയും ഫലമായി അവനിലുണ്ടാകുന്ന അനുഭവങ്ങളുടെ, മാററങ്ങളുടെ പ്രതിഫലനങ്ങളാണ് കലയെന്നും അത്തരത്തിലുള്ള പ്രതിഫലനങ്ങളുടെ സ്രഷ്ടാക്കളാണ് കലാകാരനെന്നും നാം മനസ്സിലാക്കുമ്പോൾ ചെറുപ്പത്തിലെ കലയേയും കലാകാരനേയും കുറിച്ച് നമ്മെ പഠിപ്പിച്ചത് തെററായിരുന്നുവെന്ന് നമുക്ക് ബോധ്യമാകും. റഷ്യ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ കലയും കലാകാരനും എന്താണെന്നും ആരാണെന്നും മനസ്സിലാക്കാവുന്നതേയുള്ളു. പിക്കാസോ, നെരൂദ തുടങ്ങിയ വിശ്വപ്രശസ്തരായ കലാകാരന്മാർ ഏകാന്തമായി തപസ്സനുഷ്ഠിച്ചുകൊണ്ടല്ല സൃഷ്ടികൾ നടത്തിയിരുന്നത്. കർഷകരുടേയും തൊഴിലാളികളുടേയും കൂടെ ജീവിക്കുകയും അവരുടെ ജീവിതപ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും കലാസൃഷ്ടികൾ നടത്തുകയും അവരുടെ തന്നെ മുൻപിലവതരിപ്പിച്ച് തെററുകൾ തിരുത്തുകയുമാണ് പിക്കാസോയും മററും ചെയ്തത് അല്ലാതെ ഇന്നത്തെപ്പോലെ കഞ്ചാവിന്റേയും മദാലസതയുടേയും ലഹരിയിൽ ഒരുതരം അബോധാവസ്ഥയിലല്ല അന്നത്തെ കലാകാരന്മാർ സൃഷ്ടിയിലേർപ്പെട്ടിരുന്നത്.

ഇനി ഇവിടത്തെ മറെറാരു വാദം കല പരമ്പരാഗതമായി ലഭിക്കുന്ന ഒരു സിദ്ധിയാണെന്നാണ്. ഇതിനോട് നമുക്കൊരിക്കലും യോജിക്കാൻ കഴിയുകയില്ല. കാരണം കല ഉന്നതവർഗ്ഗത്തിന്റെ ഉന്നതമായ ഒരു കഴിവാക്കിത്തീർക്കുവാനുള്ള ശ്രമത്തിന്റെ ഭാഗം മാത്രമാണിത്. ഒട്ടിയ വയറിന്റെ രണ്ടു വശങ്ങളിലുമുള്ള കറുത്ത് കരുവാളിച്ച പാടുകളിൽ ഒരു ചില്ലി കാശിനുവേണ്ടി ആഞ്ഞടിച്ചുകൊണ്ട് ക്ലാസ്സ

മായി പാടുന്ന ഈ നാടിന്റെ മക്കളെക്കണ്ട് മടുത്തവരാണ് നമ്മൾ. ഇവർക്ക് ആരുടെ പാരമ്പര്യമുണ്ടായിട്ടാണ് മധുരമായി പാടുന്നത്? ഒരു പാരമ്പര്യവുമില്ല. പട്ടിണി മാത്രമേയുള്ളൂ. ജീവിക്കണമെങ്കിൽ ആരെങ്കിലും അഞ്ചുപൈസ കൊടുക്കണമെങ്കിൽ മധുരമായി പാടിയേ മതിയാകൂ. അതുകൊണ്ടവൻ പാടുവാൻ നിർബന്ധിതനാകുന്നു; പാടുന്നു. അച്ഛനൊരുപക്ഷേ ചെരുപ്പുകുത്തിയായിരിക്കാം; അമ്മ തൂപ്പുകാരിയും. വേനലും വർഷവും മുന്നൂററിയറുപത്തഞ്ചു ദിവസവും ഭാഗവതരെ ഇരുത്തി പരിശീലനം നേടുന്ന വല്യവീട്ടിലെ കൊച്ചുതമ്പുരാട്ടിമാരേക്കാൾ ഭംഗിയായി നമ്മുടെ തെരുവിലെ കൊച്ചുമിടുക്കന്മാരും മിടുക്കികളും പാടുന്നത് ഒരു പാട്ടു കേൾക്കാൻ പോലും സൗകര്യമില്ലാതെ തന്നെയാണ്. ഇവർക്കെല്ലാം പ്രോത്സാഹനവും പരിശീലനവും കിട്ടിയാൽ കലാകാരന്മാരെക്കൊണ്ട് ഭാരതരാജ്യം നിറഞ്ഞു കവിയുമെന്നതിന് സംശയമൊന്നുമില്ല.

അടുത്ത വാദം കല കലയ്ക്കുവേണ്ടിമാത്രമെന്നതാണ്. അദ്ധ്വാനിക്കുന്ന തൊഴിലാളിയുടെ അദ്ധ്വാനശേഷിയെ ഏതുവിധത്തിൽ ചൂഷണം ചെയ്യപ്പെടുന്നുവോ അതേരീതിയിൽ തന്നെയാണ് കലാകാരനും ഇവിടെ ചൂഷണം ചെയ്യപ്പെടുന്നത്. കലാകാരന്റെ സൃഷ്ടികളെ (ചിത്രമായാലും, ശില്പമായാലും, പുസ്തകമായിരുന്നാലും) മുതലാളിമാരാണ് വിററ് കൊള്ളലാഭമുണ്ടാക്കുന്നത്. ജീവിക്കാൻവേണ്ടി ബുദ്ധിമുട്ടുന്ന കലാകാരന്മാർ കിട്ടിയവിലയ്ക്ക് അവരുടെ സൃഷ്ടികളെ വില്ക്കുവാൻ നിർബന്ധിതരാകുന്നു. ഭാരതത്തിലെ ഒരൊററ കലാകാരനും കല കലയ്ക്കുവേണ്ടിയെന്ന് ആത്മാർത്ഥതയോടുകൂടി സംതൃപ്തിയോടുകൂടി പറയുവാൻ കഴിയുകയില്ല. അങ്ങനെ ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അയാളുടെ മനസ്സിനുള്ളിലുള്ള ആഗ്രഹം കൊണ്ടു മാത്രമാണെന്ന് മനസ്സിലാക്കിയാൽ മതി. ആ ആഗ്രഹം സഫലീകൃതമാകണമെങ്കിൽ ഇവിടെ ഇന്ന് നിലനില്ക്കുന്ന വ്യവസ്ഥിതി പാടെ മാറിയേ പററൂ. വ്യവസായികരംഗത്തെ കടുത്ത മത്സരങ്ങൾപോലെ കലാരംഗത്തും പരസ്പരം മത്സരിച്ചേ മതിയാകൂ. എല്ലാവർക്കും സ്വന്തം സൃഷ്ടികളെ അവതരിപ്പിക്കുവാനും, അവർക്കു ജീവിക്കുവാനും ഉള്ള അവസരമില്ലാത്തതുകൊണ്ടാണ് മത്സരിക്കേണ്ടിവരുന്നത്. കടുത്ത മത്സരങ്ങളിലൂടെ മുൻപിലെത്തിയാലേ തന്റെ കലാസൃഷ്ടികൾ വിററഴിക്കുവാനും ജീവിക്കാനും സാധിക്കൂ. ചൈനയെപ്പോലുള്ള സോഷ്യലിസ്റ്റു രാജ്യങ്ങൾ പരിശോധിച്ചാൽ ഇത്തരത്തിലുള്ള മത്സരങ്ങൾ കാണാൻ കഴിയുകയില്ല. കാരണം അവിടത്തെ കലാകാരന്മാർക്ക് ജീവിക്കുവാനും, കലാസൃഷ്ടികൾ പ്രദർശിപ്പിക്കുവാനും ഉള്ള തുല്യമായ സാഹചര്യങ്ങളും അവസരങ്ങളുമുണ്ട്. ഇവിടെ എഴുപതിയഞ്ചു ശതമാനത്തിലധികം ജനങ്ങൾ പട്ടിണികൊണ്ട് പൊരിയുമ്പോൾ ആർക്കുവേണം ഈ കലയും സൗന്ദര്യബോധവും? ന്യൂനപക്ഷമായ മുതലാളിത്തത്തെ ആസ്വദിപ്പിക്കാനല്ല കലാകാരനൊരുങ്ങേണ്ടത്. ഇവിടെ നിലനിൽക്കുന്ന വ്യവസ്ഥിതി മാറിയാലേ കലക്കും കലാകാരനും സ്ഥാനമുണ്ടാകൂ— ആ മാററത്തിനുവേണ്ടി സർവ്വശക്തിയുമുപയോഗിച്ച് തങ്ങളുടെ തൂലിക ചലിപ്പിക്കുകയാണ് ഓരോ കലാകാരനും ഇപ്പോൾ ചെയ്യേണ്ടത്.

ജനങ്ങളുടെ ഇടയിൽ ഏററവും കൂടുതൽ സ്വാധീനശക്തിയുള്ള ഇന്ത്യൻ ചലച്ചിത്രരംഗം പരിശോധിച്ചാൽ ഇത്രയധികം വ്യഭിചരിക്കപ്പെട്ട, ശോചനീയമായ മറെറാരു രംഗം നമുക്ക് കാണാൻ കഴിയുകയില്ല. സിനിമയിലഭിനയിക്കണമെങ്കിൽ അഭിനയത്തേക്കാളുപരി വേശ്യാവൃത്തിയിലുള്ള പരിചയമാണാവശ്യം. നിർമ്മാതാവ്, സംവിധായകൻ തുടങ്ങി പത്രക്കാരൻവരെ ശരീരം പങ്കിട്ടാലേ സിനിമാരംഗത്തെ കലാകാരികൾക്ക് പിടിച്ചുനില്ക്കാൻ കഴിയൂ. ഇക്കിളിക്കൊള്ളിക്കുന്ന രതിലീലകൾ പ്രദർശിപ്പിക്കുകവഴി പാവപ്പെട്ട തൊഴിലാളികളടക്കം സമൂഹത്തെ ഒന്നടങ്കം ചൂഷണം ചെയ്യുകയാണ്. പ്രദർശനാനുമതിക്ക് സെൻസർ ബോർഡെന്ന പ്രഹസനക്കാരും. ആദ്യമായി സെൻസർഷിപ്പ് ഏർപ്പെടുത്തേണ്ടത് ഇവരുടെ വൃത്തികേടുകൾക്കു നേരെയാണ്. പാവപ്പെട്ട സിനിമാനടികൾ യജമാനന്മാരുടെ മുൻപിൽ കഷ്ടം പിടിച്ച ശരീരം പോലെ വികാരമററ് ജീവിക്കുവാൻ

വേണ്ടി അഭിനയിക്കുകയും അനുഭവിക്കുകയും ചെയ്യുമ്പോഴും കല കലയ്ക്കുവേണ്ടിയാണെന്ന് അവകാശിക്കലും പറയുവാൻ കഴിയില്ല. വ്യാവസായികരംഗത്തെ കുത്തകകൾപോലെ കലാരംഗത്തും കുത്തകകളെ കാണാം. മലയാളസിനിമതന്നെ ഉദാഹരണമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ ചിത്രങ്ങളിലഭിനയിക്കാനവസരം ലഭിച്ചിട്ടും ഇതുവരെ പക്വത വരാത്ത നരച്ച അപ്പൂപ്പനാണ് മലയാളത്തിന് ഇന്നുള്ള നായകൻ. ഇവരെയൊക്കെ കലാരംഗത്തുനിന്നും ആട്ടിപ്പായിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്.

മനുഷ്യന്റെ മാംസപേശികളെ നിമിഷനേരത്തേക്ക് ഇക്കിളിപ്പെടുത്തുവാനുള്ള ഒരു ഉപകരണമായല്ല കലയെ കലാകാരൻ കാണേണ്ടത്. കലയും സൗന്ദര്യബോധവും, ആസ്വാദനക്ഷമതയും എല്ലാം ആവശ്യമാണ്. പക്ഷെ പട്ടിണി കിടക്കുന്നവർക്ക് ജീവിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുകയാണ് ഏറ്റവും അത്യാവശ്യമായിട്ടുള്ള സംഗതി. പട്ടിണി കിടക്കുന്നവന്റെ മുൻപിൽ പാട്ടുപാടിയതുകൊണ്ടോ ചിത്രങ്ങൾ പ്രദർശിപ്പിച്ചതുകൊണ്ടോ അവന്റെ വിശപ്പുമാറാൻ പോകുന്നില്ല. ഇതിനെതിരെ എന്തുചെയ്യാൻ കഴിയുമെന്നാണ് കലാകാരൻ ചിന്തിക്കേണ്ടത്. ഈ ചീഞ്ഞുനാറിയ അംഗീകാരസർട്ടിഫിക്കറ്റുകളെയും അവാർഡുകളെയും വലിച്ചുകീറി സമത്വസുന്ദരമായ നല്ലൊരുനാളേയ്ക്കുവേണ്ടി തങ്ങളുടെ സൃഷ്ടികളിലൂടെ പടക്കളമൊരുക്കുകവഴി കലയും കലാകാരനും എന്താണെന്നും ആരാണെന്നും ഈ ലോകത്തിന് മനസ്സിലാക്കിക്കൊടുക്കുകയാണ് ഓരോ കലാകാരനും ചെയ്യേണ്ടത്.

45-ാം പേജിലെ തുടർച്ച

''ദുഃഖമില്ലായ്മയാണ് നിന്റെ ദുഃഖം. നിനക്കുവേണ്ടത് ലക്ഷ്യപ്രാപ്തിയല്ല. വെറും മരീചികകളാണ്, അവർ മോചനത്തിന്റെ പാതയിലാണ് കവാടം. ഒരിക്കലും സാക്ഷാത്കരിക്കാനാവാത്ത മരീചികകൾ തേടി യാത്ര തുടരൂ.''

ലോകംമുഴുവൻ പിടിച്ചടക്കിയവന്റെ സംതൃപ്തി. നഷ്ടപ്പെട്ട മുഖം തിരിച്ചുകിട്ടിയിരിക്കുന്നു.

പെട്ടെന്നയാൾ ഉണർന്നു. ഈ പാത. ഇതിന്റെ അന്ത്യം പ്രകാശമാണ്. വെളിച്ചം കണ്ടെത്തിയാൽ എന്റെ ദുഃഖം. പാടില്ല. ഒരിക്കലും. ഈ കാലുകൾ മുന്നോട്ട് ചലിക്കാൻ പാടില്ല. പിന്നോട്ടും. ഒരുപക്ഷേ ഉത്ഭവത്തിൽ പ്രകാശകണികകൾ ഉണർന്നിട്ടുണ്ടെങ്കിൽ ഇവിടെ ഇവിടമാണെന്റെ ലക്ഷ്യം. പ്രകാശം ശത്രുവാണ്. ഈ ഇരുളാണെന്റെ കാമുകി.

വീണ്ടും.

തളർന്നൊടിഞ്ഞ കാലുകളിൽ ശരീരം താങ്ങാനാവാതെ അയാളിരുന്നു. ഇരുളിന്റെ വന്മറ്റുള്ളിൽ ലക്ഷ്യമെന്ന മരീചികയ്ക്കുവേണ്ടി തപസ്സ്. കാത്തിരിപ്പിന്റെ അസഹ്യമായ വിരസത. കനം തൂങ്ങിയ കൺപോളകൾ തൂങ്ങിയടഞ്ഞു.

പാതയുടെ ചുളിവുകളിലേക്ക് ശരീരം ക്രമേണ പതിക്കുമ്പോൾ പിന്നിൽ കവാടത്തിനുമുകളിൽ സൂര്യൻ ഉദിച്ചിട്ടുണ്ടായിരുന്നു. ശാപമോക്ഷം നേടിയ അസ്തമയ സൂര്യൻ.

മോഹനൻ പി വി



എന്റെ വാക്കുകൾ.........
എന്റെ ചലനങ്ങൾ........
എന്റെ ദൃഷ്ടികൾ..........
എന്റെ ഹൃദയമിടിപ്പുകൾ......

ഇതിലെല്ലാം മറ്റുള്ളവർക്കാകാംക്ഷയുണ്ട്.

എന്റെ ബെഡ്ഡിനരികിൽ എന്റെ അച്ഛൻ, അമ്മ, ചേച്ചി–മാത്രമല്ല എന്റെ സുഹൃത്തുക്കൾ.

കടുത്തവേനലിൽ വററിയതോടുപോലെ കണ്ണുനീർ ചാലുകൾ അമ്മയുടെ മുഖത്ത് കാണാം.

കഴിഞ്ഞ കുറെ ദിവസങ്ങളായി അച്ഛൻ ശരിക്കുറങ്ങാറില്ല. ആ മുഖം കണ്ടാലറിയാം.

നെററിയിലും ശിരസ്സിലും കുങ്കുമപ്പൊട്ട് ചാർത്താറുള്ള ചേച്ചി കുറെ ദിവസങ്ങളായി അണിയാറില്ല. എല്ലാവരുടെയും ശ്രദ്ധ എന്നിൽ കേന്ദ്രീകരിച്ചിരുന്നു. അപ്പോഴും ഞാൻ പ്രസന്നനായിരുന്നു. എന്റെ ദിനങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞു എന്നറിഞ്ഞിട്ടുപോലും.

ക്യാൻസർ രോഗാണുക്കൾ എന്റെ സിരകളിലൂടെ പാഞ്ഞൊഴുകുകയാണെന്നറിഞ്ഞിട്ടുപോലും. എന്റെ മനസ്സ് കൂരിരുട്ടിൽ തപ്പിത്തടയുകയാണെന്നറിഞ്ഞിട്ടുപോലും.

എന്തിന് വേണ്ടി?

ജീവന് തുല്യം സ്നേഹിക്കുന്ന എന്റെ അമ്മ. ഞാൻ വളർന്ന് വലുതായി–വിവാഹിതനായി–ഒരു കുട്ടിയുണ്ടായി– ആ കുട്ടിയെ താലോലിക്കുവാൻ കൈനീട്ടിയിരിക്കുന്ന എന്റെ അമ്മയുടെ മുന്നിൽ ഞാൻ അധീരനാകണോ–

അമിതമായ കുസൃതിത്തരങ്ങളിൽ എന്നോട് ഗർജ്ജിച്ച് എന്നെ ശിക്ഷിക്കുകയും പിന്നീട് ആ ചെറിയ ശിക്ഷയിൽ പശ്ചാത്താപിക്കുകയും ചെയ്യുന്ന എന്റെ അച്ഛൻ–എന്നെ പഠിപ്പിച്ച് വളരെ ബുദ്ധിമുട്ടി എനിക്കൊരു ജോലി തേടിത്തന്ന എന്റെ അച്ഛന്റെ മുന്നിൽ ഞാൻ അധീരനാകണോ– എന്റെ ചേച്ചി.

എന്റെ സുഹൃത്തുക്കൾ.. ......

ഇല്ല...ഒന്നും ചിന്തിക്കുന്നില്ല. ആ ചിന്തകൾ എന്റെ മുഖത്ത് ദുഃഖത്തിന്റെ നിഴൽ വിരിക്കുമെന്നുള്ള പേടികൊണ്ട് മാത്രം. ഞാൻ ദുഃഖിതനാകുവാൻ പാടില്ല. മരണത്തിന്റെ ഭീഷ്ണയേറിയ കാരകൾ

എന്റെ സിരകളിലേക്കാഞ്ഞിറങ്ങുന്ന നിമിഷംവരെ ഞാൻ ധൈര്യവാനായിരിക്കണം.

എന്റെ അമ്മ കരയും.

അച്ഛനും ചേച്ചിയും കരയും.

എന്നെ സ്നേഹിക്കുന്നവരെല്ലാം കരയും.

അവരുടെ കണ്ണുനീർ തുടക്കുവാനുള്ള കരുത്തെനിക്കില്ല.

എന്റെ ജീവിതം... ... അഗാധമായ ആഴി.

മുകളിൽ—ആഞ്ഞടിക്കുന്ന തിരമാലകൾ.

താഴെ—അടിയൊഴുക്കുകൾ.

ആ അഗാധമായ ആഴിയുടെ അടിത്തട്ടിലേക്ക് എന്റെ ഹൃദയം വഴുതിവീഴുന്നതുപോലെ തോന്നി. ആ അഗാധതയിൽ മരണത്തിന്റെ കറുത്ത മുഖത്തിൽ തെളിയുന്ന ചുവന്ന കണ്ണുകൾ എന്നെ തുറിച്ചുനോക്കുന്നതുപോലെ തോന്നി. ജീവിതത്തിന്റെ സങ്കീർണ്ണമായ പാത. ആ പാതയിൽക്കൂടി എനിക്കെത്ര ദിവസം ഇനിയും സഞ്ചരിക്കുവാൻ കഴിയും?

എനിക്ക് ദുഃഖമില്ല. ഞാനെന്തിന് ദുഃഖിക്കണം?

എല്ലാവരും മരണത്തിലേക്ക് യാത്ര തുടരുകയാണ്.

പക്ഷെ ഒരു വ്യത്യാസം മാത്രം —

വേഗത......

പലരുടെ യാത്ര പലവേഗതയിൽ... ഞാൻ അതിലൊരുത്തൻ മാത്രം.

എന്നെപ്പോലെ എത്രയോ പേർ...... അവരെല്ലാം എന്റെ സഹയാത്രികർ.

ലക്ഷ്യമുണ്ട്...... ഇനിയും ജീവിതത്തിൽ അവശേഷിക്കുന്ന ഒരേഒരുലക്ഷ്യം... മരണം.

മുരടിച്ച മനസ്സുമായി ലക്ഷ്യത്തിന്റെ പാതയിൽക്കൂടി—ലക്ഷ്യമെന്ന ബിന്ദുവിനെത്തേടി ഇനിയും യാത്ര.

ആശയില്ല. നിരാശയില്ല. ആശിക്കുവാൻ വകയില്ലാത്തവനു് നിരാശയോ?

മരണത്തിന്റെ ചിരിക്കുന്ന മുഖം മാത്രം.

ഒരു സുന്ദരിയായ സ്ത്രീയുടെ ചന്ദ്രാകാരിയായ വദനത്തിൽ സ്ഫുരിക്കുന്ന മന്ദഹാസംപോലെ എനിക്കിപ്പോൾ തോന്നുന്നു.

ഞാൻ എന്റെ ചുററിലും നിന്നവരെ നോക്കി മന്ദഹസിച്ചു. ദുഃഖം അവരിൽ തളംകെട്ടി നിന്നിരുന്നു. ഈ ലോകത്തിലേക്കു് പിറന്നു് വീണപ്പോൾ ഞാൻ ശക്തിയായി കരഞ്ഞു. മററുള്ളവർ എന്നെ നോക്കി ചിരിച്ചു. ഇതാ ഇപ്പോൾ മററുള്ളവർ എന്നെ നോക്കി കരയുന്നു. മരണത്തിന്റെ പൈശാചികമായ നഖങ്ങൾ എന്നിലേക്കാഴ്ത്തിക്കുകയാണു്, ഒരു ഡ്രാക്കുളയെപ്പോലെ. എന്റെ രോഗാണുക്കൾ നിറഞ്ഞ രക്തം മോഹിച്ചു്.

മെഡിക്കൽ കോളേജ് ഹോസ്പിററലിന്റെ മുൻവശത്തു് വളർന്നു് പന്തലിച്ചു് നില്ക്കുന്ന ചൂളമരത്തിൽ ആഞ്ഞടിക്കുന്ന കാററിന്റെ നേർത്തപാളികൾ തുറന്നിട്ട ജാലകത്തിലൂടെ എന്റെ ബെഡ്ഡിനരികിൽക്കൂടി കടന്നുപോയപ്പോൾ മനസ്സിനല്പം ആശ്വാസം തോന്നി.

ആ ചൂളമരത്തിൽ ആഞ്ഞടിക്കുന്ന കാററിന്റെ മൂളൽ എന്റെ കാതുകളിൽ അലകൾ സൃഷ്ടിക്കുന്നു.

പുറമെക്കൂടിപോകുന്ന വാഹനങ്ങളുടെ ശബ്ദങ്ങൾ.........

എന്നെ സ്നേഹിക്കുന്നവരുടെ മനസ്സിന്റെ രോദനം.........

മരണത്തിന്റെ ഗന്ധം.........

മരണ മണി.........

എല്ലാവരും എന്നിൽനിന്നും ആ രഹസ്യം മറച്ചുവച്ചിരിക്കുകയാണ്. എൻ്റെ ദിനങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞെന്നുള്ള രഹസ്യം. അതെന്നെ സ്നേഹിക്കുന്നവർക്കെല്ലാമറിയാം.

എല്ലാവരും എന്നെ തെറ്റിദ്ധരിച്ചിരിക്കുന്നു.

എൻ്റെ ചലനങ്ങൾ........

എൻ്റെ ദൃഷ്ടികൾ...........

എൻ്റെ വാക്കുകൾ............

എൻ്റെ ഹൃദയമിടിപ്പുകൾ...... ഇവകൊന്നും വ്യത്യാസമില്ലാതെ ഞാനഭിനയിച്ചു. ഞാൻ ഉന്മേഷവനാണെന്നവരെ തെറ്റിദ്ധരിപ്പിച്ചു. മരണത്തെക്കുറിച്ച് അജ്ഞാതനാണെന്നവരെ തെറ്റിദ്ധരിപ്പിച്ചു.

പക്ഷെ ഞാൻ മരിച്ചാൽ......

എൻ്റെ അമ്മ കരയും–

അച്ഛൻ കരയും–

എന്നെ സ്നേഹിക്കുന്നവരെല്ലാം കരയും

കരയട്ടെ......

എന്നെ കാണുവാൻ എൻ്റെ മേലുദ്യോഗസ്ഥന്മാർ വന്നു......

എൻ്റെ സഹപ്രവർത്തകർ.. ...

അവർ വരരുതെന്ന് ഞാനാഗ്രഹിച്ചിരുന്നു. എന്നിട്ടും അവർ വന്നു.

കണ്ടു........

സംസാരിച്ചു.

ആശ്വസിപ്പിച്ചു........

മനക്കരുത്തില്ലാത്തവർ കരഞ്ഞു.

എന്നിട്ടും എനിക്ക് ദുഃഖം തോന്നിയില്ല.

അവർ പോയി.

പലരും വരുകയും പോവുകയും ചെയ്തു.

ഞാൻമാത്രം...ഇനിയും പോയിട്ടില്ല.

എല്ലാവർക്കും ഇന്ന് ഞാനൊരു മിത്രമാണ്. എൻ്റെ ദയനീയതയിൽ പരിതപിക്കുന്നവർ. ഇന്നെനിക്ക് ശത്രുക്കളില്ല. എല്ലാവരുമെന്നെ സ്നേഹിക്കുന്നു. മനസ്സിൻ്റെ സന്തോഷത്തെ പിടിച്ചുനിർത്തുവാൻ ഇനിയെത്രവേണം.

ചിന്തകൾ കാടുകയറുകയാണ്. ഇല്ല. ഇനിയൊന്നും ചിന്തിക്കുന്നില്ല .....

അവസാനം......

എൻ്റെ ചലനങ്ങൾ......

എൻ്റെ വാക്കുകൾ–

എൻ്റെ നിശ്വാസങ്ങൾ–

എൻ്റെ ദൃഷ്ടികൾ–

ഏകാന്തതയുടെ വിരിമാറിൽ കൂടി നിർഭാഗ്യവാനായ ഞാൻ മറ്റാരേയും കാണാതെ ഒളിഞ്ഞുനോക്കി...കറുത്ത് കട്ടിപിടിച്ച ആ ലോകത്തിലേക്ക്......... സമയമായിട്ടില്ല... ഇനിയും ഇനിയും...... ഇനിയുമെത്ര ദൂരം..........

# പി. ജെ. ആന്റണി



"നൂറുദിവസം കഴുതയായി ജീവിക്കുന്നതിനേക്കാൾ ഉത്തമം ഒരു ദിവസം സിംഹമായി ജീവിക്കുകയാണ്."

ജീവിതത്തേക്കാളുപരി കലയെ സ്നേഹിച്ച കലാകാരൻ. കച്ചവടമായി മാറിയ കലയുടെ മോചനത്തിനുവേണ്ടി അവസാന നിമിഷംവരെ തനിച്ചു പോരാടിയ ധിക്കാരി! മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് ശ്രീ ആന്റണി, യു. സി. കോളേജ് വിദ്യാർത്ഥിയായ കെ. എൻ. ഷാജിയുമായി ഒരഭിമുഖ സംഭാഷണം നടത്തുകയുണ്ടായി. മഹാനായ ആ ധിക്കാരിയുടെ ജ്വലിക്കുന്ന, കാതലുള്ള അഭിപ്രായങ്ങൾ തന്നെ അന്ത്യോദകമായി ഞങ്ങൾ അർപ്പിക്കുന്നു. പ. സ.

ചോദ്യം:— ആധുനിക സാഹിത്യത്തിലെ പ്രവണതകളെക്കുറിച്ചെന്തു പറയുന്നു?

ഉത്തരം:— ഒരു സാഹിത്യസൃഷ്ടി, ഒരു ദിവസംകൊണ്ട് നാറുന്നതാകാം; കാലാകാലത്തോളം നിലനിന്നുവെന്നും വരാം. അതല്ല പ്രശ്നം. അതു നിലനിൽക്കുന്ന ഓരോ നിമിഷത്തിലും ഗൗരവപൂർണ്ണമായ ഉത്തരവാദിത്തം വഹിച്ചു കൊണ്ടിരിക്കുന്നു. സാഹിത്യസൃഷ്ടികൾ ആസ്വാദകഹൃദയങ്ങളിൽ വളരെയേറെ സ്വാധീനം ചെലുത്തുമെന്നും, അത് അനിവാര്യമായും പലതരത്തിലുള്ള പ്രേരണകൾ അവരിലുള

വാക്കുമെന്നുമുള്ള കാര്യം തർക്കമൊന്നുമില്ലാത്തതാണല്ലോ. ഈ സത്യം വിസ്മരിച്ചുകൊണ്ട് ഉണ്ടാക്കിവിടപ്പെടുന്ന സാഹിത്യസൃഷ്ടികൾ, സമൂഹത്തിന് കഴിയുന്നിടത്തോളം ദ്രോഹമേല്പിക്കുകയേയുള്ളൂവെന്ന കാര്യത്തിൽ സംശയമില്ല. സാഹിത്യത്തിലെ അത്തരം ഉത്തരവാദിത്വങ്ങളെ ബോധപൂർവ്വം അവഗണിക്കുന്ന എഴുത്തുകാർക്ക് ജീവിതത്തെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. 'ജീവിതത്തിന് യാതൊരർത്ഥവും ഉദ്ദേശവുമൊന്നുമില്ല. ഇവിടെ പരാജയങ്ങളും നിരാശയും മാത്രമേയുള്ളൂ. അതുകൊണ്ട് ആർക്കും എങ്ങനെ വേണമെങ്കിലും ജീവിക്കാം,' എന്നൊക്കെയാണ് ആ അഭിപ്രായങ്ങൾ.

എന്നാൽ അവർ പറയുന്ന ആ വകതത്വങ്ങളിൽ അവർ തന്നെ വിശ്വസിക്കുന്നില്ലെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. ജീവിതത്തിന് അർത്ഥവും ഉദ്ദേശവുമൊന്നുമില്ലെന്ന് അവർ പറയുന്നത് ആത്മാർത്ഥതയോടുകൂടിയാണെങ്കിൽ ആ തത്വം ബോധ്യമായ ഉടനെ അവർ ആത്മഹത്യ ചെയ്യേണ്ടതായിരുന്നു. എന്നാൽ ആരുമങ്ങനെ ചെയ്യാതെ ഉദ്യോഗങ്ങൾ നോക്കിയും, മറ്റും ജീവിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ എന്താണതിനർത്ഥം? ജീവിതത്തിന് എന്തോ ചില അർത്ഥമൊക്കെയുണ്ടെന്നും, അതുകൊണ്ട് ആ ജീവിതം എങ്ങനെയും ജീവിച്ചുതന്നെ തീർക്കണമെന്നുമുള്ള ബോധം, അറിഞ്ഞോ അറിയാതെയോ അവരിലുണ്ട്. പിന്നെ ജീവിതത്തിന്റെ ഉദ്ദേശത്തെപ്പറ്റിയാണെങ്കിൽ; തങ്ങളെഴുതുന്നതെല്ലാം ആർക്കെങ്കിലും കൊടുത്ത് റോയൽറ്റി വാങ്ങണമെന്ന ഉദ്ദേശമെങ്കിലും അവർക്കുണ്ടല്ലോ. അതുകൊണ്ട് ഈ ജീവിതനിഷേധികൾ മറ്റുള്ളവരെ വഞ്ചിക്കുന്നതിലേറെ തങ്ങളെത്തന്നെ വഞ്ചിക്കുന്നവരാണ്.

ചോദ്യം:— സാഹിത്യകാരന് സമൂഹത്തോട് എന്താണ് കടപ്പാട്? അങ്ങനെയൊന്നുണ്ടോ?

ഉത്തരം:- എന്താണ് സാഹിത്യകാരന്റെ കൈമുതൽ? അത് താൻ ജീവിക്കുന്ന സമൂഹത്തിൽ നിന്ന് ശേഖരിച്ചെടുത്ത അനുഭവങ്ങളും അറിവുകളുമാണ്. അതു തന്നെ ഒരു കടപ്പാടല്ലേ? താൻ കാണുകയും, കേൾക്കുകയും, അറിയുകയും, ബന്ധപ്പെടുകയും, അനുഭവിക്കുകയും ചെയ്യുന്ന സംഭവങ്ങൾ, സാഹിത്യകാരന്റെ ഹൃദയത്തിലെ പ്രിയപ്പെട്ട അതിഥികളായിത്തീരുന്നു. ആ അതിഥികൾ അയാളെ രസിപ്പിക്കുകയും, സുഖിപ്പിക്കുകയും, പീഡിപ്പിക്കുകയുമൊക്കെ ചെയ്യുന്നു. താൻ കാണുകയും, പരിചയപ്പെടുകയും, സ്നേഹിക്കുകയും, അടുക്കുകയും, അകലുകയുമൊക്കെ ചെയ്യുന്ന വ്യക്തികൾ എഴുത്തുകാരന്റെ സൃഷ്ടിക്കുള്ള കരുക്കളായിത്തീരുന്നു. മേൽപ്പറഞ്ഞ തരത്തിൽ സമൂഹചേതനയുടെ തുടിപ്പുകൾ, എഴുത്തുകാരന്റെ ആത്മതന്ത്രിയിൽ അനുരണനമുണ്ടാക്കുമ്പോൾ സാഹിത്യ സൃഷ്ടി നടക്കുന്നു. ഇപ്പറഞ്ഞതുകൊണ്ട്, സമൂഹമില്ലെങ്കിൽ എഴുത്തോ എഴുത്തുകാരനോ ഇല്ലെന്നു വ്യക്തമാണല്ലോ. എന്നിട്ടും സമൂഹത്തോട് കടപ്പാടില്ലെന്നു പറയുന്നെങ്കിൽ അതും ആത്മവഞ്ചനതന്നെയാണ്. കുറഞ്ഞപക്ഷം, തങ്ങൾ എന്തു പടച്ചു വിട്ടാലും വില കൊടുത്തുവാങ്ങി വായിച്ച് റോയൽറ്റിയുണ്ടാക്കി കൊടുക്കുന്ന ആ ശുദ്ധാത്മാക്കളുടെ നേർക്കെങ്കിലും കടപ്പാടുണ്ടായിരിക്കേണ്ടതാണ്. അവർക്കു നന്മ ചെയ്തില്ലെങ്കിലും, അവരുടെ മനസ്സാക്ഷിയിൽ വിഷം കലർത്താതിരിക്കാനുള്ള ധാർമ്മികബോധമെങ്കിലും വേണ്ടതാണ്. 'ഞങ്ങൾക്കു തോന്നുന്നതു പോലെയൊക്കെ എഴുതും. ഇഷ്ടമുണ്ടെങ്കിൽ വാങ്ങി വായിച്ചാൽ മതി.' എന്നാണു പറയുന്നതെങ്കിൽ, അത് മനുഷ്യന്റെ, വായിക്കാനുള്ള ആഗ്രഹത്തിനു നേരെയുള്ള കൊഞ്ഞനം കാണിക്കലാണെന്നേ പറയാനുള്ളൂ.

ചോദ്യം:— കലയ്ക്കു ജീവിതത്തിൽ സവിശേഷ പ്രസക്തിയുണ്ടോ? ഉണ്ടെങ്കിൽ അതെങ്ങനെ?

ഉത്തരം:— മനുഷ്യജീവിതത്തോളം തന്നെ പഴക്കമുള്ളതാണ് കല. ഏറ്റവും പ്രാകൃതാവസ്ഥയിൽപോലും മനുഷ്യൻ കലാസൃഷ്ടി നടത്തിയിരുന്നുവെന്ന്, ഗുഹാഗവേഷണങ്ങളിൽനിന്നും മറ്റും നമുക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ടല്ലോ.

ഓരോ വ്യക്തിയിലും ഒന്നിലധികം കലകൾ ഒളിഞ്ഞുകിടപ്പുണ്ട്. ചിത്രകല

യും സംഗീതവുമാണ് അതിൽ പ്രധാനം. എന്തെങ്കിലും ആലോചിച്ചുകൊണ്ടോ, ആരോടെങ്കിലും സംസാരിച്ചുകൊണ്ടോ ഇരിക്കുന്നതിനിടക്ക്, വിരൽകൊണ്ടോ കയ്യിൽ കിട്ടിയ മറ്റെന്തെങ്കിലും കൊണ്ടോ നിലത്തോ, തൊട്ടരികിലുള്ള വല്ലതിന്മേലുമോ എന്തെങ്കിലും കുത്തിവരയ്ക്കാത്തവർ കാണുകയില്ല. അതുപോലെതന്നെ, ശ്രുതിയും താളവുമില്ലെങ്കിലും, അങ്ങനെയിരിക്കുമ്പോഴും വായിൽ വന്നതെന്തെങ്കിലും പാടിപ്പോകാത്തവരും കാണുകയില്ല.

പ്രാകൃതമനുഷ്യനും, അവൻ ജീവിച്ചിരുന്ന ഗുഹകളിൽ ചിത്രങ്ങൾ വരയ്ക്കുകയും ഉല്ലാസ സമയങ്ങളിൽ പാട്ടുപാടി നൃത്തം വയ്ക്കുകയും ചെയ്തിരുന്നല്ലോ. കലയില്ലാത്ത ജീവിതവും ജീവിതമില്ലാത്ത കലയും ഉണ്ടാകുകയില്ല.

ചോദ്യം: നാടകത്തിന്റെ പ്രസക്തിയെ കേരളത്തിൽ സിനിമ ചോദ്യം ചെയ്യുന്നുണ്ടോ?

ഉത്തരം:— കേരളത്തിലെന്നല്ല, ലോകത്തിലൊരിടത്തും അങ്ങനെ സംഭവിക്കുന്നില്ല. സിനിമയെന്നല്ല ഇപ്പോൾ ടെലിവിഷനും കൂടി ജനങ്ങളെ അത്യധികം ആകർഷിച്ചുകൊണ്ടിരിക്കുന്ന, വളർച്ച പ്രാപിച്ച രാജ്യങ്ങളിലെ തിയേറ്റർ പ്രസ്ഥാനങ്ങളുടെ കാര്യം നോക്കിയാൽ മതി. അവിടങ്ങളിൽ സംവത്സരങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കരുത്തുറ്റ നാടകസംഘങ്ങൾ ഇന്നും തളർച്ച കൂടാതെ മുന്നോട്ടുപോകുന്നു. മാത്രമല്ല വർഷംതോറും പുതിയ പുതിയ നാടകസംഘങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നമ്മുടെ ദരിദ്രമായ കേരളത്തിൽപ്പോലും ഗ്രൂപ്പുകൾ വർദ്ധിച്ചുവരികയാണ്. അത് നമ്മുടെ നാടകപ്രസ്ഥാനത്തെ വളർത്തുകയാണൊ തളർത്തുകയാണൊ ചെയ്യുന്നതെന്ന ചോദ്യം അവിടെ നിൽക്കട്ടെ. നാടകാസ്വാദകർ കുറയുകയല്ല കൂടുകയാണ് ചെയ്യുന്നതെന്ന് ഇതുകൊണ്ട് മനസ്സിലാക്കാം. സിനിമ നാടകത്തെ ബാധിച്ചിട്ടില്ലെന്നർത്ഥം.

ചില കാലഘട്ടങ്ങളുടെ പ്രത്യേകതകൾ മൂലം പല കലകളും നാമാവശേഷമായിപ്പോയിട്ടുണ്ട്. ഇനിയും അങ്ങനെ സംഭവിച്ചേക്കാം. പക്ഷേ ഒരു കാലമാധ്യമം മറ്റൊരു കാലമാധ്യമത്തെ വിഴുങ്ങിക്കളയുകയില്ല. □

# വിദ്യാർത്ഥികളോട്

യു. സി. കോളേജിലെ '75-ലെ ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ പി ജെ ആന്റണി വിദ്യാർത്ഥികളോട് ഇങ്ങനെ പറഞ്ഞു

''എല്ലാ കലകളും ഒരുതരം ജീവിത തപസ്യയാണ്. എന്നാൽ ഇന്നത്തെ പാഠ്യപദ്ധതി ഒരു കലാകാരന്റെ വളർച്ചക്ക് യോജിച്ചതല്ല. വ്യത്യസ്ത അഭിരുചികളുള്ള വ്യക്തികളെ അതാതു തുറകളിൽ സഹായിക്കുന്ന പാഠ്യപദ്ധതികളാണ് നമുക്കാവശ്യം.

വിദ്യാർത്ഥികൾ അവരുടെ കടമകൾ നിർവ്വഹിക്കണം. എന്നാൽ മാതാപിതാക്കളോ അദ്ധ്യാപകരോ പറയുന്നതുകൊണ്ടുമാത്രം ചെയ്യുന്നവയായിരിക്കരുത് അവ. അനുസരണയിലൂടെ ഒരു പ്രതിഭയും രൂപം കൊണ്ടിട്ടില്ല; ഒരു സമൂഹവും വളർന്നിട്ടുമില്ല. മൈക്കൽ ആഞ്ചലോയും ബുദ്ധനും തന്റെ മാതാപിതാക്കളുടെ ആഗ്രഹങ്ങൾ അനുസരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ ചരിത്രങ്ങളുടെ ഏടുകളിൽ ആ നാമങ്ങൾ ഒരിക്കലും അനുസ്മരിക്കപ്പെടുകയില്ലായിരുന്നു. ഇതുപോലെ നിഷേധിച്ചതുകൊണ്ടുമാത്രം മാനവസംസ്കാരത്തിന് ചിലതെല്ലാം സംഭാവന ചെയ്യുവാനുള്ള കെൽപ്പു നേടിയ എത്രയോ പ്രതിഭകൾ നമ്മുടെ മുമ്പിലുണ്ട്. ലക്ഷ്യബോധമുള്ള ഒരു തലമുറയായി നിങ്ങൾ വളരണം. നിർബ്ബന്ധപൂർവ്വമായ പ്രേരണകൾ നിങ്ങളുടെ ഭാവനയെ ഞെരുക്കിയമർത്താൻ ഇടവരുത്തരുത്.

യു. സി. കോളേജിൽനിന്നു് ഒരു ''ഭരത്'' എങ്കിലും ഉണ്ടാകാനിടവരട്ടെ എന്നാശംസിക്കുന്നു.''

# "ഞങ്ങൾ അസംതൃപ്തരാണ്"

[ബിരുദ, ബിരുദാനന്തര തലങ്ങളിൽ പഠിക്കുന്ന യു. സി. കോളേജിലെ വിദ്യാർത്ഥികൾക്കിടയിൽ കോളേജ് മാഗസിൻ കമ്മിററി ഒരു സർവ്വേ നടത്തുകയുണ്ടായി. ആ സർവ്വേയുടെ റിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്. ഇന്നത്തെ വിദ്യാർത്ഥികളുടെ അഭിലാഷങ്ങളും, ചിന്താഗതികളും, വൈജ്ഞാനിക നിലവാരവും, നിലവിലുള്ള സമ്പ്രദായങ്ങളോടുള്ള അവരുടെ സമീപന രീതിയും, തനതായ കാഴ്ചപ്പാടുകളും മററും വ്യക്തമാക്കുന്നുണ്ട്, ഈ സർവ്വേ റിപ്പോർട്ട്]

## സർവ്വേ റിപ്പോർട്ട്

ഇന്നു നാം പിൻതുടരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തോട് വിദ്യാർത്ഥികൾക്ക് കടുത്ത എതിർപ്പാണുള്ളത്. 88% വിദ്യാർത്ഥികളും നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തോട് പ്രതിഷേധം രേഖപ്പെടുത്തി. വിദ്യാഭ്യാസം അടിമുടി പരിഷ്കരിക്കണമെന്ന് തൊണ്ണൂററിരണ്ടു ശതമാനം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു. അവരാഗ്രഹിക്കുന്നത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണ്.

ഓരോ കോളേജും സ്വയംഭരണാധികാരമുള്ള (Autonomous) കോളേജ് ആക്കി മാററുന്നതിനോട് ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും യോജിപ്പില്ല. അതേപോലെ തന്നെ, പബ്ലിക് പരീക്ഷകൾ നടത്തുന്നതിനുള്ള അധികാരം അതാത് കോളേജുകൾക്ക വിട്ടുകൊടുക്കരുത് എന്നാണ് 75% കുട്ടികളും അഭിപ്രായപ്പെടുന്നത്.

ബോധനമാധ്യമം മാതൃഭാഷയിലാക്കുന്നതിനെ 65% വിദ്യാർത്ഥികളും എതിർത്തു. ഇംഗ്ലീഷ് മാധ്യമം തന്നെയാണ് അവരാഗ്രഹിക്കുന്നത്.

അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധത്തിൽ മാററം വരുത്തണമെന്ന് 80% വിദ്യാർത്ഥികളും ആഗ്രഹിക്കുന്നു. തങ്ങളുടെ വൈജ്ഞാനിക ദാഹ കുട്ടികളിൽ 55% പേർ അധ്യാപകരുടെ ത്തെ തൃപ്തിപ്പെടുത്താൻ അധ്യാപകരുടെ ക്ലാസ്സുകൾക്ക് കഴിയുന്നില്ലഎന്ന് എൺപത്തഞ്ചു ശതമാനം വിദ്യാർത്ഥികൾക്ക് പരാതിയുണ്ട്. പെൺ നിലവാരത്തിൽ സംതൃപ്തി രേഖപ്പെടുത്തുമ്പോൾ ആൺകുട്ടികളിൽ 37% മാത്രമേ അധ്യാപകരുടെ നിലവാരത്തിൽ തൃപ്തരാകുന്നുള്ളൂ.

വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നതിനെ ആൺകുട്ടികളിൽ 61%വും പെൺകുട്ടികളിൽ 44%വും അനുകൂലിക്കുന്നു. ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടി സമരം നടത്തുന്നതിനോട്

വിദ്യാർത്ഥികൾക്ക് യോജിപ്പുണ്ട്. 89% വിദ്യാർത്ഥികളും ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള സമരത്തെ അനുകൂലിച്ചു.

കോളേജ് യൂണിയൻ തിരഞ്ഞെടുപ്പുകൾ ഇന്നത്തെ രീതിയിൽ തുടരുന്നതിനോട് 85% പേരും അനുകൂലാഭിപ്രായം രേഖപ്പെടുത്തി. സർവ്വകലാശാലകളുടെ ഭരണത്തിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ പങ്കാളിത്തം വേണമെന്നാണ് 90% വിദ്യാർത്ഥികളുടേയും ആവശ്യം. ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടി വിഭിന്ന ആശയങ്ങൾ പുലർത്തുന്ന വിദ്യാർത്ഥി സംഘടനകൾ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് 89% വിദ്യാർത്ഥികൾ ആഗ്രഹിക്കുന്നു.

കലയ്ക്കും സാഹിത്യത്തിനും സമൂഹത്തോട് കടപ്പാടുണ്ടെന്നാണ് 93% വിദ്യാർത്ഥികളും അഭിപ്രായപ്പെടുന്നത്. വിദ്യാർത്ഥികളിൽ കലയോടും സാഹിത്യത്തോടും താല്പര്യമുള്ളവർ 90% ഉണ്ട്. പത്തു ശതമാനത്തിന് കലാ സാഹിത്യാദിവിഷയങ്ങളോട് വിശേഷിച്ചൊരു താല്പര്യവുമില്ല. തങ്ങളുടെ കലാവാസനകളെ പോഷിപ്പിക്കാൻ വേണ്ട സാഹചര്യം കലാലയത്തിൽ ലഭിക്കുന്നില്ലെന്ന് 63% വിദ്യാർത്ഥികൾ പരാതിപ്പെടുന്നു. കലയ്ക്കും സാഹിത്യത്തിനും ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൂടുതൽ സ്ഥാനം നൽകണമെന്നാണ് 91 ശതമാനം വിദ്യാർത്ഥികളുടേയും അഭിപ്രായം. ഭൂരിപക്ഷംപേരും 'അത്യാധുനിക സാഹിത്യ'ത്തെ അംഗീകരിക്കുന്നില്ല. അത്യാധുനിക സാഹിത്യത്തെ "പ്രോത്സാഹിപ്പിക്കരുത്" എന്നാണവരുടെ പക്ഷം. 60% വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട സാഹിത്യകാരനെക്കുറിച്ചോ സാഹിത്യകൃതിയെക്കുറിച്ചോ വിശേഷിച്ചൊരഭിപ്രായവുമില്ല. എം. മുകുന്ദനും, എം. ടി. വാസുദേവൻ നായർക്കും ആണ് ഏറ്റവും കൂടുതൽ ആരാധകരുള്ളത്. കെ. സുരേന്ദ്രൻ, ലളിതാംബിക അന്തർജ്ജനം, തകഴി, കാനം, മുട്ടത്തുവർക്കി ഇവർക്കും ആരാധകർ കുറവല്ല. വൈദേശിക സാഹിത്യകാരന്മാരിൽ ഷേക്സ്പിയർക്കാണ് വിദ്യാർത്ഥികളുടെ ഇടയിൽ ഇപ്പോഴും സ്വാധീനം.

ലക്ഷ്യബോധമുള്ളവരാണ് പുതിയ തലമുറ എന്ന് ഈ സർവ്വേ റിപ്പോർട്ട് വ്യക്തമാക്കി. 70% വിദ്യാർത്ഥികൾക്കും വ്യക്തമായ ജീവിതലക്ഷ്യമുണ്ട്. കൂട്ടത്തിൽ പറയട്ടെ, ശതമാനത്തിൽ അല്പസ്വല്പം ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും, പെൺകുട്ടികളും ആൺകുട്ടികളും സമാനചിന്താഗതിക്കാരാണ്, എല്ലാ കാര്യത്തിലും.

40% വിദ്യാർത്ഥികളെ സിനിമ കാര്യമായി സ്വാധീനിക്കുന്നുണ്ട്. സിനിമയിൽ ലൈംഗികത ആവശ്യമില്ലെന്നാണ് 78% വിദ്യാർത്ഥികൾ പറയുന്നത്. സിനിമയെ കമേഴ്സ്യൽ ഫിലിമെന്നും ആർട്ട്ഫിലിമെന്നും തരംതിരിക്കുന്നതിൽ 50% വിദ്യാർത്ഥികൾക്ക് യോജിപ്പുണ്ട്. ആൺകുട്ടികളിൽ 77ശതമാനവും പെൺകുട്ടികളിൽ 56ശതമാനവും ആർട്ട്ഫിലിമുകളാണ് ഇഷ്ടപ്പെടുന്നത്. വിദ്യാർത്ഥികളിൽ 82% ആർട്ട്ഫിലിമുകൾ വളർന്നു കാണാൻ ആഗ്രഹിക്കുന്നു. സാമൂഹ്യപുരോഗതിയിൽ സിനിമക്ക് പങ്കുണ്ടെന്ന് 86% പേരും അഭിപ്രായപ്പെടുന്നു.

65% വിദ്യാർത്ഥികൾക്ക് സ്പോർട്ട്സിൽ താല്പര്യമുണ്ട്. കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ലെന്ന് 56% വിദ്യാർത്ഥികൾ പരാതിപ്പെടുന്നു.

ഇന്ത്യയുടെ ഇന്നത്തെ ഭരണത്തിൽ 20% പേർ മാത്രമേ സംതൃപ്തി രേഖപ്പെടുത്തുന്നുള്ളു. 75% പേരും ഇന്ത്യയിലെ ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് വ്യാകുലരാണ്. 49% വിദ്യാർത്ഥികൾ ഭാരതം പിൻതുടരുന്ന ചേരിചേരാനയം മാറേണ്ടതുണ്ട് എന്ന അഭിപ്രായക്കാരാണ്.

ഇന്നത്തെ സംവരണസമ്പ്രദായത്തോട് ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും യോജിപ്പില്ല. പെൺകുട്ടികളിൽ 65% പേരും ആൺകുട്ടികളിൽ 50% പേരും മതത്തിൽ വിശ്വസിക്കുന്നു. മിശ്രവിവാഹത്തിന് ആൺകുട്ടികളിൽ 85% പേരും പെൺകുട്ടികളിൽ 60% പേരും അനുകൂലമാണ്.

കലാലയം തങ്ങളുടെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നുണ്ട് എന്നാണ് എഴുപതു ശതമാനം വിദ്യാർത്ഥികളും കരുതുന്നത്. □

# college union



*chairman*
**p a davis**



*general secretary*
**joseph augustine**



*chief editor*
**m s abdul razak**



*arts club secretary*
**alosious varghese**



*vice chairman*
**annie jacob**



*university union councillor*
**t kuruvila john**



*women's representative*
**remla p a**



*m.a.; m sc. previous rep:*
**prasad kumar**



*2nd d. c. rep:*
**somatmajan a g**



*2nd p d.c. rep:*
**jacob c mathew**



*s.s. league secretary*
**jayaraj**



*chemistry association secretary*
**ranjith n s**
(captain-college volley-ball team)



*botany association secretary*
**gopinathan c g**



*physics association secretary*
**johnkutty a j**



*women's representative*
**olga m george**

# college union

## inaguration



prof: s k vasanthan



principal dr o m mathen



chev: k c chacko

## college day



chief minister
p k vasudevan nair



c p sreedharan

## university union festival winners


thomas manjalil
first prize in hindi eloquation


2nd prize in mimicri
muhammad abdul rahiman


Ist prize in string western
sebastian t. t.


raghu p. r.
IInd prize in malayalam essay writing


Ist prize in string - eastern
pious k. v.

### college arts festival


Ist prize in instremental music
jaison varghese

## actors of the best college drama



**haridas a c**



**viju s george**
(best actor)



**vinod**



**p r ravi**
(best actor - arts kerala)



**t s rajeev**



**mohammed iqubal**



**lakshmi d n**
(best female voice)



ഓർമ്മയുടെ ആഴങ്ങളിൽ നിന്ന് കറകിയെത്തും വേദനയോടെ.........

രാമുകാര്യാട്ട്! മലയാള സിനിമയെ ഇന്ത്യൻ സിനിമയുമായി ബന്ധിപ്പിച്ച ബഹുമുഖപ്രതിഭയുള്ള, വ്യക്തിമുദ്ര പതിപ്പിച്ച കലാകാരൻ! എഴുപത്തിയൊമ്പതു് ഫെബ്രുവരിയിൽ രാമു മരിച്ചു........ ഇന്നലെ, നീലക്കുയിലിന്റെ നിതാന്തസംഗീതം ശ്രവിച്ച് നാം ഒരുനിമിഷം തരിച്ചിരുന്നു. അതൊരു തുടക്കം മാത്രം. പ്രകൃതിയും മനുഷ്യ ജീവിതവും തമ്മിലുള്ള അതിർത്തിരേഖ മാച്ചുകളയാനുള്ള ശ്രമമായിരുന്നു തുടർന്ന് രാമുവിന്റേതു്.

......... പാടിയിരുന്ന ഗാനത്തിന്റെ ഈരടികൾ നഷ്ടപ്പെട്ട, വേദനയോടെ അമ്മുവിന്റെ ആട്ടിൻകുട്ടി കരഞ്ഞുകൊണ്ടേയിരിക്കുന്നു..............

# PRINCIPAL'S REPORT

I am presenting a brief report of the activities of the college during the year 1978—'79.

**Results :**

| | | Percentage | 1st class | 2nd class | 3rd clsss |
|---|---|---|---|---|---|
| **Pre- Degree** | Group I | 63% | 19 | 21 | 16 |
| | Group II | 57% | 21 | 12 | 12 |
| | Group III | 44% | ... | 7 | 29 |
| **Final year B. A.** | | | | | |
| | Psychology | 92% | 5 | 13 | 6 |
| | English | 26% | ... | 2 | 5 |
| | History | 89% | ... | 3 | 22 |
| | Economics | 85% | 1 | 10 | 34 |
| | Malayalam | 100% | ... | 5 | 5 |
| **Final year B. Sc.** | | | | | |
| | Mathematics | 44% | 6 | 3 | 3 |
| | Physics | 58% | 11 | 6 | 4 |
| | Chemistry | 84% | 30 | 6 | 2 |
| | Botany | 91% | 11 | 5 | 4 |
| **Final year M. A.** | | | | | |
| | History | 92% | 3 | 7 | 1 |
| | English | 82% | 1 | 5 | 3 |
| **Final year M. Sc.** | | | | | |
| | Mathematics | 67% | 2 | ... | 2 |
| | Physics | 80% | 3 | 5 | ... |
| | Botany | 100% | 5 | 2 | ... |

**Strength:** Total number of students as on 9th December 1978 is 1619 (898 men and 721 women students).

**Scholarships:** 72 students are receiving Merit Scholarships or Loan Scholarships. 359 students are awarded fee concession from the Harijan Welfare Department and 27 students have been enjoying students' aid fund during the year 1977—78.

**New Courses:** The College applied for permission to start M Sc. Course in Chemistry and B. Sc. Course in Zoology. But due to certain technical reasons the University did not give permission to start the above courses.

**College Union Elections:** The College Union Elections were held on 27th October 1978. It was very peaceful. The Chairman Mr. P. A. Davis, the General Secretary Mr Joseph Augustine, the Arts Club Secretary Mr Alosious Varghese and other members of the College Union Committee are to be congratulated for the various activities that were all useful to the students.

**Basket Ball Tournament:** The Basket Ball Tournament for the Manorama, Sathynathan and Dr P. M. Cherian Trophies were successfully conducted in the last week of September and the first week of October 1978.

**Founders' Day Address:** The Founders' Day Address was delivered by Prof: Samuel Mathai on 17th November 1978.

**Old Students' Day:** The Old Students' Day was celebrated on 18th November 1978. Former Chief Minister Mr. C Achutha Menon, Mr. Karunakaran Nambiar, Dr M. Leelavathy and Mr. Babu Paul were the Chief Speakers on the occasion. The Old Students' Day Celebration was a rewarding one because several old students and friends attended the function and expressed their loyalty and concern for the College.

**Arts competitions:** The College Uuion conducted an inter-collegiate competition in arts on 30th and 31st of January 1979. Several colleges took part in the competitions. There was a separate art competition for the students of the college. I congratulate the Arts Club Secretary and the Convener of the Inter-Collegiate Arts Competitions on the successful conduct of the Arts Festivals. Let me also express my appreciation for the Service rendered by the staff members and the students in the various activities of the College.

**Annual sports meet:** The annual sports meet was successfully conducted on 15th and 16th February 1979. I congratulate all the winners especially the college champions on their fine performance.

**National service scheme:** The N. S. S. of the college is giving valuable service to the community. I am glad to report that our unit was adjudged as the best in the University during the year 1977-78. I take this opportunity to express my appreciation for the achievements of the N. S. S. of our college.

**N. C. C. unit of the college:** The N. C. C. unit of this college is functioning very well. I am very happy to state that Mr Ajithkumar P. C. was selected as the best cadet of our state

**Achievements of students:** The college got the third place in the University Ar s Competition held at Kottayam and the second place in the Drama Competition held at Ernakulam by the Kerala Univesity Union. Our women students got the first place in the Inter-collegiate Tennis Tournament held at Trivandrum. I congratulate the winners of the above competitions and tournaments.

**Mr. M. G. Chandrachooden:** I have very great pleasure to report that Mr. M. G. Chandrachooden of this college was elected as the Chairman of the Kerala University Union. He is the first student of this college who is elivated to this distinction. I wish him all the best in fulfilling his responsibilities as the Chairman of the Kerala University Union.

Before I conclude this brief rep rt let me present before you some of the pressing needs of the college. We need an auditorium. and a few more class rooms. Our library building is very inadequate and it needs on extension. In 1982 the college is going to celebrate its 6th year and I hope that atleast some of the above needs will be met by that time.

I conclude this report thanking God Almightly for all the blessings, showered on the college in the past 58 years of its existence.

**Dr. O. M. Mathen**

**Alwaye** — **Principal**

**6-3-1979** — **Union Christian College**

# College Union Report 1978-'79

It gives me great pleasure to present a brief record of the year's happening.

Out of keenly contested election, held on 27th october 1978 the following students emerged as the office-bearers of the collge union for the year 1978-79.

| | |
|---|---|
| *Davis P. A.* | *Chairman* |
| *Anne Jacob T. J.* | *Vice Chairman* |
| *Joseph Augustine* | *General Secretary* |
| *Kuruvila John T.*, *M. G. Chandrachooden* | *University Union Councillors* |
| *Abdul Razak M. S.* | *Chief Student Editor* |
| *Alosius Varghese* | *ArtsClubSecretary* |
| *Sabu M. Jacob* | *I P. D. C. Rep:* |
| *Jacob C. Mathew* | *II P. D. C. Rep:* |
| *Rajeev S. P.* | *I D. C. Rep:* |
| *Somathmajan A. G.* | *II D. C. Rep:* |
| *Rajan B.* | *III D. C Rep:* |
| *C. Prasadkumar* | *I M. A, M. Sc. Rep:* |
| *Vikramadas V. P.* | *II M. A., M. Sc. Rep:* |
| *Ramla P. A* & *Olga M. George* | *Women's Rep:* |

Raphel E. D.- General Captain Chachochen V. V. - Cine Club Secretary, C. Jayaraj S. S. Leage Secretary and Wilson Mathew were nominated to the executive.

On 20th November 1978, Prof: K. C. Chacko, former pro-vice-chancellor of cochin University formally inagurated the activities of the college union. Prof S. K. Vasanthan of Sree Sankara college, Kalady addressed the students. Colourful entertainments made the function lively.

The Association activities during the year were chiefly academic in nature and consisted of seminars, discussions, surveys and lectures by eminent scholars of the relevant disciplines.

A panel discussion held on 18th January 1979 on the topic "ഇന്ത്യൻ രാഷ്ട്രീയം എങ്ങോട്ട്? " was a novel feature. Sri. P. J Joseph M.L.A (former Home Minister of Kerala), Sri. A. C. Jose (former mayor of Cochin) and Sri C. Sudhakaran (K.S.Y.F.) presented their speculatinos on the future of Indian politics.

An inter-collegiate Arts Festival on January 30th and 31st added spice to the activities of the College Union. Maharaja's College, Ernakulam lifted the trophy, while St. Xavier's College, Alwaye followed close at heels.

The renowned paychiatrist, Dr. P. M. Mathew addressed the

students on 24—11—1978. His presentation on the problems of teen-agers was widely appreciated.

The College Union organised meetings to congratulate the students who won laurels in different spheres. The Tennis Team (women) which won the Davis Cup doubles and the inter-collegiate Tennis Championship was felicitated on 6th December 1978 and our Dramatics Team that came second in the University Drama Festival was congratulated on 22nd January 1979.

It is a matter of pride for the College that our Councillor Sri. M G. Chandrachoodan has been elevated to the seat of the Chairman of the Kerala University Union. Students and teachers met on January 2nd to compliments Sri Chandrachoodan on the honour cornered by him, and through him, by the College.

Sri. Jose Sebastine, a distinguished artist and recipient of Kerala Lalitha Kala Academy Award, declared open the activities of the Arts Club. Sri P Govinda Pillai, Chief Editor of Desabhimani, presided over the function held on 8—1—1979. Sri. Antony Isaac of St Paul's College, Kalamassery spoke on the occasion.

In the University Youth Festival, our students turned out a brilliant performance, and with 24 points to their credit, secured the third place.

As referred to earlier, success came our way in the University Drama Festival, as well. A sterling performance by our Drama Troupe projected our entry, 'Perunthachan' to the second place.

Through yet another commendable performance, we bagged 41 points in the Arts Kerala Festival at Irinjalakuda.

An Art Exhibition held on 14th and 15th February offered to us a glimpse of the enchanting vista of colour, light and shade.

The College Arts Festival on the 27th and 28th of February was another competitive display of the artistic potential in the campus

The evening of March Ist was a musical evening. The collective effort of the Arts Club and the Magazine committee bore fruit as 'Drums of Destiny' fascinated and often stunned the audience with a masterly display of musical harmony.

Our activities for the present academic year are grinding to a halt. I conclude recording the gratitude of the College Union to all who have co-operated with us and helped to make this eventful year a happy one.

Joseph Augustine

General Secretary

U. C. College,

3—3—1979.

# ARTS CLUB REPORT

I have great pleasure in presenting a brief report on the activities of the Arts-Club during the year 78-79. I have done my best with in the limits of my ability to discharge my duties in keeping with the expectations all who reposed faith in my person.

First, a 13 member committee was formed under the Chairman ship of Mr. N. C. Chacko to direct the activities of the club. Mr. Sebastian Joseph, an award winner of the Lalita Kala Academy, formally inagurated the functioning of the Arts club. On the occasion, Sri. P. Govinda pillai, the Chief Editor of Desabhimani, presided.

I may proudly record that our college has won Second Prise in the Drama competition held under the auspices of the Kerala University. Besides, our college has got a distinctive position in the Youth Festval of the University. We have presinted a remarkable performance in the *"Arts Kerala"* held at Iringalakuda. If the college is more liberal in its encouragement we can expect much more from our artists.

In order to raise fund for the Arts club we conducted a musical fete. Though it was not financially a success, we could at least present a good entertainment before our Students. With a view to encouraging our artists, an exhibition in art of painting was organised under the auspices of the Arts club.

Before concluding this report I take this opportunity to thank our Principal and Sri. N. C. Chacko, the Arts club president, for their sincere co-operation in the suceessful working of the club. On the name of the Arts club I also express my gratitude to all the teachers and the Students who inspired us to work confidently.

Aiosius

Secretary.

# Tomorrow there will be more of them.........

Little urchins raom the streets with pattering feet and pawing hands - staining the nice clean windows of the so called rich with their warm envious breath.

Tomorrow there will be more of them - passing on the pain of their fathers, spreading squalor and ignorance all the way.

And then of course you have the so called educated of the land ......... going to college with their terylene shirts and faces powered pale - stiff with allthe intolerance of the ages - betraying our origins with their howls and catcalls ............ The average householder grimaces and wonders what today's youth is coming to .........

But - "You spawned them, respected cornerstones of society, you made them dry and brittle with the coldness of your own ignorance".

Our double standards and phony respectability makes us what we are.

And again, consider the lecturer, the "wise men of the land", made of second - hand opinions - without the courage of conviction that comes from intelligent doubt - without question a more domesticised version of the misguided student. They know it all, pale harridance of learning, infecting the others with the rot of their material - repelling, confusing, and condemning generations to the mediocrity that is ours.

As I see it, we are all sick, and the horror of it all is that we don't know it - we get up every morning, eat our pootu and pazham or whatever, belch dutifully and proceed, cowlike, into the repititions of another day.

We marry on the basis of sexual or other attraction or worse still for convenience and money. A few years of uninspiring sex and we present ourselves with a few children whom we in turn impregnate with our own disillusionment - we then fatten them up (leaving them with impoverished minds) and then turn them loose into the slaughter house that we call life.

PRAVIN J. PHILIP

# rain

Here comes the rain in cats and dogs
And the town is running helter skelter
The sun has just slipped into its shell
And the clouds coat the sky - black and
blue.

It turns dark but the rain doesn't cease
It rains from dusk to dawn.

The town awakes on a calm note
But with curses from the old man
from the school - boy
and the employee.

The leavings of a rainy day.

JEEMON JOSEPH

# when the spring comes...

When the spring comes.
With fresh beauty and fragrance
The sunny days sparkle, the dreamy
nights twinkle.
And the blessed heart whisphers,
"This is ecstasy".

The beauty smiles, the music flows,
The dormant dreams awake
When caught up in the heaven of
fragrance
The sweet memories regained.

Now, no time for worries and for pains
Think least of the realities tough;
Once again the hopes are rekindled,
And the tears disappear, the smiles
blossom.

S. JAYALAKSHMI

# life is a fraud; beware of it!

J. Muralidharan Nair

In this universe of infinite dimension, because of a fantastic accident so many galaxies were formade Galaxy is a collection of thousands and thousands of stars Because of such an accident the Milky way galaxy in which our sun is a member is formed while orbiting round the sun numerous planets were originated. Accidently, our earth was formed. In the earth-which is nothing but, only an accidental concentration of energy-so many chemical elements were formed. These elements combined to form many chemical compounds. These compounds combined in a peculiar way to form the first "Bio cell" of all the incidents that happened in the earth the birth of the first "Bio cell" holds a unique significance After so many stages of organic evolution, modern man evolved from the tiny cell

When did life emerge on earth? Different science have helped to find the answer. Physicists for instance, have found that my measuring the first and last terms of the radioactive series of uranium, actino - uranium and thorium and the amount of helium present in minerals and rocks, one can make a fairly accurate estimate of the age of geological deposits; using this method geologists have established not only how old the earth's crust is. (almost 4,000 million years) but also the duration of individual geological epochs. [Geologic time is divided into give eras (Palaeozoic, Mesozoic etc) each of which is divided into several periods (Cambrian, Ordovian etc). The periods are such divided into epochs] By examining the various layers of the crust, geologists and palaeontologists have found that no life not even the simplest, existed before 3,000 million years.

Microbiological research has shown that microorganisms which are the oldest living things on earth are incapable of sensation. They posses only irritability. The study of fossilised animals (palaeontology) shows that over hundreds millions of years animals gradually become more complex until, in the Tertiary period (from sixty nine million to one million years ago), mammals appeared, including the higher animals capable not only of sensation but also of perception and conception. An analysis of the products of radioactive decay found in the layers of the earth's onest, which contain the fossilised bones of the hominids, man's immediate ancestors, atlests that man's separation from the animals took place from five to one million years ago.

